
പത്രാധിപർ: ടി. കെ. നാരായണക്കുറുപ്പ്.

34.2.
12.12
16.6

കേരളം



K. JACOB THOMAS MEMORIAL SAHRUDAYA LIBRARY
MANNARGHAT

1949 1124

മാനേജിംഗ് എഡിറ്റർ: കലവാ കൃഷ്ണൻനായർ B. A.

വിഷയവിവരം

ഗാന്ധിജിയും ടാഗോറും —

ശ്രീ: പി. കെ. പരമേശ്വരൻനായർ ബി. എ

മഹാത്മജിയുടെ മരണം —

ഡാക്ടർ പി. കെ. നാരായണപിള്ള
എം. എ.; എം. എ. പിഎച്ച്. ഡി.

ക്രൂടിക്കാഴ്ച്ച (കവിത) —

ശ്രീ: പഴവാ നാരായണൻനായർ

നരിയോ നാരിയോ ? —

ശ്രീ: ആതിച്ചനല്ലൂർ എൻ. കേശവപിള്ള
ബി. എ. എൽ. റ്റി.

കമ്മ്യൂണിസം —

ശ്രീ: എം. ആർ. മാധവവാര്യർ
ബി. എ. എൽഎൽ. ബി.

ടാഗോറിന്റെ ചിത്രകല —

ശ്രീ: കെ. പി. പദ്മനാഭൻതമ്പി ബി. എ.

കേരളത്തെ സ്മരിച്ചിരിക്കുന്ന പ്രാചീന
സാഹിത്യങ്ങൾ —

ശ്രീ: വടക്കുംകൂർ രാജരാജവർമ്മരാജാ

ആ ആറടിമണ്ണ്

ശ്രീ: നാഗവള്ളിൽ ആർ. എസ്. കുറുപ്പ്

ഗാന്ധിജിയുടെ മതലേഖനം —

ശ്രീ: സി. കെ. രാമൻനായർ ബി. എ.

നിൽപ്പവൽ ചലിക്കട്ടെ (കവിത) —

ശ്രീ: ഒ. എൻ. വി. കുറുപ്പ്

ഭാവിയുടെ ജീവിതഭാവി —

ശ്രീ: ഇ. ഈപ്പിത്തോപ്പനാശാൻ ബി. എ.

വീരപൂജ (കവിത) —

ശ്രീ ശ്രീനിവാസൻ.

പൂർണ്ണചന്ദ്രൻ (കവിത) —

ശ്രീ: കോന്നിയൂർ

ഗ്രന്ഥവിധി —

മുഖചിത്രം — (ലേഖനത്തിന്റെ അവസാനത്തിൽ
കൊടുത്തിരിക്കുന്ന കവിതാ
ശകലത്തിനു ഗ്രാഡിപരുടേതാണ്)

സിനിമാ മാസിക

കേരളത്തിലെ ഏറ്റവും മികച്ച സിനിമാ പ്രസിദ്ധീകരണം

കള്ളൂർ ചിത്രങ്ങളോടുകൂടിയ കവർപേജുകൾ, മറ്റനവധി ചിത്രങ്ങൾ, സിനിമാതാരങ്ങളുടെ ജീവചരിത്രങ്ങൾ, അഭിമുഖസംഭാഷണങ്ങൾ, സിനിമാ വിഷയകമായ പ്രൗഢലേഖനങ്ങൾ, ഓരോ നാളുകാരുടേയും അതതുമാസത്തെ അനുഭവങ്ങളടങ്ങിയ ജ്യോതിഷവീഥി, പൗരസികൻ ചെറുകഥകൾ, സിനിമാ സംബന്ധമായി രസകരങ്ങളായ ഇതരവാർത്തകൾ, സംശയനിവാരണത്തി നുള്ള ചോദ്യോത്തരപംക്തി എന്നിവകളാൽ സമലംകൃതവും ഹൃദയാവർജ്ജകവു മായ ഒരുമൂല്യ ചലച്ചിത്രപ്രസിദ്ധീകരണം. വരിസംഖ്യ എപ്പോഴും മുൻക്രൂർ.

ഒരുകൊല്ലത്തേക്ക് ബ്രി. രൂ. 6. ഒറ്റപ്രതിക്ക് വില ണ. 8.

ഏജൻറന്മാരില്ലാത്ത സ്ഥലങ്ങളിൽ ഏജൻസി നൽകുന്നതാണ്. ആകർഷ ണീയമായ കമ്മിഷൻ. പരസ്യംകൊണ്ടു പ്രയോജനം ലഭിക്കുന്നതിനു സിനിമാ മാസി കയിൽ പരസ്യംചെയ്യുക.

കൂടുതൽ വിവരങ്ങൾക്കു:— മാനേജർ,

സിനിമാമാസിക,

കോട്ടയം—തിരുവിതാംകൂർ.

വിനോദം

ഒന്നാന്തരം ഫലിതമാസിക

തിരുവനന്തപുരം

ചിരിച്ചു തലതല്ലുന്ന ഹാസ്യഭാവനകൾ, ഹൃദയാകർഷകങ്ങളായ ഫലിതകവന ങ്ങൾ, വിവിധ രഹസ്യഭേദികളായ ചെറുകഥകൾ, ആധുനിക രാഷ്ട്രീയവിമർ ശനങ്ങൾ ഇത്യാദികൾ വായിക്കുവാൻ ആഗ്രഹമുള്ളവർ "വിനോദം"വരുത്തുവിൻ! പരസ്യക്കാർക്ക് ഏറ്റവും മിതമായ നിരക്കിൽ കൂടുതൽ പ്രചാരംസിദ്ധിക്കുന്നതിനു

"വിനോദ"ത്തിൽ പരസ്യംചെയ്യുക

സ്റ്റേറൊട്ടുക്ക് ജോലിചെയ്യുന്നതിനു 350 രൂപാ ഡിപ്പാസിറ്റുവെച്ച് സേവനമനുഷ്ഠിക്കുന്നതിനു സമർത്ഥനും വിശ്വാസ്യനും വാചാലനുമായ ഒരു ഓർഗനൈസറെ ആവശ്യമുണ്ട്.

അപേക്ഷിക്കുക:— മാനേജർ,

വിനോദം, തിരുവനന്തപുരം.

TO VISITORS TO TRIVANDRUM

Swaraj Lodge

Near the Railway Station & Bus Stand
Is the most confortable
centrally situated

REST HOUSE

Single, double & family rooms
with Sanitary arrangements
(in up-stairs itself)

P. G Sreedharan Nair,
Proprietor
Swaraj Lodge,
Thampancor, Trivandrum.

ശ്രീധന്വന്തരിമാം
വൈദ്യശാല

പത്മൻ ചന്ത,
തിരുവനന്തപുരം

101 ആവർത്തിച്ചക്ഷീരബലാതൈലം, കസ്തൂർഭ്യാദി ഗുളിക, ഭൃംഗരാജാരിഷ്ടം, മാനസമിത്രം മുതലായ ഔഷധങ്ങളും വി. പി. ആയും അയയ്ക്കപ്പെടും.
കൃാറ്റലോഗിനു 2 അണ സ്റ്റാമ്പു സഹിതം ആവശ്യപ്പെടുക.

മാനേജർ.

ആനന്ദമന്ദിരം &
എസ്സ്. എൻ വി
ബ്രാഹ്മിൻസ്
ഹോട്ടൽ
&
റെസ്റ്റോറൻറ്, കോട്ടയം.

രുചികരമായ ഭക്ഷണം! ആനന്ദപ്രദമായ താമസസൗകര്യങ്ങൾ!!
ഓർഡർ അനുസരിച്ചു തിരുവിതാംകൂറിൽ ഏതുഭാഗത്തും പരിശുദ്ധരീതിയിലുള്ള റിഫ്രഷ്മെൻറുകൾ നടത്തിക്കൊടുക്കുന്നതാണ്.

പ്രൊപ്രൈറർ,
ആനന്ദമന്ദിരം
എൻ ഗോപാലപിള്ള,
കോട്ടയം.

കമലാ
സോപ്പുകൾ
വാഷിംഗ് & ടോയിലറ്റ്

ശാസ്ത്രീയമായി നിർമ്മിച്ച് ഏറ്റവും ചുരുങ്ങിയ വിലയ്ക്കു വിതരണംചെയ്തുവരുന്നു.

നിർമ്മാതാക്കൾ:-
സഹകരണ സെൻട്രൽ
സ്റ്റോർ സോപ്പ് വർക്സ്,
പുത്തിയിൽബിൽഡിംഗ്സ്,
ഹരിപ്പാട്.

സബ് ഏജൻറന്മാരെ ആവശ്യമുണ്ട്.

വിവരങ്ങൾക്ക് എഴുതുക:-
സെക്രട്ടറി,
സെൻട്രൽ കോവാപ്പറേറ്റീവ്
സൊസൈറ്റി No. 2413, ഹരിപ്പാട്.

കുമരകം ബ്രദേഴ്സ്
ആയുർവൈദ്യശാല

പുത്തൻചന്ത, തിരുവനന്തപുരം.

ശാസ്ത്രനിയമം നിഷ്കർഷാപൂർവം ആദരിച്ചും പൊതുജനനന്മയെ പ്രധാനലക്ഷ്യമാക്കിയും സംസ്കരിച്ചിട്ടുള്ള അരിഷ്ടങ്ങളും, ആസവങ്ങളും, ചൂർണ്ണങ്ങളും, ഗുളികകളും, ഘൃതങ്ങളും, എണ്ണകളും, കഷായങ്ങളും, രസായനങ്ങളും മുതലായ ഔഷധങ്ങളും എല്ലായ്പോഴും തയ്യാറുണ്ട്. വിദൂരസ്ഥരായ രോഗികൾ കത്തുമൂലം രോഗവിവരം അറിയിച്ചാൽ ചികിത്സ നിശ്ചയിച്ചു ഔഷധങ്ങൾ അയച്ചുകൊടുക്കുന്നതാണ്. പൂർണ്ണവിവരങ്ങൾക്കെഴുതുക.

ലിവറീൻ (Liverine)—വയറ്റിലുണ്ടാകുന്ന (Enlargement of Liver & Spleen) എന്ന സാധാരണ പറഞ്ഞുവരുന്നതും കുട്ടികൾക്കുണ്ടാകുന്നതുമായ ഉദരരോഗം, വയറ്റിൽ ഉണ്ടാകുന്ന പലതരം ക്രിമികൾ, കൃമി, വയറുനോവ്, രാപ്പനി, ഛർദ്ദി. ചുമ, ശ്വാസംമുട്ടൽ, ശരീരത്തിന്റെ ബലക്കുറവ്, വിളർച്ച, നീര് മുതലായി കുട്ടികളെ പീഡിപ്പിക്കുന്ന രോഗങ്ങൾ ശമിപ്പിക്കും.

ആഹാരം കഴിച്ചാലുടൻ വയറിളകിയും കൈകാലുകൾ ശോഷിച്ചും, നെഞ്ച് കൂട്ടുകെട്ടിയും വയറുവീർത്തും കാണുന്ന ബാലരോഗത്തിനും ലിവറീൻ സിദ്ധൗഷധമാകുന്നു. അനേകം വൈദ്യന്മാരും ഡാക്ടർമാരും അവരുടെ രോഗികൾക്ക് ഇതു ഉപയോഗിച്ചുവരുന്നു.

വിവരങ്ങൾക്കെഴുതുക:- മാനേജർ.

ROYAL COFFEE WORKS,

Kalarickal Bazaar,
Kottayam, Travancore.

ഞങ്ങളുടെ ഫ്യാക്ടറിയും പരിശുദ്ധമായ കാപ്പിപ്പൊടിക്കു് ഉടൻ ആവശ്യപ്പെടുക. പ്രധാനപട്ടണങ്ങളിൽ ഏജൻറന്മാരെ ആവശ്യമുണ്ട്. കൂടുതൽ വിവരങ്ങൾക്കെഴുതുക:

പ്രൊപ്രൈറർ,
മാത്യു തോമസ്സ്.

പി.മാധൻതമ്പി

വെങ്കലപാത്രവ്യാപാരം,

ചാല, തിരുവനന്തപുരം.

ഉത്തരവാദിത്വത്തോടുകൂടിയ സകലവിധ വെങ്കലപാത്രങ്ങളും മിതമായ വിലയ്ക്കു് എപ്പോഴും കിട്ടുന്നതാണ്.

നവീനരീതിയിലുള്ളതും വീട്ടാവശ്യങ്ങൾക്കു് ഒഴിച്ചുകൂടാൻപാടില്ലാത്തതുമായ സകലവിധ പാത്രങ്ങളുടേയും പുതിയ സ്റ്റോക്ക് വന്നുചേർന്നിരിക്കുന്നു. ഉടൻ സന്ദർശിക്കുവിൻ.

മാനേജർ.

— കൊല്ലത്തു വരുമ്പോൾ സന്ദർശിക്കേണ്ടതു് —

ഹോട്ടൽ ഡിഓറിയൻറൽ റസ്റ്റാറൻറു്

ശ്രീ അന്നപൂർണ്ണേശ്വരി ബാർ

ഹോട്ടൽ ഡി കേരളാ

കുചേലനും കുബേരനും സർവ്വവിധങ്ങളിലുമുള്ള സുഖഭോജനവും താമസസൌകര്യങ്ങളും.

The Padma Bank Prop: **K. P. P. Pillai.**

National Industrial Co;

Near Ananda Mandiram Hotel,

Kottayam, Travancore.

റബ്ബർമുദ്രകൾ, പിത്തളസീലുകൾ, ആഫീസുമുദ്രകൾ, ബ്രോക്കുകൾ മുതലായവ ഭംഗിയായി ചുരുങ്ങിയചാർജ്ജിൽ ചെയ്തുകൊടുക്കപ്പെടും. കൂടുതൽവിവരങ്ങൾക്കെഴുതുക.

Prop: **G. M. Nair.**

സെൻറ് ജോസഫ്

ടൈൽവർക്ക്സ് ലിമിറ്റഡ് പാലാ.

ഫാക്ടറി—പൂന്നത്തറ, ഏറ്റുമാനൂർ.

ഈ കമ്പനിയുടെവക പൂന്നത്തറയിലുള്ള ഫാക്ടറിയിൽ വിദഗ്ദ്ധമേൽനോട്ടത്തിലും നവീനയന്ത്രോപകരണങ്ങളുടെ സഹായത്താലും നിർമ്മിക്കുന്ന

"ഏറോപ്ലയിൻ' മാർക്ക് ഓട്ടുകാൽ

വാങ്ങി ഉപയോഗിപ്പിൻ!

പൊതുസ്ഥാപനങ്ങൾക്കു് ആകർഷണീയമായ കമ്മിഷൻ കൊടുക്കപ്പെടും.

കൂടുതൽ വിവരങ്ങൾക്കു് എഴുതുക.

മാനേജർ.

At your Service always:-
Your favourite resort for refreshing and delicious
COOL DRINKS, ICE CREAM, FRUIT SALAD & CONFECTIONERY.
THE CROWN BAKERY, QUILON.
CATERING is our special field - We have been unrivalled in the line for the last 35 years and more.
Prop:— P. N. RAGHAVAN.

MODERN CAFE, QUILON.
സെയ്കയ്പ്പ്രദമായ താമസസൗകര്യങ്ങളും, വിദഗ്ധരായ പാചകക്കാരാൽ തയ്യാറാക്കപ്പെടുന്ന ഭക്ഷണസാധനങ്ങളും!
മിതമായ നിരക്കുകൾ.
മേൽഡേൺ ക്രംഡ്രിംഗ് സിൽനിന്നും എല്ലാവിധ ഡ്രിംഗ്സുകളും ഒരണവിലയ്ക്കു കിട്ടുന്നതാണ്.
അവരവരുടെ ഭാഗ്യത്തുക്കങ്ങൾ ഒരണയ്ക്കു കൃത്യമായി അറിയാവുന്നതാണ്.
Prop:- N. Janardharan.

ശ്രീരാമവിലാസം പ്രസ്സ് & ബുക്ക്ഡിപ്പോ, കൊല്ലം.

ഇവിടെ ഇംഗ്ലീഷ്, മലയാളം, തമിഴ്, നാഗരം, ഹിന്ദി എന്നീ ഭാഷകളിൽ ഏതുതരം അച്ചടികളും പരിഷ്കൃതരീതിയിൽ മിതമായ ചാർജ്ജിൽ ചെയ്തുകൊടുക്കുന്നതാണ്. കമ്പനികൾ, ബാങ്കുകൾ, സഹകരണസംഘങ്ങൾ, കരയോഗങ്ങൾ മുതലായവയ്ക്ക് ആവശ്യമുള്ള എല്ലാ റിക്കാർഡുകളും വളരെ ഭംഗിയായും ബലമായും ഉത്തരവാദിത്വത്തോടുകൂടി ചെയ്തുകൊടുക്കപ്പെടും. ആകർഷണീയമാംവിധം കളർപ്രിൻറിംഗും; ബ്ലാക്കുപ്രിൻറിംഗും ചെയ്തുകൊടുക്കുന്നതാണ്.

അനേകം ഡിസൈനുകളിലുള്ള റബ്ബർമുദ്രകൾ ഉറപ്പായും ഭംഗിയായും മേൽപറഞ്ഞ എല്ലാ ഭാഷകളിലും ചെയ്തുകൊടുക്കുന്നതാണ്.

രാമായണം, ഭാഗവതം, ഭാരതം, ഭഗവദ്ഗീത, ദേവീഭാഗവതം, ഉപനിഷത്തുകൾ എന്നിങ്ങനെയുള്ള കൈരളിയുടെ അക്ഷയസമ്പത്തുകളായ ആദ്ധ്യാത്മികഗ്രന്ഥങ്ങളും അനവധി ഭക്തിസംവർദ്ധകഗ്രന്ഥങ്ങളും, നോവലുകൾ കാവ്യങ്ങൾ തുടങ്ങി മലയാളത്തിലെ പ്രധാനപ്പെട്ട അനവധി മറ്റു പുസ്തകങ്ങളും, പ്രചാരമുള്ള എല്ലാ ഹിന്ദിപുസ്തകങ്ങളും എപ്പോഴും വില്പനയ്ക്കു തയ്യാറുണ്ട്.

ഞങ്ങളുടെ പ്രാസസ്സ് സ്റ്റാൻഡിയോവിൽ ചെമ്പിലും സിങ്കിലും ഒരുകളറിലും പലകളറിലും ഉള്ള മനോഹരമായ ഹാഫ്ടോൺ ബ്ലാക്കുകളും ലൈൻബ്ലാക്കുകളും തയാറാക്കി കൊടുക്കപ്പെടുന്നതാണ്.

കൂടുതൽ വിവരത്തിനു് ക്യാറ്റ്ലാഗ് ആവശ്യപ്പെടുക:—

മാനേജർ.

സ്വതന്ത്ര ഫാർമസി

Regd. H. O. ചാലക്കുടി (Cochin State)

Chief Branches:-കോഴിക്കോട്ട് Y.M.C A. റോഡ്, & വക്കല, തിരുവിതാംകൂർ

വായുതാരം വളത്തുകനിഞ്ഞിരുന്ന പ്രാവിൻകൂടിന്റെ പ്രതീതി ജനിപ്പിക്കുന്ന "ഫുർഫുർ" ശബ്ദത്തോടുകൂടി മേലോട്ട വലിക്കുന്ന വലി കാണികളുടെ മനസ്സലിയിക്കും. വലിയും ചുമയുംകൊണ്ടു വലയുന്നവർക്ക് ഒരു ബന്ധുവുണ്ട്. ഞങ്ങളുടെ

കരിംകുരങ്ങുരസായനം

റാത്തൽ 1-ന് രൂ. 5 പാക്കിങ്ങ് പോസ്റ്റേജ് വേറെ

അകാർണമായ ക്ഷീണം, തളച്ച, പാരവശ്യം, ദാഹം, കഫക്കെട്ടിൽ എന്നീ ലക്ഷണങ്ങളും ഒരു സ്ത്രീയിൽ കാണുമ്പോൾ, ലജ്ജകൊണ്ടു മൂടിവെച്ചിരിക്കുന്ന ഗുഹ്യരോഗത്തിന്റെ പ്രതിഫലനമാണെന്നു മനസ്സിലാക്കണം. സ്ത്രീക്കായാലും പുരുഷനായാലും ഗുഹ്യരോഗങ്ങളും ബാധിച്ചാൽ

ഹിമാംശുപ്രകാശം

സേവിച്ചു പരിപൂർണ്ണസുഖം പ്രാപിക്കാം. റാത്തൽ 1-ന് രൂ: 5. പാക്കിംഗ് പോസ്റ്റേജ് വേറെ

പൂർണ്ണശാസ്ത്രീയനിഷ്കർഷയോടുകൂടി തയാർചെയ്തിട്ടുള്ള എല്ലാ ഔഷധങ്ങളും തയാറുണ്ട്.

പ്രൊപ്രൈറർ, വി. ഗംഗാധരൻവൈദ്യർ,
വൈദ്യകലാനിധി.

The Quilon Pencil Factory, Quilon.

Manufacturers of High-Quality,

LEKSHMI PENCILS

Government & Civil Suppliers

ശ്രീചിത്രാപ്രദർശനത്തിനു് ഒന്നാംസമ്മാനം ലഭിച്ച

ലക്ഷ്മി പെൻസിൽ

പാശ്ചാത്യനിർമ്മാണരീതിയിൽ വളരെ പരിചയം സിദ്ധിച്ചിട്ടുള്ള വിദഗ്ദ്ധന്മാരാൽ ഉണ്ടാക്കപ്പെട്ടതും പല മഹാന്മാരുടേയും പ്രശംസാപത്രങ്ങൾ സിദ്ധിച്ചിട്ടുള്ളതും എല്ലാ ഇൻഡ്യൻ മാർക്കറ്റുകളിലും പ്രചാരം സിദ്ധിച്ചിട്ടുള്ളതും ആകുന്നു.

ടി കായിലോൺ പെൻസിൽ ഫാക്ടറി,
(ഗവണ്മെൻറ് സപ്ലൈയേഴ്സ്)
കൊല്ലം
(തിരുവിതാംകൂറിൽ ഇദംപ്രഥമമായി സ്ഥാപിക്കപ്പെട്ടതു്)

Up to date Printing *Neat Binding*

Job Work - a Speciality.

Prompt Execution *Moderate Rates*

Printing in English, Malayalam and Tamil.

SARADA PRESS & BOOK STALL, QUILON.

Printers, Binders, Account Book Makers, Stationers etc, etc;

Proprietors, **Mullukattil K. Gangadharan Asan & Bros.**

രമണീയമായ അച്ചടി ! കമനീയമായ ബയൻറിംഗ് !!

ഇംഗ്ലീഷ്, മലയാളം, തമിഴ് എന്നീ ഭാഷകളിൽ എല്ലാവിധ അച്ചടിവേലകളും, റൂളിംഗ്, ബയൻറിംഗ് മുതലായവയും ഏതുതും ഭംഗിയായി മിതമായ ചാർജ്ജിൽ കൃത്യസമയത്തു ചെയ്തുകൊടുക്കപ്പെടുന്നതുകൂടാതെ; ഇംഗ്ലീഷ്, മലയാളംസ്കൂളുകളിലേക്ക് ആവശ്യമുള്ള എല്ലാ പാഠപുസ്തകങ്ങളും, നോട്ടുബുക്ക്, പേന, പെൻസിൽ, മഷി, ഇൻസ്ട്രുമെൻറ്സ് ബാക്സ് മുതലായ എല്ലാ സ്റ്റേഷനറി സാധനങ്ങളും മിതമായ വിലയ്ക്കു വില്പാപ്പെടുന്നതുമാണ്. കച്ചവടക്കാർക്ക് പ്രത്യേക കമ്മിഷൻ.

ശാരദാപ്രസ്സ് & ബുക്കുസ്റ്റാൾ, കൊല്ലം

പ്രൊപ്രൈറേഴ്സ്.- മുള്ളുകാട്ടിൽ കെ. ഗംഗാധരനാശാൻ & ബ്രദേഴ്സ്.

വൈദ്യബന്ധു

ഭാരതീയവൈദ്യവിജ്ഞാനത്തിൻെറ അഭിവൃദ്ധിക്കായി നിലകൊള്ളുന്ന

ഉത്തമ മലയാള വൈദ്യമാസികാഗ്രന്ഥം

എഡിറർ:- എസ്. ശങ്കരൻവൈദ്യൻ, വൈദ്യകലാനിധി.

മാനേജിംഗ് എഡിറർ:- ഡാ: ആർ. പി. ചിറേഴം.

ആദ്യലക്കം പുറപ്പെട്ടുകഴിഞ്ഞു. ദേശീയസംസ്കാരപ്രേമികളായ സുപ്രസിദ്ധലേഖകന്മാരുടെ ചിന്താസുന്ദരങ്ങളായ ലേഖനങ്ങളും, ആയുർവേദപണ്ഡിതന്മാരുടെ വിജ്ഞാനപ്രദങ്ങളായ ശാസ്ത്രീയവിമർശനങ്ങളും, സിദ്ധയോഗങ്ങളും മുതലായവ എല്ലാലക്കങ്ങളിലും ഉണ്ടായിരിക്കും.

വരിസംഖ്യ:- ആണ്ടിൽ 6 രൂപാ മുൻക്രർ. ഒറപ്രതിക്ക് അണ 8.

എല്ലാ സ്ഥലങ്ങളിലും ഏജൻറന്മാരെ ആവശ്യമുണ്ട്

കൂടുതൽ വിവരങ്ങൾക്കെഴുതുക:-

മാനേജർ,

വൈദ്യബന്ധു, കൊല്ലം.

PHONE NO 146

PALMLANDS

TRIVANDRUM.

കേരളാ പ്രസ്സ്

തിരുവനന്തപുരം

മനോഹരമായി എല്ലാത്തരം അച്ചടി വേലകളും മിതമായ ചാർജ്ജിൽ കൃത്യ സമയത്തു ചെയ്തുകൊടുക്കുന്നതാണ്.

മാനേജർ,
കേരളാ പ്രസ്സ്
തിരുവനന്തപുരം.

കോഹിനൂർഹോട്ടൽ & ബേക്കറി

നാഗമ്പടം, കോട്ടയം.

കോട്ടയത്തു വരുമ്പോൾ മീനച്ചിലാറിന്റെ തീരത്തു നിങ്ങൾക്കു സുഖമായി താമസിക്കാം. പ്രകൃതിരമണീയമായ സ്ഥലം. കോഹിനൂർഹോട്ടൽ നിങ്ങളെ സ്വാഗതംചെയ്യുന്നു. നിങ്ങളുടെ സുഖസൗകര്യങ്ങൾക്ക് ഇതിലും പറ്റിയിടം നിങ്ങൾക്കു ലഭിക്കുവാൻ പോകുന്നില്ല. സുഖമായ ഭക്ഷണം. ആദരണീയമായ സേവനം.

എന്തെങ്കിലും വിശേഷംവരുമ്പോൾ റീപാർട്ടി, ഗാർഡൻപാർട്ടി, ഡിന്നർ, വെഡിങ്കേക്കുകൾ ഇവകൾക്കു ഞങ്ങളുടെ ബേക്കറിയിൽ നേരത്തേ അറിവുതരിക. ആധുനികരീതിയിൽ തയ്യാർചെയ്യുന്ന സാധനസാമഗ്രികൾ നിങ്ങളെ അത്ഭുതപ്പെടുത്തും.

മാനേജർ.

SYRIAN CHRISTIAN HOTEL

Beach Road, QUILON.

When you come to Quilon
Visit Our Lodging,
where every comforts are available
at Moderate Rates.

Manager, T. M. Cherian.

For Best Photographs of all Sizes

Please Visit:—

SUNDARAM PHOTO STUDIO

Main Road, QUILON.

G. B. R.

(Boarding & Lodging)

Near Over Bridge,

Main Road,

TRIVANDRUM.

Our Lodge is well furnished with Airy Rooms with modern Equipments and Sanitary arrangements for the convenience of Travellers

Terms — very moderate
Delicious meals and Coffee.

Prop: **K. R. S. P.**

THE IMPERIAL MOTOR WORKS,

Engineers & Contractors

Oppst: **Railway Station**

QUILON, Travancore.

കൃത്യമായും ഭംഗിയായും സകല മോട്ടോർവാഹനങ്ങളും എഞ്ചിനുകളും അറ്റകുറ്റപ്പണികളും മിതമായ ചാർജ്ജിൽ ചെയ്തുകൊടുക്കപ്പെടുന്നതാണു്.

പ്രൊപ്രൈറർ,

T. K. ശിവരാജു്.

കേരളീയ ജ്യോതിഷമാസിക

എല്ലാ മലയാളികുടുംബങ്ങളിലും വരുത്തി വായിക്കേണ്ടുന്ന

ഒരുത്തമപ്രസിദ്ധീകരണം!

ജ്യോതിശ്ശാസ്ത്രം, രേഖാശാസ്ത്രം, ശില്പിശാസ്ത്രം മുതലായവയെ സംബന്ധിച്ച വിജ്ഞാനപ്രദങ്ങളായ ലേഖനങ്ങൾ.

ഓരോ നക്ഷത്രക്കാരുടേയും അതതുമാസത്തെ ഗ്രഹദോഷാനുഭവങ്ങൾ!

വ്യാപാരനിലവാരത്തെ സംബന്ധിച്ചുള്ള വിദഗ്ധപ്രവചനങ്ങൾ!

വാർഷികവരിസംഖ്യ

അഞ്ചലിൽ 6 രൂ. പോസ്റ്റിൽ 7 രൂ.

പരസ്യംകൊണ്ടുള്ള പ്രയോജനമാഗ്രഹിക്കുന്നവർക്കു് കേരളീയ ജ്യോതിഷമാസിക പോലെ എല്ലാ സ്ഥലത്തും പ്രചാരമുള്ളതും, വായനക്കാർ ദിവസംപ്രതി എടുത്തുനോക്കുന്നതുമായ ഒരു പ്രസിദ്ധീകരണം കാണാൻ കഴിയുകയില്ല. പരസ്യനിരക്കു് അത്യാകർഷണീയം. ഏജൻറന്മാർക്കു ന്യായമായ കമ്മിഷൻ! വിശദവിവരങ്ങൾക്കു ഉടനെ എഴുതുക:—

മാനേജർ,

കേരളീയ ജ്യോതിഷമാസിക,

മുല്ലയ്ക്കൽ—ആലപ്പുഴ.

S. RAMALINGOM PILLAI & SONS,

Chemists & Druggists,

QUILON.

Cheapest house for all kinds of Allopathic medicines & drugs.

Agents for:-

M/s. Kaviraj N. N. Sen & Sons (World famous Ayurvedic Pharmaceuticals)

O. V. ART STUDIO

Main Road, **TRIVANDRUM.**

Sculptors & Painters.

We neatly execute:—

Statutary in Bronze, Plaster, Cement, Wood etc.

Life Size Portraits, Oil Colour portraiture, banners, cut out paintings etc.

Photo blocks, line blocks, metal stamps, rubber stamps etc.

Ivory likeness, Sculpture and imageries etc.

Neatly, promptly and at moderate charges.

Orders solicited.

Proprietor.

THE SWARAAJYA BANK LTD.

(INCORPORATED IN TRAVANCORE 1928)

Branch: **KOTTAYAM.**


All Kinds of Banking Business Transacted.

Deposits accepted & Advances made on favourable terms.

Managing Director,

C. S. JOSEPH B. A.

ക്ഷമാപണം



MESSAGES

VISVA-BHARATI

Founder-President
RABINDRANATH TAGORE

President
Abanindranath Tagore

Santiniketan
Bengal, India.

Ref. No. 44/2939.
January 11, 1944.

T. K. Narayana Kurup, Esqr,
Tagore, Quilon.

Dear Sir,

The monthly journal in Malayalam which you have named after my father, has my best wishes for the success of its aims and objects. The enrichment of our cultural heritage is inextricably bound with the enrichment of our mother tongue. May your journal serve to bring about a renaissance of the Malayalam language and literature.

Yours sincerely,
(Sd.) Rathindranath Tagore.

VISVA-BHARATI

PRATISTHATA-ACHARYA
RABINDRANATH-TAGORE

ACHARYA
ABANINDRANATH TAGORE

SANTINIKETAN,
BENGAL, INDIA.

January 11, 1944.

Dear Sir,

Nothing could give me grater pleasure than your proposal of starting a monthly journal devoted to the cause of art and literature. If the country needs one thing more than any other it is the cult of Beauty in everyday life. Life in our country is a drab, dull, colourless existence. Gurudeva struggled all his life to bring us out of that rut. Wherever there is an attempt made in the same direction I shall be there with all my heart. I congratulate you most heartly on your great enterprise.

Yours Sincerely,
(Sd.) Abanindranath Tagore,

Sri: T. K. Narayana Kurup,
Editor, "Tagore",
Quilon, South India.

സന്ദേശങ്ങൾ

(തർജ്ജിമ)

ശാന്തിനികേതനം,
ബംഗാൾ, ഇൻഡ്യാ,
1944 ജനുവരി 11.

അച്ഛന്റെ നാമധേയത്തിൽ നിങ്ങൾ സമാരംഭിക്കുന്ന മാസികയുടെ ഉദ്ദേശ്യങ്ങൾക്കും ലക്ഷ്യങ്ങൾക്കും ഞാൻ സാഫല്യം നേർന്നുകൊള്ളുന്നു. സാംസ്കാരികമായ നമ്മുടെ പാരമ്പര്യത്തിന്റെ പരിപുഷ്ടിക്കു നമ്മുടെ മാതൃഭാഷയുടെ പരിപുഷ്ടിയുമായി അഭേദ്യബന്ധമാണുള്ളതു്. നിങ്ങളുടെ മാസിക, മലയാളഭാഷയുടേയും സാഹിത്യത്തിന്റേയും നവോത്ഥാനം കൈവരുത്തുവാൻ പ്രയോജകീഭവിക്കുമാറാകട്ടെ!

രതീന്ദ്രനാഥടാഗോർ.

ശാന്തിനികേതനം,
ബംഗാൾ, ഇൻഡ്യാ,
1944 ജനുവരി 11.

കലാസാഹിത്യങ്ങളുടെ സേവനത്തിനായി സ്വയം സമർപ്പിച്ചുകൊണ്ടുള്ള ഒരു മാസിക സമാരംഭിക്കുകയെന്ന നിങ്ങളുടെ നിശ്ചയത്തിൽകവിഞ്ഞു് ആനന്ദം നൽകുന്നതായി മറ്റൊന്നുമില്ല. ഇന്നു് മറ്റെല്ലാറ്റിനേക്കാളും കൂടുതലായി നമ്മുടെ രാജ്യത്തിനാവശ്യമുള്ളതു് അന്നന്നിലെ ജീവിതത്തിൽ "സൗന്ദര്യബോധ"ത്തിന്റെ പ്രതിഷ്ഠാപനമാണു്. നമ്മുടെ നാട്ടിൽ ജീവിതം വിരസവും വർണ്ണശൂന്യവും നിരുത്സാഹപ്രദമായ വെറും ജീവസന്ധാരണം മാത്രം. ആ പോക്കിൽ നിന്നു് നമ്മെ ഉദ്ധരിപ്പിക്കുവാൻ ഗുരുദേവൻ അദ്ദേഹത്തിന്റെ ജീവിതകാലം മുഴുവൻ യത്നിച്ചു. ആ മാർഗ്ഗത്തിൽ ഒരു യത്നം എവിടെ കാണുകയുണ്ടോ അവിടെ പൂർണ്ണഹൃദയനായി ഞാൻ ഉണ്ടായിരിക്കുന്നതാണു്. നിങ്ങളുടെ മഹനീയസമുദ്യമത്തിൽ നിങ്ങളെ ഞാൻ ഹൃദയംഗമമായി അനുമോദിക്കുന്നു.

ആചാര്യ അബനീന്ദ്രനാഥടാഗോർ.

ടാഗോർ

പുസ്തകം ൫ } ഫെബ്രുവരി { ലക്കം ൨

ഗാന്ധിജിയും ടാഗോറും

പി. കെ. പരമേശ്വരൻനായർ ബി. എ.

ഇതുപോലെ അസാധാരണരായ രണ്ടു വ്യക്തികൾ ഒരു രാജ്യത്തിൽ ജനിച്ചതു് ആ രാജ്യത്തിന്റെ ഭാഗ്യംതന്നെയാണു്. അവർ സമകാലികരായിരുന്നതോ ഈ തലമുറയുടെ പരമഭാഗ്യം. ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തിന്റെ സംഭവബഹുലമായ ചരിത്രത്തിൽ അനവധി ഗംഭീരപുരുഷന്മാരുടെ ചിത്രങ്ങൾ പ്രത്യക്ഷപ്പെടുകയും മറയുകയും ചെയ്തിട്ടുണ്ടു്. അവരിൽ ചിലർ ജീവിതകാലത്തിൽ അന്യാദൃശമായ വ്യക്തിവൈഭവം പ്രദർശിപ്പിച്ചു് രാഷ്ട്രീയമണ്ഡലത്തിൽ ഭീമാകാരന്മാരായി വർത്തിച്ചവരാണു്. എന്നാൽ അവരിൽ പലരുടേയും അപദാനങ്ങൾ ഏറക്കുറെ വിസ്മൃതപ്രായമായിവരുന്നു. ശീഘ്രഗതിയിൽ മുന്നോട്ടുപോകുന്ന സംഭവചിത്രങ്ങളുടെ ബാഹുല്യത്തിൽ ഒരുകാലത്തെ മഹാസംഭവങ്ങൾക്കു കാരണഭൂതരായിനിന്ന വ്യക്തികളുടെ ചിത്രങ്ങൾ പിൽക്കാലങ്ങളിൽ മങ്ങിപ്പോകുകയെന്നുള്ളതു് ഒരു സാമാന്യാനുഭവമാണു്.

എന്നാൽ ടാഗോറിന്റേയും ഗാന്ധിജിയുടേയും ചിത്രങ്ങൾക്കു് ഈ മങ്ങൽ പറ്റുമെന്നു തോന്നുന്നില്ല. കാലയവനികയുടെ ആവരണശക്തിക്കു് അതീതരായ രണ്ടു ഗംഭീരസത്വന്മാരായിരുന്നു അവർ. സ്വന്തം തലമുറയുടെ മാത്രമല്ല, വരാനിരിക്കുന്ന അനവധി ജനപരമ്പരകളുടെ ഭാഗധേയത്തെ സ്പർശിക്കുന്ന ജീവിതങ്ങളായിരുന്നു അവരുടേതു്. സ്വരാജ്യത്തിൽ മാത്രമല്ലാ അവർ പരിവർത്തനങ്ങൾ ഉണ്ടാക്കിയിട്ടുള്ളതു്. ലോകത്തെ മുഴുവൻ സ്പർശിക്കുന്ന പല മൌലികതത്വങ്ങളുടേയും ഉപജ്ഞാതാക്കളായിരുന്നു ഗാന്ധിജിയും ടാഗോറും. ഇതു വ്യത്യസ്തസ്വഭാവത്തോടുകൂടിയ രണ്ടു വ്യക്തികൾ ചരിത്രമായിരിക്കും. എന്നാൽ അവർ തമ്മിലുണ്ടായിരുന്ന സാമ്യങ്ങൾ അന്തരങ്ങളെക്കാൾ ഉയർന്നു നില്ക്കുന്നു. ഗാന്ധിജി തികച്ചും ഒരു പ്രവൃത്തികുശലനായിരുന്നു. ടാഗോർ ഒരു ഭാവനാജീവിയും. ഗാന്ധിജിയുടെ പല പദ്ധതികളിലും തോൾ ചേർത്തുനില്ക്കാൻ ടാഗോറിനു സാധിച്ചിട്ടില്ല. ടാഗോറിന്റെ അഭിപ്രായങ്ങൾ അധികവും ഈ ലോകത്തേക്കു പറ്റിയതല്ലെന്നു് ഗാന്ധിജിക്കും അറിയാമായിരുന്നു. ജീവിതകാലത്തിൽ രണ്ടുപേരും തമ്മിൽ തീവ്രമായ അഭിപ്രായവ്യത്യാസങ്ങളും അകൽച്ചകളും ഉണ്ടായിട്ടുണ്ടു്. എന്നാൽ

ഏതോ ഒരദ്ദശ്യശക്തി, ഉഭയസാധാരണമായ ഏതോ മഹത്വം, ഈ അനുഗ്രഹീത പുരുഷന്മാരെ തമ്മിൽ എപ്പോഴും ഗാഢാശ്ലേഷബന്ധരാക്കി നിറുത്തിയിരുന്നു. മാർഗ്ഗങ്ങൾ ഭിന്നങ്ങളായിരുന്നു എങ്കിലും ആദർശം രണ്ടുപേർക്കും ഒന്നായിരുന്നു. രണ്ടുവഴിയേയാണു് സഞ്ചരിക്കുന്നതെങ്കിലും അങ്ങോട്ടങ്ങോട്ടു ചെല്ലുംതോറും അവർ ക്രൂടതൽ ക്രൂടതൽ അടുക്കുന്നതായിട്ടാണു് രണ്ടുപേർക്കും തോന്നിയതു്. മാതൃരാജ്യത്തിന്റെ സ്വാതന്ത്ര്യപ്രാപ്തി, അതിന്റെ പൂർവ്വമാഹാത്മ്യത്തിന്റെ പുനർലബ്ധി ഇവ രണ്ടുപേരുടേയും ജീവിതലക്ഷ്യമായിരുന്നു. ആ ലക്ഷ്യത്തെ പ്രാപിക്കണമെന്നുള്ളതിലല്ലാ, ഏതു വഴിയെ പോകണമെന്നുള്ളതിലായിരുന്നു അഭിപ്രായവ്യത്യാസം.

ഒടുവിലൊടുവിലായപ്പോൾ മാർഗ്ഗത്തിന്റെ വിഭിന്നതയും ക്രമേണ മാഞ്ഞുപോയി. ഗാന്ധിജിയോടു് ആദ്യം വിയോജിച്ചിരുന്ന മറ്റു പല മഹാരഥന്മാരേയും പോലെ പിൽക്കാലത്തിൽ ടാഗോറും ആ മഹാമാന്ത്രികന്റെ സരണിയിൽതന്നെ പൂർണ്ണമായി ചേർന്നു. ആദർശപ്രാപ്തിയുടെ ഘട്ടം സമാഗതമായപ്പോൾ ഇരുവരും ഏകമതികളായിത്തീർന്നു എന്നു പറയാം.

ജനനത്തിലും വളർച്ചയിലും സംസ്കാരത്തിലും ഗാന്ധിജിയും ടാഗോറും തമ്മിലുണ്ടായിരുന്ന അന്തരം അവിസ്മരണീയമാണു്. മഹർഷിപ്രഭാവന്മാരായ പൂർവീകന്മാരുടെ പാരമ്പര്യത്താൽ അനുഗ്രഹീതമായ ഒരു ബങ്കാളിബ്രാഹ്മണകുടുംബത്തിലാണു് ടാഗോർ ജനിച്ചതു്. വളർന്നുവന്നതോ, ആത്മീയവും ഭൌതികവുമായ ഐശ്വര്യത്തിന്റെ മടിത്തട്ടിൽ. യഥാർത്ഥമായ ലോകജീവിതത്തെക്കാൾ ഭാവനാനിഷ്ഠമായ ആദർശലോകത്തോടാണു് ടാഗോർ തന്റെ വിദ്യാഭ്യാസകാലത്തിൽ ക്രൂടതൽ പരിചയിച്ചതു്. കവിതയുടെ കമനീയതയിലും സംഗീതത്തിന്റെ മാദകശക്തിയിലും ലയിച്ചു് ഒരു സ്വപ്നീയവിഹംഗമത്തെപ്പോലെയാണു് അദ്ദേഹം വളർന്നതു്. ഗാന്ധിജിയോ? ഗുജറാറിലെ ഒരു വൈശ്യകുടുംബത്തിൽ ആദർശലോകത്തെക്കാൾ യഥാർത്ഥജീവിതത്തിനു പ്രാധാന്യം കല്പിച്ചുവന്ന മാതാപിതാക്കന്മാരുടെ സന്താനമായി ജനിച്ചു് ആദ്യംമുതല്ക്കുതന്നെ ജീവിതത്തിന്റെ തിക്തഫലങ്ങൾ അനുഭവിച്ചു വളർന്നു. ഈ അന്തരം അവരുടെ വാസനകളേയും അഭ്യാസങ്ങളേയും വിഭിന്നസരണികളിലാക്കിയിരിക്കണം. എന്നാൽ പരസ്പരം യോജിപ്പിച്ചുകൊണ്ടിരുന്ന സാഹചര്യങ്ങളും അവരെ സംബന്ധിച്ചു് ആദ്യംമുതല്ക്കേ ഇല്ലാതിരുന്നില്ല. ജീവിതവീക്ഷണം എങ്ങനെയിരുന്നാലും രണ്ടുപേർക്കും സാന്മാർഗ്ഗികമായ ഒരേ പാരമ്പര്യമാണു് ഉണ്ടായിരുന്നതു്. ഈശ്വരവിശ്വാസവും ജീവിതശിക്ഷണവും രണ്ടു കുടുംബങ്ങളിലേയും സാമാന്യസ്വഭാവമായിരുന്നു. മഹർഷി ദേവേന്ദ്രനാഥടാഗോറിന്റെ ആഷ്പ്രഭാവത്തോടു സാമ്യമുള്ളതെന്നാം ഗാന്ധികുടുംബത്തെപ്പറ്റി പറയാനില്ലെങ്കിലും ഗാന്ധിജിയുടെ മാതാവിന്റെ വ്രതനിഷ്ഠകളും നിഷ്ഠുരങ്കമായ ഈശ്വരഭക്തിയും പൂജയേത്തുടിയും മഹർഷിമാർക്കുപോലും അലഭ്യമായ വിധത്തിലുള്ളവയായിരുന്നു. ജീവിതസരണിയിൽ പ്രവേശിച്ചതിനുശേഷവും രണ്ടുപേരുടേയും മാർഗ്ഗഭേദം വ്യത്യസ്തങ്ങളായിരുന്നു. ഒരാൾ യഥാർത്ഥജീവിതത്തിൽ സമഗ്രോന്മുഖമായ മനോഭാവത്തോടു കൂടി പ്രവേശിച്ചു് ജീവിതത്തെത്തന്നെ ഒരു പരീക്ഷണശാലയാക്കി. അപരനോ? യഥാർത്ഥജീവിതത്തിൽനിന്നും ഏറെക്കുറെ അകന്നു് ഭാവനാമയമായ കവിതാലോകത്തിൽ വിഹരിച്ചു. എന്നാൽ ഒടുവിൽ ഈ ഭിന്നത അവരെ ക്രൂടതൽ അടുപ്പിച്ചതേ ഉള്ളൂ. ടാഗോറിന്റെ സ്വപ്നങ്ങൾ കേവലം സുഖയാനങ്ങളായിരുന്നില്ല. ഗാന്ധിജി ഭൌതികലോകത്തിൽ അനുഭവിച്ച പ്രതിബന്ധങ്ങളും കഷ്ടതകളും നടത്തിയ പരീക്ഷണങ്ങളും എല്ലാം ടാഗോർ ഭാവനാലോക

ത്തിൽ അനുഭവിച്ചു. യാതൊന്നിനെ അറിയുന്നതിനും അഥവാ കണ്ടുപിടിക്കുന്നതിനും ഗാന്ധിജി തന്റെ ജീവിതത്തെ ഒരു പരീക്ഷണശാലയാക്കിയോ, അതിന്റെ ആവിഷ്കരണത്തിനുതന്നെ ടാഗോറും മറ്റൊരു മണ്ഡലത്തിൽ യത്നിച്ചു. രണ്ടു സരണികളിലും രണ്ടു പേരേയും അഭിമുഖീകരിച്ച പ്രതിബന്ധങ്ങളും വിഭിന്ന സ്വഭാവങ്ങളോട്ടു കൂടിയവയായിരുന്നു എങ്കിലും അതിന്റെ ഉല്കടത സമാനശക്തിയോട്ടുകൂടിത്തന്നെ പ്രത്യക്ഷപ്പെട്ടു. പരീക്ഷണങ്ങളും കഴിഞ്ഞു് അവർ എത്തിയ ലക്ഷ്യമോ? ഒന്നുതന്നെ. ഒരാൾ കല്ലും മുള്ളും നിറഞ്ഞ തറയിൽക്കൂടി കാൽനടയായും മറ്റെയാൾ കൊട്ടുകാറും കൊള്ളിമീനും നിറഞ്ഞ ഉപരിതലത്തിൽ കൂടി പറന്നും ആരാധനാകേന്ദ്രത്തിൽ എത്തുകതന്നെ ചെയ്തു.

പ്രവൃത്തിനിരതനും സ്വപ്നദർശിയും തമ്മിൽ വലുതായ അന്തരം വരാതെ നിവാഹമില്ല. എന്നാൽ അവരുടെ ലക്ഷ്യം ഒന്നാണെങ്കിൽ ബാഹ്യമായ ഭിന്നതകൾ ഗണനീയമല്ല. ഗാന്ധിജി സത്യാന്വേഷണമാണു് തന്റെ ജീവിതലക്ഷ്യമെന്നു് എല്ലായ്പോഴും പറയുന്നു. ടാഗോറും തന്റെ കവിതയിലൂടെയും തത്വജ്ഞാനത്തിൽക്കൂടെയും അന്വേഷിച്ചതും ഈ പരമാർത്ഥത്തെയല്ലാതെ മറ്റൊന്നിനേയുമല്ല. ഈ സത്യത്തെ ടാഗോർ സൌന്ദര്യ്യമായി വിഭാവനചെയ്യുന്നു എന്നു മാത്രം. ഗാന്ധിജി തന്റെ ആത്മകഥയിൽ ഇപ്രകാരം പറയുന്നു:—"ഞാൻ പ്രാപിക്കുവാൻ ഇച്ഛിക്കുന്നതു്, ഈ കഴിഞ്ഞ മുപ്പതുസംവത്സരങ്ങളായി ഞാൻ സാധിക്കുവാൻ യത്നിക്കുന്നതു്, ആത്മസാക്ഷാൽക്കാരമാണു്. അതായതു് ഈശ്വരനെ നേരിട്ടു കാണുകയും മോക്ഷം സമ്പാദിക്കുകയും ചെയ്യുകയാണു്. ഈ ലക്ഷ്യത്തിലേക്കുതന്നെയാണു് ഞാൻ ജീവിക്കുന്നതും യത്നിക്കുന്നതും പ്രവർത്തിക്കുന്നതും. രാഷ്ട്രീയജീവിതത്തിൽ എന്റെ സകല സാഹസികയത്നങ്ങളും ഈ ഒരു ലക്ഷ്യം വച്ചുകൊണ്ടുതന്നെയാണു്." ടാഗോറിന്റേയും ലക്ഷ്യം ഇതുതന്നെ. സാക്ഷാൽ സൌന്ദര്യ്യം ദർശിക്കാൻ. അതിനെ അനുഭവിക്കാൻ. അതിനെപ്പറ്റി അദ്ദേഹം പറയുന്നു: "ഞാൻ അങ്ങയെ നൂറുനൂറു് ആകാരങ്ങളിലും സ്ഥാനങ്ങളിലും അനവധി കാലങ്ങളായി, ജന്മങ്ങളായി, സ്നേഹിച്ചു, അന്വേഷിച്ചു" എന്നു്. എന്നാൽ ഈ രണ്ടു സത്യാന്വേഷികളും അവരുടെ പരമലക്ഷ്യം കണ്ടെത്തിയതായി പറയുന്നതുമില്ല. അതിലേക്കു യത്നിക്കുന്ന അന്വേഷകന്മാരായി അവകാശപ്പെടുന്നതേയുള്ളൂ.

രണ്ടുപേരുടേയും സത്യാന്വേഷണപരിപാടികളിൽ മുഖ്യതൽ മാഹാത്മ്യമേറിയതു് ഏതാണെന്നു് പറയുക സാധ്യമല്ല. എങ്കിലും നമുക്കു മുഖ്യതൽ മനസ്സിലാക്കാൻ സാധിക്കുന്നതു് ഗാന്ധിജിയേയാണു്. ടാഗോർ ഈ വിഷയത്തിൽ നമ്മിൽനിന്നും മുഖ്യതൽ ഉയർന്നിരിക്കുന്നതായി തോന്നുന്നു. ഗാന്ധിജിയെ നാം നമ്മുടെ മുഖ്യത്തിൽതന്നെ കാണുന്നു. നമ്മെ നേരിട്ടുബന്ധിക്കുന്ന കാര്യങ്ങളിൽമുഖ്യതൽ അദ്ദേഹം അന്വേഷണം നടത്തുന്നു. നമ്മുടെ രാഷ്ട്രീയ കൈവല്യം, സാമുദായികസംഘടന, സ്വാതന്ത്ര്യസ്ഥാപനം, ദാരിദ്ര്യമോചനം ഇവയെല്ലാമായിരുന്നു അദ്ദേഹത്തിന്റെ അന്വേഷണമാർഗ്ഗങ്ങൾ. അവ നമുക്കു നേരിട്ടു മനസ്സിലാക്കാൻ കഴിയുന്നു. ടാഗോറാകട്ടെ മുഖ്യതൽ വിശാലമായ ഒരു പരിധിയിൽ വിഹരിക്കുന്നു. അദ്ദേഹത്തിന്റെ സത്യം, അഥവാ സൌന്ദര്യ്യം മനുഷ്യലോകത്തിനും അതീതമായ നിലയിലാണു വർത്തിക്കുന്നതു്. ജന്മജന്മാന്തരങ്ങളുടെ അന്തരാളത്തിൽ നൂറുനൂറു് ആകൃതികളേയും സ്ഥാനങ്ങളേയും ആശ്രയിച്ചാണു് അതിന്റെ നില്പു്. ചിലപ്പോൾ മനുഷ്യലോകത്തേക്കാൾ നക്ഷത്രലോകമായിരിക്കും അദ്ദേഹത്തിന്റെ നിരീക്ഷണശാല. ഇതിലാരാണു മുഖ്യതൽ സത്യം, അഥവാ സൌന്ദര്യ്യം

കണ്ടെത്തിയതെന്നു് പറവാൻ സാധ്യമല്ല. എങ്കിലും നമുക്കു ക്രട്ടതൽ കാണാൻ കഴിയുന്നതു് ഗാന്ധിജിയുടെ സരണിയിൽക്രടിയായിരിക്കും. ഒരു പക്ഷെ മനുഷ്യസമുദായത്തിന്റെ അഭ്യുദയത്തിനു് ക്രട്ടതൽ സഹായിച്ചിട്ടുള്ളതും അതുതന്നെയായിരിക്കും. പരസ്പരം പിടികിട്ടാത്ത പ്രത്യേകതകൾ രണ്ടുപേരിലും ഉണ്ടായിരുന്നു. ടാഗോറിന്റെ ഭാവനാലോകത്തിലേക്കു് മിഴിച്ചു നോക്കി നില്ക്കാനേ ഗാന്ധിജിക്കു സാധിക്കയുള്ളു. അതു ബ്രഹ്മാണ്ഡങ്ങളുടെ അതിർത്തികളേയും ഭേദിച്ചു് അപ്പുറം കടക്കുന്നു. എന്നാൽ അതേസമയം ഗാന്ധിജി സഞ്ചരിക്കുന്ന യഥാർത്ഥലോകത്തിൽ നാലു ചുവടു തികച്ചു നടക്കാൻ ടാഗോറിനും കഴിഞ്ഞെന്നു വരികയില്ല. ഭാരതത്തിന്റെ സ്വാതന്ത്ര്യപ്രാപ്തിയിലും ആത്മാഭിമാന സംരക്ഷണത്തിലും ടാഗോറിനുണ്ടായിരുന്ന അഭിനിവേശം ഗാന്ധിജിയുടേതിനേക്കാൾ യാതൊരുവിധത്തിലും പിന്നണിയിലായിരുന്നില്ല. എന്നാൽ ഒരു സത്യഗ്രഹപ്രസ്ഥാനം നയിക്കുകയോ അഥവാ അതിന്റെ ഒരുയഥാർത്ഥ അനായായിയാകുകയോ ചെയ്യുകയെന്നുള്ളതു് ടാഗോറിന്റെ കഴിവുകൾക്കു് അതീതമായിരുന്നു. അദ്ദേഹം ഒരു ജനനേതാവായിരുന്നില്ല. ആ സംഗതിയിൽ അദ്ദേഹം ഗാന്ധിജിയെ ഉള്ളഴിഞ്ഞു് ബഹുമാനിക്കുകയും ആരാധിക്കുകയുമാണു ചെയ്തിട്ടുള്ളതു്. അതേ സന്ദർഭത്തിൽ ടാഗോറിന്റെ മാഹാത്മ്യത്തേയും നോക്കെത്താത്ത ഭാവനാവിഹാരങ്ങളേയും ഗാന്ധിജിയും ആരാധിക്കുന്നു. ടാഗോറിന്റെ ഗീതങ്ങളിൽക്രടി ഗാന്ധിജി പ്രവൃത്തികൾക്കുള്ള പ്രചോദനം സമ്പാദിക്കുന്നു. ഏതു മംഗളാവസരങ്ങളിലും അദ്ദേഹം ടാഗോറിന്റെ ഗാനങ്ങൾ ആലപിപ്പിക്കുക പതിവായിരുന്നു. "ജനഗണമന" എന്ന ദിവ്യഗീതം ഗാന്ധിജിയെ എത്രമാത്രം ഉത്തേജിപ്പിച്ചിരുന്നു എന്നുള്ളതു് പ്രസിദ്ധമാണെല്ലൊ. അതുപോലെതന്നെ തന്റെ അനേപ്ഷണഫലമായ സത്യത്തിന്റെ ആവിഷ്കരണത്തിനു് ഗാന്ധിജി, ടാഗോറിന്റെ ദിവ്യവചസ്സുകളെ സമാശ്രയിക്കുക പതിവായിരുന്നു. ഭാവനാലോകം യഥാർത്ഥലോകത്തെക്കാൾ വലുതാണെങ്കിൽ ടാഗോർ ഗാന്ധിജിയേക്കാൾ വലിയ റൊളാണെന്നു് സമ്മതിക്കുകതന്നെ വേണം. ഭാവനാലോകത്തെ സീമാധികമായി സ്വാധീനംചെയ്തിട്ടുള്ളതുകൊണ്ടു് ടാഗോറിന്റെ മാഹാത്മ്യം ആർക്കും സമ്മതിക്കാതെ തരമില്ല. വിശേഷിച്ചും സംഗീതസുഭഗമായ ഭാഷയിലൂടെ മനുഷ്യഹൃദയത്തെ അപഹരിക്കുന്ന സുന്ദരചിത്രങ്ങളും തത്ത്വചിന്തകളും ആവിഷ്കരിച്ചിട്ടുള്ള ഒരു അനുഗ്രഹീതഗുരുവിനെ ആർക്കും കമ്പിടാതെ തരമില്ല. ടാഗോർ, വാക്കുകളിൽക്രടെയാണു് ജീവിക്കുന്നതു്. സൌന്ദര്യത്തിനു മനുഷ്യജീവിതത്തിൽ വിലയുള്ളിടത്തോളം ടാഗോറിന്റെ വചനങ്ങളും അനശ്വരങ്ങളാണു്. എന്നാൽ ഇതുകൊണ്ടു ടാഗോർ ഗാന്ധിജിയുടെ ഔന്നത്യത്തിനു് ഉപരിയായി പോകുന്നു എന്നർത്ഥമില്ല. വാക്കുകളുടെ സർവ്വാതിശായിയായ ശക്തിയെയും അതിക്രമിച്ചുകൊണ്ടുള്ള ഒരു നിലയാണു് ഗാന്ധിജിയുടെ പ്രവൃത്തികൾക്കുള്ളതു്. അവ വാക്കിനെക്കാൾ ശക്തിക്രടിയവയാണെന്നുമാത്രമല്ലാ മഹാകവികളുടെ വാക്കുകൾക്കു് വിഷയമാകുന്ന മാഹാത്മ്യമുള്ളവയുമാണു്. കവികളുടെ വാഗ്വിഭവങ്ങളെപ്പോലും അപര്യാപ്തമാക്കത്തക്ക വലിപ്പം ആ പ്രവൃത്തികൾക്കുണ്ടു്. ടാഗോർ, ഭാവനയിൽ സൃഷ്ടിച്ചേക്കാവുന്ന ഒരു മാതൃകാപുരുഷനെക്കാൾ ഉപരിതലത്തിലാണു് ഗാന്ധിജിയുടെ നില. അതു മാത്രമല്ല ഗാന്ധിജിയുടെ പ്രത്യേകമാഹാത്മ്യം. അദ്ദേഹത്തിന്റെ സിദ്ധികൾ നേരിട്ടു ലോകാഭ്യുദയത്തിനു് കാരണമാക്കിഎന്നുള്ളതാണു്. കവിവാക്കുകളാകട്ടെ പരോക്ഷമായിമാത്രമേ ലോകാഭ്യുദയത്തിനു കാരണമായിത്തീരുന്നുള്ളു.

പ്രവൃത്തികളിലേക്കു് ജീവത്തായ പ്രചോ

* മഹാത്മജിയുടെ മരണം

ചില ചിന്തകൾ

ഡാക്ടർ പി കെ. നാരായണപിള്ള എം. എ., എം. എ. പി എച്ച്. ഡി.

'കഴുകുമരത്തിൽ തൂങ്ങിയോ വെടിയുണ്ട ഏറ്റോ ആയിരിക്കും എന്റെ മരണം'— ഫർന്നപ-ലെ ഉപവാസത്തിനുശേഷം, ഗാന്ധിജി ഒരു സുഹൃത്തിനോടു പറഞ്ഞതാണിതു്. ആ ഉപവാസം, തന്നെ മരണഹസ്തങ്ങളിൽ സമർപ്പിക്കുമെന്ന അദ്ദേഹം പ്രതീക്ഷിച്ചിരുന്നു. എന്നാൽ നിയതി അതു് അനുവദിച്ചില്ല. ആ സന്ദർഭം—അപ്രതീക്ഷിതമായി മരണത്തെ മാറ്റി നിറുത്തിയ ആ സന്ദർഭം—ജീവിതാവസാനത്തെ സംബന്ധിച്ചു് ഗാന്ധിജിയിൽ ചില ചിന്താരേഖകൾ അങ്കുരിപ്പിച്ചിരിക്കണമല്ലോ.

കുരിശിനെപ്പോലെ വെടിയുണ്ടയും വിശുദ്ധിനേടിയ ആ സംഭവത്തിനു മുന്നോടിവസംമുൻപു് ഗാന്ധിജി രാജകുമാരി അമൃതകൗറിനോടു പറഞ്ഞു: 'ഞാൻ ആത്മാർത്ഥമായി ആഗ്രഹിച്ചുവന്ന മൂല്യങ്ങൾക്കു് ഇടിവു തട്ടുന്നതായിക്കാണുന്നു. എനിക്കു ഇനി വല്ല ഘാതകന്റെയും വെടികൊണ്ടു മരിച്ചാൽ മതി.' മരണത്തെക്കുറിച്ചുള്ള ഈ പ്രസ്താവങ്ങളിൽ തന്റെ ജീവിതത്തെ സംബന്ധിച്ച പരമാർത്ഥമാണു് ഗാന്ധിജി ആവിഷ്കരിച്ചിരിക്കുന്നതു്. ആ പരമാർത്ഥമെന്താണു്? കഴുകുമരത്തിൽ ജീവിതം അവസാനിപ്പിക്കുവാൻ ഇടയായേക്കാമെന്ന അദ്ദേഹം അഭ്യൂഹിച്ചിരുന്നല്ലോ. ഇങ്ങനെയുള്ള മരണം ഒരു ഗവർമ്മെൻറിന്റെ ശിക്ഷയാകാനേ തരമുള്ളൂ. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരത്തിൽ ബ്രിട്ടീഷ് ഗവർമ്മെൻറു നൽകിയേക്കാമായിരുന്ന ശിക്ഷ. എന്നാൽ ആഗസ്റ്റ് ക്രാ-ാംനു- ഈ ആശങ്കയെ നിർമ്മാർജ്ജനം ചെയ്തു. പിന്നെ രണ്ടാമത്തെ അഭ്യൂഹം—വെടിയുണ്ടയുടെ ഇരയാകുമെന്നതു്. ഈ അഭ്യൂഹത്തിനും ഗാന്ധിജി ഒരു പരിഹാരം കണ്ടുപിടിച്ചിരുന്നു. ഒരു ഭ്രാന്തന്റെ വെടിയുണ്ടയ്ക്കു് ഇരയാകുന്നതിനു മുൻപു് ഈശ്വരനാമം ഉച്ചരിച്ചുകൊണ്ടു് ഈ ലോകത്തോടു വിടപറയുവാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നു. ഈ ആഗ്രഹവും സഫലമായി. ഇങ്ങനെ ഗാന്ധിജിയുടെ ജീവിതത്തിന്റെ പരമാർത്ഥത്തിനു് അനുരൂപമായ രീതിയിൽ അദ്ദേഹത്തിന്റെ മരണം സംഭവിച്ചു. ഇതിനെ ഒരു ദുരന്തമായി കരുതുന്നതിൽ അർത്ഥമില്ല. ഗാന്ധിജിയുടെ ജീവിതത്തിന്റെ പരമാർത്ഥത്തിനു് അനുരൂപമായ രീതിയിൽ അദ്ദേഹത്തിന്റെ മരണം സംഭവിച്ചു. ഇതിനെ ഒരു ദുരന്തമായി കരുതുന്നതിൽ അർത്ഥമില്ല.

ഒരുപക്ഷേ ഈ ലോകോത്തരപുണ്യശ്ലോകന്മാരെ സംബന്ധിച്ചിടത്തോളം ആരാണു് ക്രൂരതൽ ഔത്കൃഷ്ട്യത്തിനു് അവകാശിയെന്നുള്ള പ്രശ്നമേ ഉദിക്കുന്നില്ല. രണ്ടുപേരും ലോകാഭ്യുദയകാംക്ഷികൾതന്നെയായിരുന്നു. രണ്ടുപേരെക്കൊണ്ടും ഭാവിലോകം നിരന്തരം പ്രചോദനം പ്രാപിച്ചുകൊണ്ടിരിക്കുകയും ചെയ്യും.

---

* ഗാന്ധി വിജ്ഞാനസമിതിയിൽ ചെയ്ത ഒരു പ്രസംഗം.

യേറ്റു മരിക്കുക എന്നുള്ളതു്—ഇതു് ഒരു ഘാതകന്റെ കൈകൊണ്ടു സാധിക്കേണ്ടതാണു്—ഹിംസാവാഹനങ്ങളായ വ്യക്തികളോടുള്ളസമരത്തിൽഅവരിലൊരുവന്റെ കൈകൊണ്ടു്. സ്വതന്ത്രമായ ഇന്ത്യയിൽ ഈ രീതിയിലുള്ള മരണമാണു് ഗാന്ധിജി യുക്തിപൂർവം പ്രതീക്ഷിച്ചിരുന്നതു്. അതു കൊണ്ടാണു് അമൃതകൗറുമായുള്ള സംഭാഷണത്തിൽ കഴുകമരത്തിന്റെ പ്രസ്താവം ഉണ്ടാകാതിരുന്നതു്. ഈ അപഗ്രഥനത്തിൽനിന്നും വ്യക്തമാകുന്നതു ഇതാണു്: തന്റെ ജീവിതം സമരമയമാണെന്നുള്ള ബോധം ഗാന്ധിജിയിൽ അടിയുറച്ചിരുന്നു. പ്രതിയോഗികളോ—ഹിംസയിലധിഷ്ഠിതമായ ബ്രിട്ടീഷു് ഗവണ്മെന്റു്. ഹിംസാമലീമസരായ വ്യക്തികളും ഈ വൈരികളോടു്—അല്ല വൈരിയോടു്—ഹിംസയോടു്—ഉള്ള ആജീവനാന്തമായ യുദ്ധമാണു് തന്റെ ജീവിതമെന്നു് ഗാന്ധിജി കരുതിയിരുന്നു. ആ യുദ്ധത്തിന്റെ പരിണാമവും അദ്ദേഹം പ്രതീക്ഷിച്ചിരുന്നു. ഹിംസയുടെനേർക്കു നടത്തിയ ഉത്കടമായ ഒരു സമരമായിരുന്നു ഗാന്ധിജിയുടെ അവസാനത്തെ ഉപവാസം. ഈ സമരത്തിലേക്കു് അദ്ദേഹത്തെ ഉദ്യുക്തനാക്കിയ പരിതഃസ്ഥിതികഥം നാമറിഞ്ഞില്ല; നമ്മെ അറിയിച്ചില്ല. അത്യല്പമായ ഒരു മുന്നറിയിപ്പോടുകൂടിയാണു് ഈ സമരോപവാസം സമാരംഭിച്ചതു്. രണ്ടുമൂന്നുദിവസംകൊണ്ടു് ഈ സമരം ആരുടെ നേർക്കുള്ളതാണെന്നു നമുക്കു് ഏറക്കുറെ അനുമാനിക്കുവാൻ സാധിച്ചു. എന്നിട്ടും ഇത്ര പെട്ടെന്നു ഉപവസിക്കുവാനുള്ള കാരണം നമുക്കു മനസ്സിലായില്ല. ആ സമയത്തു് ഡൽഹിയിൽനിന്നും തിരുവനന്തപുരത്തുവന്ന ഒരു വ്യക്തി പറഞ്ഞതായി ഞാൻ അറിഞ്ഞു; നിർദ്ദയമായ മഹമ്മദീയസംഹാരമാണു് ഉപവാസകാരണമെന്നു്. ഈ സംഹാരമഴിച്ചുവിടുവാനുള്ള കാരണത്തെപ്പറ്റിയും ചിലതു കേട്ടു. പക്ഷേ അതു് പരമാർത്ഥമോ പ്രചാരണോപായമോ എന്നു് അറിഞ്ഞുകൂടാ. അതെങ്ങനെ ആയാലും, ഗാന്ധിജി അദ്ദേഹത്തിന്റെ അവസാന ഉപവാസം—ഹിംസയോടുള്ള പ്രകടമായ അവസാനസമരം—ആരംഭിച്ചതു് ഒരാഴ്ചയായി തുടർന്നടന്ന മഹമ്മദീയനിഗ്രഹത്തിനെതിരായിട്ടാണെന്നുള്ള വസ്തുത ശ്രീ: ജി. രാമചന്ദ്രൻ ടൗൺഹാളിൽവെച്ചു് ചെയ്ത ഒരു പ്രഭാഷണത്തിൽ വ്യക്തമാക്കിയിരുന്നു. ഈ സമരം ആരംഭിക്കുവാനുള്ള പരിതഃസ്ഥിതികഥം ഡൽഹിയിലുള്ളവരിൽ പലരും അറിഞ്ഞിരിക്കാം. പക്ഷേ, ഈ കൊടുംകാറ്റിന്റെ അന്തഃശക്തിയേയും ഉന്മഥനവൈഭവത്തേയും പൂർണ്ണമായി ആരും അന്നു് അറിഞ്ഞിരിക്കാനിടയില്ല. അതു സാധ്യവുമായിരുന്നില്ല. അതിന്റെ പരിണാമമാണു് യാഥാർത്ഥ്യത്തിലേക്കു നമ്മുടെ കണ്ണുകളെ തുറപ്പിച്ചതു്. അതു് ഫലാനുമേയമായ ഒരു പ്രാരംഭമായിരുന്നു. ഹിന്ദുക്കളുടേയും ഹിന്ദുമതത്തിന്റേയും പേരിൽ മുളച്ചുവളർന്നുവന്ന രാഷ്ട്രസിദ്ധാന്തത്തിൽ ഹിംസാപരമായ—അധാർമ്മികമായ—രാഷ്ട്രസിദ്ധാന്തത്തിൽ വിശ്വസിക്കുന്ന ഭാരതീയരോടുള്ള ഈ സമരത്തിന്റെ പ്രത്യാഘാതം തികച്ചും പ്രകടമായതു്, ഒരു മഹാരാഷ്ട്രനായ നാഥുറാംവിനായകു് ഗോഡ്സേയിലാണു്. സംകുചിതവൃത്തിയായ ഹൈന്ദവഭാവത്തിന്റെ പ്രതിനിധ്യം അയാൾ വഹിച്ചു. അയാളുടെ ഹൃദയംകവിഞ്ഞുതുളുമ്പിവന്ന ഹിംസാവാസന അയാളെ അടിപെടുത്തി; അയാൾ അതിന്റെ നിസ്സഹായമായ ഒരായുധമായി; ആ ആയുധം അതിന്റെ കൃത്യംചെയ്തു.

ഗാന്ധിജിയുടെ മരണവാർത്ത പൊട്ടിപ്പുറപ്പെട്ടപ്പോൾ വിശ്വസിക്കുവാനുള്ള ഹൃദയകാഠിന്യം ഒരു വ്യക്തിയും പ്രദർശിപ്പിച്ചിരിക്കുകയില്ല. വിശ്വസിക്കാതെ നിവൃത്തിയില്ല എന്ന വന്നതിനുശേഷം, മനസ്സിനു് ചില നമുണ്ടായ അവസരത്തിൽ പല ഹൃദയാ

ലുക്കളും ചിന്തിച്ചിരിക്കാം; "മഹാത്മജിക്കു് ഇങ്ങനെ ഒരു ദുഷ്ടന്റെ കൈകൊണ്ടു് മരണമോ? ഈശ്വരൻ എന്നൊരു ശക്തിയില്ലേ?" എന്നു്. ഞാൻ ഈ ചോദ്യംചോദിച്ചു; പലരും എന്നോട്ടം ഈ ചോദ്യംതന്നെ ചോദിച്ചു. ഹൃദയത്തിന്റെ മാർദ്ദവമാണു് ഇതിന്റെ പിന്നിൽ നില്ക്കുന്നതു്. തത്ത്വദർശിയായ യുക്തിബോധത്തോടു് ഈ ചോദ്യം ചോദിച്ചാൽ കിട്ടുന്ന ഉത്തരം ഇതായിരിക്കും.— "ലോകചരിത്രത്തെക്കുറിച്ചു് നമുക്കുള്ള അറിവിനെ മുൻനിർത്തി നോക്കുന്നപക്ഷം ഹിംസാപരമായ മരണം സംഭവിക്കാവുന്നവരുടെ ക്രൂത്തിൽ പ്രമുഖൻ മഹാത്മാഗാന്ധിയാണു്" ഇതു് വിശദമാക്കാം. ഗാന്ധിജി ഒരു യോദ്ധാവായിരുന്നു. സമരവ്യാപൃതനായ തനിക്കു ഒരു വീരമരണം സംഭവിക്കുവാനാണു് ഇടയുള്ളതെന്നു് അദ്ദേഹം വിശ്വസിച്ചുമിരുന്നു. ഇതു് മുകളിൽ വിശദമാക്കിയിട്ടുണ്ടല്ലോ. എന്നാൽ യോദ്ധാവായതുകൊണ്ടുമാത്രം ഈവിധത്തിൽ ഹിംസിതനായേ മതിയാകൂ എന്നു ശഠിക്കാവുന്നതാണോ? എത്ര യോദ്ധാക്കൾ അവരവരുടെ ഓരോ ജീവിതപ്രഥങ്ങളിൽ സമരംചെയ്തു ജീവിച്ചു. അവരിൽ എത്രയോപേർ സാധാരണരീതിയിൽ മരണംപ്രാപിച്ചു. അതുകൊണ്ടു് ഒരു യോദ്ധാവെന്ന നിലമാത്രം വെച്ചുകൊണ്ടു് ഗാന്ധിജിക്കു് ഇങ്ങനെ ഒരു മരണമേ വരാനിടയുള്ളൂ എന്നു തീർത്തുപറയുന്നതു് ശരിയാണോ? ഈ ചോദ്യത്തിനു് അല്പം എന്നതന്നെയാണുത്തരം. പക്ഷേ വെറും ഒരു യോദ്ധാവല്ല ഗാന്ധിജി. ഹിംസയോടു യുദ്ധംചെയ്ത യോദ്ധാവാണു് അദ്ദേഹം. അദ്ദേഹത്തിന്റെ പ്രതിയോഗി ഹിംസാശക്തി തന്നെയാണു്. കരാളമായ ഈ ശക്തിയോടു്—അതിന്റെ വിവിധമുഖങ്ങളോടു്—ഇത്രത്തോളം ഉഗ്രമായി പോരാടിയ മറെറാരു ഭടനേയും ലോകചരിത്രം നമ്മെ പരിചയപ്പെട്ടുത്തിയിട്ടില്ല. ഹിംസയുടെ ശത്രുക്കളുടെഇടയ്ക്കു് പ്രഥമസ്ഥാനം നല്കുണ്ടതു് ഗാന്ധിജിക്കാണെങ്കിൽ ഇങ്ങനെ ഒരു മരണത്തിനു് അർഹതമൻ ആരാണെന്നു പറയേണ്ടതില്ലല്ലോ. അഹിംസാസിദ്ധാന്തത്തിൽ വിശ്വസിച്ചു് അതിനെ പ്രായോഗികമാക്കിയും പ്രചരിപ്പിച്ചുംജീവിതംനയിച്ചബുദ്ധദേവൻ ഏറെറവും വ്യാപകമായ ഒരു തോതിൽ ഹിംസയോടു് സമരവും ചെയ്തിരുന്നെങ്കിൽ അദ്ദേഹത്തിനും ഗാന്ധിജിയുടെ അനുഭവംതന്നെ വന്നുചേരുമായിരുന്നു. *

മഹാത്മജി മരണത്തെ ഭയന്നിരുന്നില്ല. എനിക്കു് ഞാൻ നഷ്ടമാകും എന്നുള്ള ബോധമാണു് മരണഭയത്തിനു് നിദാനം. ഈ തോന്നൽ അദ്ദേഹത്തെ ഗ്രസിക്കുവാൻ മാത്രമുണ്ടായിരുന്നില്ല. എന്തെന്നാൽ അദ്ദേഹം ഈശ്വരസന്നിധിയിൽ ആത്മസമർപ്പണം ചെയ്തിരുന്നു. പോരെങ്കിൽ പലപ്രാവശ്യവും അദ്ദേഹം മരണത്തെ അനുധാവനം ചെയ്തിട്ടുണ്ടു്. ഉപവാസങ്ങൾ ഇതിനു സാക്ഷികളാണു്. അടുത്ത കാലത്തായി മരിക്കണമെന്നുള്ള അഭിലാഷം തന്നെ അദ്ദേഹം പലവുരു വ്യക്തമാക്കുകയും ചെയ്തിട്ടുണ്ടു്. ചുരുക്കത്തിൽ അദ്ദേഹത്തിനു് മരണം കാമ്യമായിരുന്നു. അഹിംസാവ്രതമനുഷ്ഠിക്കുന്ന ഒരുവനു് മരണം; ഹിംസാബഹുലമായ ജീവിതത്തിൽ നിന്നുള്ള മോചനം എപ്പോഴും അഭിലഷണീയമാണല്ലോ. വെറുമൊരു മരണമല്ലാ, ഒരുവീരമരണമാണു് നിയതി അദ്ദേഹത്തിനു നൽകിയതു്. തന്റെ ആദർശങ്ങളെ മുൻനിർത്തി പ്രവർത്തിച്ചുകൊണ്ടു്, അങ്ങനെ പ്രവർത്തിക്കുന്നതുകൊണ്ടു് അദ്ദേഹം മരണത്തെ അഭിമുഖീകരിച്ചു. രക്തസാക്ഷിയുടെ ഉന്നത പദവിയിലേക്കു് അദ്ദേഹം ആരോഹണം ചെയ്തു.

---

* ബുദ്ധന്റെ മരണത്തിൽപോലും ഹിംസയ്ക്കു് ഒരു പങ്കുണ്ടെന്നുള്ള കഥയും വിസ്മരിച്ചുകൂടാ.

* "ഞാൻ രക്തസാക്ഷിത്വത്തിനു വേണ്ടി വെമ്പുന്നില്ല. എന്നാൽ എന്റെ വിശ്വാസത്തെ സംരക്ഷിക്കുന്നതിനു് പരമമായി ഞാൻ കരുതുന്ന കൃത്യം നിവ്വഹിക്കുന്നതിൽ അതു വന്നുചേരുന്നപക്ഷം...ഞാൻ അതിനു് അധികാരിയാകും"

ജഗദീശ്വരന്റെ ചിഹ്നമായി അദ്ദേഹം അംഗീകരിച്ചിരുന്ന രാമശബ്ദത്തിന്റെ ഉച്ചാരണത്തിലൊട്ടിപ്പിടിച്ചു് അദ്ദേഹത്തിന്റെ ജീവൻ ജഡവുമായി വേർപെട്ടു. മഹാത്മജി അങ്ങനെ ഈശ്വരനിലും മനുഷ്യനിലും വിശ്വസിച്ചു്, ആ വിശ്വാസത്തിൽനിന്നും സംജാതമായ ആവേശത്തോടുകൂടി ഹിംസയോടും അസത്യത്തോടുമുള്ള പോരാട്ടമായി തന്റെ ജീവിതത്തെ സംവിധാനംചെയ്തു്, ആ സമരം സജീവമായി നടത്തി, പ്രതിയോഗിയുടെ ക്ഷുദ്രശക്തിക്കു് തന്റെ ശരീരത്തെ ശ്രുപാന്തരപ്പെടുത്തുവാനുള്ള അവകാശം അനുവദിച്ചു്, നമ്മുടെ കണ്ണിൽനിന്നും ചരിതാർത്ഥനായി മറഞ്ഞു.

ഗാന്ധിജിക്കു് ഏറ്റവും അഭികാമ്യവും ചാരിതാർത്ഥ്യജനകവും എന്ന നിലയ്ക്കുമാത്രമല്ല ഈ മരണം പ്രാധാന്യമർഹിക്കുന്നതു്. ഹിന്ദുമുസ്ലിംമൈത്രിക്കുവേണ്ടി പ്രവർത്തിച്ചപ്പോൾ കല്ലൂട്ടായിലോ നോഖാലിയിലോവെച്ചു് ഒരു മുസ്ലിമിന്റെ കൈകൊണ്ടായിരുന്നാലും അദ്ദേഹത്തിനു് അതു് ഉത്കൃഷ്ടമായ ഒരു മരണമാകുമായിരുന്നു; രക്തസാക്ഷിത്വം കൈവരുത്തുമായിരുന്നു. പക്ഷേ അതു ഗാന്ധിജിക്കു് ലഭിച്ച മരണത്തെപ്പോലെ അദ്ദേഹത്തിന്റെ ഒരു സത്യം—ലോകം നിരാക്ഷേപമായിഅറിഞ്ഞിരിക്കേണ്ട ഒരു സത്യം—പ്രകാശിപ്പിക്കുകയില്ലായിരുന്നു. അദ്ദേഹത്തിന്റെ അസാധാരണങ്ങളായ കഴിവുകളെപ്പറ്റി ലോകം മനസ്സിലാക്കിയിരുന്നു. ഒരു രാഷ്ട്രീയനേതാവു്, സമുദായപരിഷ്കർത്താവു്, ആദ്ധ്യാത്മികചിന്തകൻ, ലോകസേവകൻ എന്നിങ്ങനെയുള്ള പല നിലകളിലും അദ്ദേഹം സമാജ്ജിച്ച ഔന്നത്യവും വിജയവും ലോകം സമ്മതിച്ചിരുന്നു. പക്ഷേ അദ്ദേഹത്തെപ്പറ്റി ഒരു സംശയം ജനിക്കാവുന്ന സാഹചര്യങ്ങളും ഉണ്ടായിട്ടുണ്ടു്. ഗാന്ധിജി ഒരു ഹിന്ദുവായി ജീവിക്കുകയും, ഹിന്ദുവാണെന്നു് അഭിമാനിക്കുകയും ചെയ്തിരുന്നു. പരമ്പരാഗതമായ മതവിദ്വേഷംനിറഞ്ഞ ഭാരതത്തിൽ ഒരു ഹിന്ദുവിനു് സത്യത്തിന്റേയും നീതിയുടേയുംപേരിൽ സ്വസമുദായതാൽപര്യങ്ങളെ അവഗണിച്ചു് മുസ്ലീം സമുദായത്തെ സേവിക്കുവാൻ കഴിയുമോ എന്നു് പലരും ശങ്കിച്ചിരിക്കാം. എന്നുമാത്രമല്ല, മതവിദ്വേഷത്തെ സ്വകാര്യസിദ്ധിക്കായി ചൂഷണംചെയ്ത ജിന്നായും നമ്മുടെ മതഭ്രാന്തിന്റെ മുതലെടുത്ത ബ്രിട്ടീഷുകാരും ലോകത്തിന്റെ നാനാഭാഗത്തും വമിച്ച ദുഷ്പ്രചരണവിഷം എത്രയോ നിഷ്കളങ്കജനങ്ങളിൽപോലും പ്രസരിച്ചിരിക്കാം; അതു് നിരുപാധികമായി ഭാരതീയരെ ഒരുപോലെ സ്നേഹിച്ച ഗാന്ധിജിയുടെ സത്യത്തെ എത്രയോ മറച്ചിരിക്കാം. ആത്മാർത്ഥങ്ങളായ ശപഥങ്ങളോ സൗഹാർദ്ദപുരസ്സരങ്ങളായ പ്രവർത്തനങ്ങളോ ഈ സത്യത്തെ തികച്ചും പ്രകാശിപ്പിക്കുവാൻ സമർത്ഥങ്ങളായിരുന്നില്ല. അതിനു് ഒരേ ഒരു മാർഗ്ഗമേ ഉണ്ടായിരുന്നുള്ളൂ. ഗാന്ധിജിയെ, ഹിന്ദുതാൽപര്യത്തെ ബലികഴിച്ചു് മഹമ്മദീയരോടു് സ്നേഹവും നീതിയും പ്രദർശിപ്പിച്ചതിനെ പ്രതിഷേധിച്ചു് ഒരു ഹിന്ദുതന്നെ വധിക്കുക. അതു് അങ്ങനെതന്നെ വന്നുകൂടി. തന്റെ പിതാവിന്റെ മരണത്തിൽ കൂടുതൽ സങ്കടപ്പെടുന്നതു് മഹമ്മദീയരാണെന്നു് ദേവദാസ്ഗാന്ധിപോലും പറഞ്ഞു. മലബാറിലെ ഒരു സാധുമഹമ്മദൻ

---

* I am not aching for martyrdom, but if it comes in my way in the prosecution of what I consider to be the suprime duty, in defence of the faith I hold..... I shall have earned it.

Mind of Mahatma Gandhi

ഗാന്ധിജിയുടെ ചരമവാർത്ത കേട്ടപ്പോൾ "നമ്മുടെ ജാമ്യക്കാരൻ പോയി" എന്നു ഖേദിച്ചു. ഗാന്ധിജിയുടെ ആ സത്യം അങ്ങനെ പകൽപോലെ എല്ലാവരും ദർശിച്ചു.

ഇങ്ങനെ ഗാന്ധിജി താൻ പ്രതീക്ഷിച്ചതുപോലെ അഭിലഷിച്ചതുപോലെ ചരിതാർത്ഥനായി, രക്തസാക്ഷിയായി സത്യത്തെ പ്രകാശിപ്പിച്ചുകൊണ്ട് നമുക്ക് അദൃശ്യനായി; ദുഃഖസാഗരം വേലാവിലംഘനം ചെയ്തു; മനുഷ്യരാശി അതിൽ ആമജ്ജിതമായീ. ഗാന്ധിജി ശാന്തിയിൽ ലയിച്ചു. നമുക്ക് അദ്ദേഹത്തിനു് ശാന്തിനേരേണ്ട. അദ്ദേഹം മരണംകൊണ്ടും മഹത്പം നേടി. നമുക്ക് അനുശോചിക്കേണ്ട. ഭാരതത്തിന്റെ സുചരിത്രത്തെ അപഹരിക്കുവാനൊരുങ്ങിയ അധർമ്മരാക്ഷസനോട് സമരംചെയ്ത് ആ ജടായു വീരസ്വർഗ്ഗം പ്രാപിച്ചു.

തസ്യ ച പ്രവയസോ ജടായുഷഃ
സ്വർഗ്ഗിണഃ കിമിതി ശോച്യതേ/ധുനാ
യേന ജർജ്ജരകളേബരവ്യയാത്
ക്രീതമിന്ദുകിരണോജ്ജ്വലം യശഃ

[സ്വർഗ്ഗംപൂകിയ ആ വൃദ്ധജടായുവിനെക്കുറിച്ച് അനുശോചിക്കുന്നതെന്തിനാണു്? അദ്ദേഹം ജരാജർജ്ജരമായ ദേഹം ഉപേക്ഷിച്ച് ഇന്ദുകിരണോജ്ജ്വലമായ പ്രശസ്തി സമാർജ്ജിച്ചു.] ആ പൊലിയാദീപം നമുക്ക് മാർഗ്ഗദർശനം നൽകട്ടെ!!

സൌന്ദര്യത്തിനു രണ്ടു ഘടകങ്ങളുണ്ട്. ഒന്നു വൈരൂപ്യം; മറ്റൊന്നാരാധകന്റെ മനസ്സ്.

* *

മലയോടൊരു മൺതരി ചോദിച്ചു: —'നീയാരു്?'

മല പകച്ചുനിന്നു.

മൺതരിതുടർന്നു: —നീ അജ്ഞതയുടെ സൃഷ്ടി; വെറുമജ്ഞതയുടെ!

മല ചിന്തിച്ചു: —അജ്ഞതയുടെ സൃഷ്ടി?—ധാർഷ്ട്യം!

കേൾക്കാനാവാത്ത ഒച്ചത്തിൽ മൺതരി ഗർജ്ജിച്ചു: നീ ഇല്ലായ്മയുടെ ബൃഹദ്രൂപം. ഞാൻ ഉണ്മയുടെ സൂക്ഷ്മരൂപം.

* * * *

കൂടിക്കാഴ്ച

പാലാ നാരായണൻനായർ

നന്ദനാരാമത്തിലെ-
ക്കല്പകത്തണലത്തു
മന്ദഹാസവുംതൂകി
നില്ക്കുന്ന മഹാത്മജി!
അന്തികത്തൊരുവള്ളി-
ക്കുടിലിൽ ശയിക്കുന്നി-
തന്തിവാനിനെപ്പോലെ
ഭാരതമഹാകവി.
നിന്ദയെപ്പോലും ഹിംസി-
ച്ചീടുവാൻ മടിക്കുന്ന
ഭദ്രനാം ദേവൻകാത്തു
നില്ക്കയാം വടിയൂന്നി.
ഘോരമാം കിനാവിനാൽ
കൺമിഴിക്കവേ, കാണായ്!
കോരംമയിർക്കൊള്ളിക്കുന്ന
ദർശനം കലാനിധി.
കുശലംചോദിച്ചില്ല,
സംശയിച്ചില്ലാ, കവി
കുതുകാൽകെട്ടിപ്പുണ-
ന്നീടിനാൻ മഹാത്മാവെ.

* * * *

മേനിയെച്ചുറ്റും കാവി-
മുണ്ടിലും, ജടക്കെട്ടാം
പൂനിലാവിലും ചോര-
ത്തുള്ളിയാം നക്ഷത്രങ്ങൾ,
ചിതറിസ്ഫുരിക്കവേ,
വിസ്മയാധീനൻ, കണ്ടു
പുതുപേക്കിനാവിന്റെ
പൂർണ്ണമാം ചരിത്രങ്ങൾ.
"കുണ്ഠിതം വേണ്ടാ; ലോക-
രെൻറെമേൽ തെറിപ്പിച്ച-
കുങ്കുമച്ചാറാണല്ലോ"
ഗാന്ധിജി, ചിരിച്ചോതി.
"മൃത്യുവെസ്നേഹിച്ചു ഞാൻ;
മൃത്യുവെപ്പൂജിച്ചു ഞാൻ!
മൃത്യുപാസ്സാഫല്യമീ-
ച്ചോരയാൽ കുറിച്ചു ഞാൻ!
ഭംഗിയാൽ ഭവദീയ-
ഗാനഗംഗകരംപുൽകും
വംഗഭൂവിനുവാന്ന
ചെന്നിണം തുടയ്ക്കുവാൻ
സ്വയമായ്ത്തുടങ്ങിയ
തീർത്ഥയാത്രയിലിന്നു
സുരലോകവും ഹാ,ഹാ,
കാണുവാൻ കഴിഞ്ഞല്ലോ!
നില്ക്കുവാൻനേരംപോരാ,
മാമുനേ! ഞാനെത്തേണം
സ്വർഗ്ഗവും കടന്നിനി
ബ്രഹ്മാണ്ഡകോടിക്കുള്ളിൽ!"
അകലത്തായിപ്പോയ
സിദ്ധനെ, കണ്ണീർവാർത്തു
കരവുംകൂപ്പിക്കൊണ്ടു
നോക്കുന്നു കവിമൗലി.

നരിയോ നാരിയോ?

ആതിച്ചനല്ലൂർ എൻ. കേശവപിള്ള ബി. എ, എൽ. റ്റി.

പണ്ടൊരിക്കൽ ഒരു രാജാവുണ്ടായിരുന്നു—ഒരു കിരാതരാജാവു്. നീതിനിഷ്ഠ, ധർമ്മവീര്യം, നിഷ്പക്ഷത മുതലായ ഉത്കൃഷ്ടഗുണങ്ങളിൽ അദ്ദേഹം മറേറതു രാജാവിനെപ്പോലെയും സംസ്കൃതനായിരുന്നു; വികാരതീക്ഷ്ണത, അഭിപ്രായശാഠ്യം മുതലായവയിൽ അദ്ദേഹം ഏതു കിരാതനെക്കാളും ഭയങ്കരനായിരുന്നു. കായ്ങ്ങൾ അദ്ദേഹത്തിന്റെ ഹിതമനുസരിച്ചു പുരോഗമിച്ചുകൊണ്ടിരിക്കുമ്പോൾ തിരുമേനി ഇളംകാറ്റുപോലെ ശാന്തനും പ്രഭാതംപോലെ പ്രസന്നനും ആയിരിക്കും. എന്നാൽ അദ്ദേഹത്തിന്റെ ഇച്ഛയ്ക്കു അണുമാത്രമായ ഒരു പ്രതിബന്ധമെങ്കിലും നിഴലിച്ചുപോയാൽ തിരുമനസ്സുകൊണ്ടു ഒരു ജ്വാലാമുഖിയുടെ സന്ദാഹകശക്തിയോടുകൂടി വിജൃംഭിക്കുന്നതു കാണാം.

സപ്രജകളെ ധർമ്മനിരതരായിക്കാണുന്നതിലും രാജ്യത്തു നിഷ്പക്ഷമായ ന്യായം നടക്കുന്നതിലുമുള്ള താല്പര്യത്താൽ, സചന്തം സംസ്കാരത്തിനും ഭാവനയ്ക്കും യോജിച്ച ഒരു ധർമ്മസ്ഥാപനം അദ്ദേഹം കണ്ടുപിടിച്ചു. അതു വൃത്താകൃതിയിൽ നിർമ്മിതമായ വിശാലമായ ഒരു മല്ലരംഗമായിരുന്നു. ഈ വിസ്തൃതരംഗത്തിനു ചുറ്റും അനേകസഹസ്രം കാണികൾക്കു ഇരിക്കുവാനുള്ള ഗ്യാലറികളും അതിനുചുറ്റും ഉന്നതമായ മതിൽക്കെട്ടും ഉണ്ടായിരുന്നു. മല്ലരംഗത്തിൽ അനവധി നിലവറകളും ഭൂഗർഭമാർഗ്ഗങ്ങളും നിർമ്മിച്ചിരുന്നു. ഈ;മല്ലരംഗത്തിൽ വച്ചായിരുന്നു രാജ്യത്തിലെ വലിയ ക്രിമിനൽകേസുകൾക്കു വിധി നിർണ്ണയിച്ചിരുന്നതു്.

കേസുകളുടെ ന്യായാന്യായങ്ങൾ തീരുമാനിച്ചിരുന്നതു് ഒരു വിചിത്രരീതിയിലായിരുന്നു. പ്രജകളിൽ ആരെങ്കിലും രാജ്ഞിയെ ആകർഷിക്കത്തക്ക ഒരു കുറ്റം ചെയ്തതായി അറിവുകിട്ടിയാൽ അയാളുടെ വിധിനിർണ്ണയത്തിനു ഒരു ദിവസം നിശ്ചയിച്ചു വിളംബരം ചെയ്യുകയായി. കേസുവിസ്താരം കാണുന്നതിനു അനവധി ജനങ്ങൾ നേരത്തേ ഹാജരായി ഗ്യാലറികളിൽ നിരന്നുകഴിയും. യഥാകാലം രാജാവു് പരിവാരസമേതം എഴുന്നള്ളി മല്ലരംഗപരിധിയിൽ ഒരു സ്ഥാനത്തു സ്ഥാപിച്ചിട്ടുള്ള ഉന്നതമായ സിംഹാസനത്തിൽ ഇരിപ്പുറപ്പിക്കും. അദ്ദേഹം കാണിക്കുന്ന ഒരു അടയാളം അനുസരിച്ചു് സിംഹാസനത്തിനു താഴെയുള്ള ഒരു മുറി തുറക്കുകയും കുറ്റക്കാരൻ അതിൽ നിന്നു പുറത്തുവന്നു മല്ലരംഗത്തിൽ പ്രവേശിക്കുകയും ചെയ്യും. രാജാസനത്തിനു നേരേ എതിരെ രംഗത്തിന്റെ മറുവശത്തു യാതൊരുവിധത്തിലും തിരിച്ചറിയാൻ കഴിയാത്തവിധം തുല്യമായ രണ്ടു മുറികൾ കാണാം. അപരാധി രാജാവിനെ വന്ദിച്ചശേഷം നേരെ മുമ്പോട്ടു നടന്നു എതിർവശത്തെത്തി അയാളുടെ ഇഷ്ടംപോലെ അതിൽ ഒരു മുറി തുറക്കണം. ഏതു മുറി തുറക്കണമെന്നുള്ളതിലേക്കു സൂചനയോ പ്രേരണയോ യാതൊന്നുംതന്നെ നല്കുന്നതല്ല.

അതിൽ ഒരു മുറി തുറന്നാൽ അതിഭയങ്കരമായ ഒരു വ്യാഘ്രം പുറത്തേക്കു ചാടി അയാളെ കടിച്ചുകീറി കൊല്ലും. ഇപ്രകാരം വധശിക്ഷ നടത്തിക്കഴിഞ്ഞാൽ ദുഃഖസൂചകമായ മണിയടിക്കുകയും പ്രത്യേകം നിയുക്തമായ അനുശോചകസംഘം യ

ത്രോചിതം ദുഃഖം ആചരിക്കുകയും ചെയ്യും. കാണികൾ ദുഃഖനിമഗ്നരായി പിരിഞ്ഞു പോകും. അപരാധിക്കെതിരായി നിയമം നടത്തുന്നതല്ലാതെ അയാളോടു യാതൊരു പകയും കാണിക്കുന്നതല്ല. കുറക്കാരൻ മറേറ മുറിയുടെ വാതിലാണു തുറന്നതെങ്കിൽ—അയാളുടെ പ്രായത്തിനും പദവിക്കും ഇണങ്ങിയവിധം, രാജാധികാരത്തിനു് സഭാപ്രജാസഞ്ചയത്തിൽനിന്നു സമ്പാദിക്കാൻ കഴിയുന്നതിൽ ഏറ്റവും സുന്ദരിയായ ഒരു സ്ത്രീരത്നം പുറത്തേക്കു വരും. അയാൾ നിരപരാധിയെന്നു തെളിയും. അയാൾക്കു പ്രതിഫലമായി അവിടെവച്ചുതന്നെ അവളെ വിവാഹംചെയ്തുകൊടുക്കും. അയാൾക്കു ഭാര്യയും കുഞ്ഞുങ്ങളും ഉണ്ടായിരിക്കാ, അല്ലെങ്കിൽ തന്റെ രുചിക്കൊത്ത ഒരു കാമിനിയിൽ പ്രണയബദ്ധനായി അവളുടെ വിവാഹമുഹൂർത്തം പ്രതീക്ഷിച്ചുകൊണ്ടിരിക്കുക മുതലായ നിസ്സാരകാരണങ്ങളൊന്നുംതന്നെ രാജഹിതത്തിന്റെ സ്വച്ഛന്ദഗതിക്കു വിപരീതമായി തലയുയർത്താൻ പാടില്ലാത്തതാണു്. നിരപരാധി എന്നു തെളിഞ്ഞുകഴിഞ്ഞ ഉടൻതന്നെ രാജാസനത്തിനു താഴെയുള്ള മറെറാരു മുറി തുറക്കുകയും സംഗീതവിദഗ്ദ്ധന്മാരാലും നൃത്തനചതുരകളായ യുവതികളാലും അനുഗതനായ ഒരു പുരോഹിതൻ പുറത്തേക്കു വരികയും ചെയ്യും. രാജസാന്നിദ്ധ്യത്തിൽ നടക്കുന്ന വിവാഹത്തിനുശേഷം ഒരു ഘോഷയാത്ര വധൂവരന്മാരെ ഭർത്തൃഗൃഹത്തിലേക്കു നയിക്കുന്നതാണു്.

ഇതാണു ന്യായം നടത്തുന്നതിനു രാജാവിന്റെ കിരാതസംസ്കാരം കണ്ടുപിടിച്ച തന്ത്രം. അതിന്റെ നിഷ്പക്ഷത സ്പഷ്ടമാണല്ലോ. ഏതു മുറിയിൽനിന്നാണു സ്ത്രീ പുറത്തുവരുന്നതെന്നറിവാൻ കുറക്കാരനു് മാർഗ്ഗമൊന്നുമില്ല; വധുവോ വധമോ തന്നെ കാത്തിരിക്കുന്നതെന്നുള്ളതിലേക്കു യാതൊരു സൂചനയുമില്ല. അയാൾക്കു ഇഷ്ടമുള്ള മുറി തുറക്കാം. ചിലപ്പോൾ ഒരു മുറിയിൽനിന്നും ചിലപ്പോൾ മറേറ മുറിയിൽനിന്നും കടുവാ പുറത്തുവരും. രക്ഷയും ശിക്ഷയും കുറക്കാരന്റെ തെരഞ്ഞെടുപ്പിനെ മാത്രമാണു് ആശ്രയിച്ചിരിക്കുന്നതു്. കുറക്കാരനെങ്കിൽ അയാൾ കടുവാക്കൂട്ടുതുറക്കും, അല്ലെങ്കിൽ മണവാളനാകും. അയാൾക്കു രസിച്ചാലുംഇല്ലെങ്കിലും രക്ഷയും ശിക്ഷയും അലംഘനീയമാണു്.

ഈ സ്ഥാപനത്തോടു പ്രജകൾക്കു വലിയ ഇഷ്ടമായിരുന്നു. വിധിനടത്തു കാണാൻ പുറപ്പെടുമ്പോൾ അന്നത്തെ കഥ വധമോ സ്വയംവരമോ എന്നു് ആർക്കും നിശ്ചയമില്ലായിരുന്നു. ഈ അനിശ്ചിതത്വം ആ സന്ദർഭത്തെ കൂടുതൽ ആകർഷകമാക്കിയിരുന്നു. അങ്ങനെ ഈ സ്ഥാപനം സാമാന്യജനങ്ങളെ രസിപ്പിക്കയും ആകർഷിക്കയും ചെയ്തിരുന്നു. പ്രജാസഞ്ചയത്തിലെ ചിന്തകന്മാർക്കും പക്ഷപാതാദിദോഷങ്ങൾ അതിൽ ആരോപിക്കാൻ കഴിഞ്ഞില്ല. തന്റെ വിധിയെ സ്വയം തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ഓരോ കുറക്കാരനും ലഭിച്ചിരുന്നു.

അദ്ധ്വരിഷ്ഠനായ രാജാവിനു് വാത്സല്യഭാജനമായി നവയൗവ്വനയുക്തയായി ഒരു പുത്രിയുണ്ടായിരുന്നു. അവൾ പിതാവിനെപ്പോലെ വികാരനിർഭരയുമായിരുന്നു. രാജസേവകന്മാരുടെ കുട്ടത്തിലുണ്ടായിരുന്ന സുന്ദരനും സുഭഗനുമായ ഒരു ധീരയുവാവിൽ കുമാരി പ്രണയബദ്ധയായി. കിരാതസഹജമായ പ്രേമതീക്ഷ്ണതയോടും വികാരപാരവശ്യത്തോടും അവൾ കാമുകനെ സ്നേഹിക്കയും ആരാധിക്കയും ചെയ്തിരുന്നു. കുറച്ചുകാലം വിഘ്നം കൂടാതെ അവരുടെ പ്രണയം വളർന്നു തഴച്ചുകൊണ്ടിരുന്നു. അങ്ങനെയിരിക്കെ ഒരുദിവസം രാജാവു് അവരുടെ രഹസ്യം കണ്ടുപിടിച്ചു. അദ്ദേഹം ഒട്ടും തന്നെ കൂലുങ്ങാതെ തിരുവുള്ളം കലങ്ങാതെ നിർദ്ദാക്ഷിണ്യം തന്റെ കർമ്മപരിപാടി നിശ്ചയിച്ചു. തന്റെ ഏകപുത്രിയുടെ കാമു

കനായ രാജസേവകൻ അടുത്ത നിമിഷം തടവുകാരനായി വിധിദിനം വിളംബരം ചെയ്യപ്പെട്ടു. സന്ദർഭവിശേഷത്താൽ ജനാവലി അസാധാരണമായ താല്പര്യം ഇതിൽ പ്രദർശിപ്പിച്ചു.

തന്റെ രാജ്യസീമയ്ക്കുള്ളിലുള്ള കട്ടവാക്കുട്ടുകളിൽ ഉള്ളതിൽ ഏറ്റവുംബലിഷ്ഠവുംക്രൂരവും ആയ വ്യാഘ്രം രാജഹിതാനുഷ്ഠാനാർത്ഥം രാജധാനിയിൽഎത്തി. അതേനിഷ്ഠുഷ്ടയോടുംശ്രദ്ധയോടുംക്രൂടിത്തന്നെഅയുവാവിന്റെ പ്രായം, സൗന്ദര്യം, പദവി മുതലായവയ്ക്കുയോജിച്ച ഒരു തരുണിയെ കണ്ടുപിടിക്കുന്നതിനു് സൗന്ദര്യവിദഗ്ധന്മാരായ ഉദ്യോഗസ്ഥന്മാർ നിയുക്തരായി. യുവാവിന്റെമേൽ ആരോപിതമായ കുറ്റമെന്തെന്നു് പ്രജകളെല്ലാം അറിഞ്ഞുകഴിഞ്ഞു. യുവാവോ കുമാരിയോ യാതൊരു പരാതിയും ബോധിപ്പിച്ചില്ല. കൃത്യനിർവ്വഹണത്തിൽ ഒരു ശങ്കാലവം രാജാവിനെ ബാധിച്ചതുമില്ല. കാര്യം എങ്ങനെ പര്യവസാനിക്കുമെന്ന രാജാവു ചിന്തിച്ചതേയില്ല. അതു് എന്തുമായിക്കൊള്ളട്ടെ. സങ്കടമനുഭവിക്കുന്നതു്, മകളാകട്ടെ, ആരുതന്നെയാകട്ടെ, തന്റെ അനുവാദമില്ലാതെ അധർമ്മം പ്രവർത്തിച്ച യുവാവിന്റെ വിധി രാജധർമ്മമനുസരിച്ചു നടത്തുകതന്നെ വേണം—അതും നിഷ്പക്ഷമായവിധത്തിൽ.

നിശ്ചിതദിവസമായി. രാജ്യത്തിന്റെ നാനാഭാഗത്തുനിന്നും ജനങ്ങൾ തിങ്ങിക്കൂടി. ശ്യാലറിമുഴുവൻ നിറഞ്ഞു; സ്ഥലം തികയാതെ ജനങ്ങൾ മല്ലരംഗത്തിന്റെ ചുറ്റുമതിലുകളിൽ സ്ഥലംപിടിച്ചു; അതിനു ചുറ്റുമുള്ള ഉന്നതവൃക്ഷങ്ങളുടെ ശാഖകൾവരെ ജനസഞ്ചയം ഇരിപ്പുറപ്പിച്ചു. രാജാവും പരിവാരങ്ങളും, നിർഭയസാദ്ധ്യം കൊണ്ടു ഭീഷണമായ കവാടയുഗ്മത്തിനെതിരെ മറുവശത്തുള്ള സ്ഥാനങ്ങളിൽ ആസനസ്ഥരായി. എല്ലാം തയ്യാറായി. സൂചന നൽകപ്പെട്ടു. രാജസിംഹാസനത്തിനു താഴെയുള്ള ഒരു വാതിൽ തുറന്നു. രാജകുമാരിയുടെ കാമുകൻ മല്ലരംഗത്തിലേക്കു കടന്നു. ദീർഘകായനായി, സുന്ദരനായി, ധീരനായി രംഗപ്രവേശംചെയ്ത ആ യുവാവു് ഉടൻതന്നെ സകല ജനങ്ങളുടേയും സ്നേഹബഹുമാനങ്ങൾക്കു പാത്രമായി. സദസ്സ് നിശ്ശബ്ദം. ഇത്ര കോമളനായ ഒരു യുവാവു് അന്നാട്ടിലുണ്ടായിരുന്നതായി അവരിൽ പലരും അറിഞ്ഞിരുന്നില്ല. രാജകുമാരി അയാളെ സ്നേഹിച്ചതിൽ യാതൊരു അത്ഭുതവുമില്ല; സ്നേഹിക്കാതിരുന്നെങ്കിൽ അതൊരു അത്യത്ഭുതമാകുമായിരുന്നു. എന്തൊരു വിപത്താണു് ഈ യുവകോമളനു സംഭവിക്കാൻ പോകുന്നതു്.

യുവാവു കുറച്ചു മുമ്പോട്ടുനടന്നു്, പതിവനുസരിച്ചു് രാജാവിനെ വന്ദിക്കാനായി തിരിഞ്ഞുനിന്നു. എന്നാൽ തിരുമേനിയെ അയാൾ ശ്രദ്ധിച്ചതേയില്ല. അയാളുടെ ദൃഷ്ടികൾ രാജാവിന്റെ വലത്തുഭാഗത്തിരുന്ന രാജകുമാരിയുടെ നേത്രങ്ങളിൽ പതിഞ്ഞു.

കിരാതരക്തത്തിന്റെ വികാരതീക്ഷ്ണതയുടെ അലംഘ്യശാസനയെ നിരസിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ രാജകുമാരി അന്നു് അവിടെ വരികയില്ലായിരുന്നു. തന്റെ കാമുകൻ തടവിലായ നിമിഷംമുതൽ അവൾ രാപ്പകൽ അനിവാര്യമായ ആ സംഭവത്തെക്കുറിച്ചു് തീവ്രമായി ചിന്തിക്കയായിരുന്നു; ആ ചിന്തയിൽതന്നെ ജീവിക്കയായിരുന്നു.

ആ രാജ്യത്തിലെ മറ്റാരെക്കാളും സ്വാധീനശക്തിയും സമ്പത്തും നിശ്ചയദാർഢ്യവും ഉണ്ടായിരുന്ന കുമാരി, രാജാവിന്റെ ഏകസന്താനവല്ലി, മറ്റൊരു തല്പരകക്ഷിയും അതുവരെ സാധിച്ചിട്ടില്ലാത്ത ഒരു കാര്യം ഇതിനിടയ്ക്കു സാധിച്ചുകഴിഞ്ഞിരുന്നു. ആ ഇരട്ടമുറിയുടെ അന്നത്തെ രഹസ്യം അവൾ മനസ്സിലാക്കിക്കഴിഞ്ഞു. കണ്ടുഗതപ്രാണ

നായി സമീപിക്കുന്ന പുരുഷനു് ശബ്ദമോ മറേറതെങ്കിലും സൂചനയോ അകത്തുനിന്നു ലഭിക്കാൻ സാധിക്കാത്തവിധം ഭദ്രമായി തയാറാക്കിയിരുന്ന ആ മുറികളിൽ ഏതിലാണു് നിഗ്രഹോദ്യുക്തമായ നരിയെന്നും ഏതിലാണു് പരിഗ്രഹോദ്യുക്തയായ നാരിയെന്നുമുള്ള രഹസ്യത്തെ രാജകുമാരിയുടെ സ്വർണ്ണനാണയവും സ്വാധീനശക്തിയും അവളുടെ മുമ്പിൽ കാഴ്ചവച്ചു.

തെററാതെ ഇറന്നാൽ, പ്രസന്നവദനയായി, നാണംകുണുങ്ങി, വരണമാല്യംവഹിച്ചു പുറത്തേക്കുവരാൻ വെമ്പിനില്ക്കുന്ന ആ യുവതിയുടെ മുറി ഏതെന്നുമാത്രമല്ല, ആ യുവതി ഏതാണെന്നും രാജകുമാരി ധരിച്ചിരുന്നു. തന്നേക്കാൾ ഉന്നതപദവിയിൽ ജീവിക്കുന്ന ഒരു യുവതിയെ സ്നേഹിച്ച കുറ്റത്തിൽ നിരപരാധിയെന്നു തെളിയിക്കാൻ കഴിയുന്നപക്ഷം, ആ യുവാവിനു് പ്രതിഫലമായി നൽകാൻപോകുന്ന തരുണി കൊട്ടാരത്തിലെ മതിമോഹിനികളിൽ ഒരുവളാണെന്ന കുമാരി മനസ്സിലാക്കിയിരുന്നു. അവളിൽ കുമാരിക്കു് അതികഠിനമായ വെറുപ്പും തോന്നിയിരുന്നു. തന്റെ കാമുകന്റെ നേരെ അഭിലാഷദ്യോതകമായ കടക്കണ്ണേറുകൾ ഈ ഗർവിഷ്ഠ അയച്ചിരുന്നതു് ചിലപ്പോൾ കുമാരിതന്നെ കണ്ടിട്ടുണ്ടു്; എന്നല്ല ചിലപ്പോൾ ഈ നിവേദനങ്ങൾ സ്വകാമുകൻ അംഗീകരിച്ചിട്ടുള്ളതായും, അല്ലെങ്കിൽ കുറഞ്ഞപക്ഷം, അറിഞ്ഞിട്ടുള്ളതായും കുമാരിക്കു തോന്നിയിട്ടുണ്ടു്. അപൂർവം ചില സന്ദർഭങ്ങളിൽ അവളും തന്റെ കാമുകനും തമ്മിൽ സംസാരിക്കുന്നതും കുമാരി കണ്ടിട്ടുണ്ടു്. എന്നാൽ അതു ഒരു നിമിഷം മാത്രമായിരിക്കും. പക്ഷേ, ഒരു ഭാരതം പറഞ്ഞുതീർക്കാൻ പ്രണയികൾക്കു് അതിൽ പകുതിസമയം മതിയല്ലോ. അവരുടെ സംഭാഷണം കേവലം നിസ്സാരമായ വല്ല കാര്യങ്ങളെക്കുറിച്ചും ആയിരിക്കാം; എന്നാൽ അതങ്ങനെയാണെന്ന കുമാരിക്കു് എങ്ങനെ അറിയാം? ആ തരുണി മനോഹാരിണിയാണു്; തന്നെ—എന്നാൽ രാജകുമാരിയുടെ കടാക്ഷാനുഗ്രഹം ലഭിച്ച ഒരു പുണ്യധാമത്തിൽ, ആരാധിക്കുവാൻതന്നെ ആയിക്കൊള്ളട്ടെ, കണ്ണോടിക്കുവാൻ അവകാശം എങ്ങനെ ധൈര്യപ്പെട്ടു? പരമ്പരാസിദ്ധമായ കിരാതരക്തത്തിന്റെ വികാരതീവ്രതയോടുകൂടി രാജകുമാരി, ആ രഹസ്യമുറികളിലൊന്നിൽ, നാണിച്ചു് കോരിത്തരിച്ചുനില്ക്കുന്ന തന്റെ എതിരാളിയെ വെറുത്തു—വെറുക്കുകതന്നെ ചെയ്തു.

ഉൽക്കണ്ഠാകുലമായി ആ മല്ലരംഗത്തിന്റെ ചുറ്റും ദൃശ്യമായ മനുഷ്യമുഖാവലിയിൽ ഏററവും വിളറിയ മുഖത്തോടുകൂടിയിരുന്ന രാജകുമാരിയുടെ കണ്ണുകളിൽ ആ യുവാവിന്റെ ദൃഷ്ടികൾ പതിഞ്ഞപ്പോൾ ആ മുറികളുടെ രഹസ്യം അവൾ അറിഞ്ഞിരിക്കുന്നു എന്നു് പ്രണയികളുടെ പടുതയവിനിമയശക്തിയുടെ അപ്രമേയപ്രഭാവത്താൽ അയാൾ കണ്ടു. അവൾ അതു അറിഞ്ഞിരിക്കുമെന്നു് അയാൾ മുമ്പുതന്നെ പ്രതീക്ഷിച്ചിരുന്നതാണു്. അവളുടെ സ്വഭാവം അയാൾ നല്ലവണ്ണം അറിഞ്ഞിരുന്നു. ആ രഹസ്യം കണ്ടുപിടിക്കുന്നതിനുള്ള രാജകുമാരിയുടെ ശ്രമത്തിന്റെ വിജയത്തെ ആശ്രയിച്ചാണു് തന്റെ ജീവിതത്തിന്റെ ഗതിയെന്നും അയാൾ തീരുമാനിച്ചിരുന്നു. അവളുടെ കണ്ണുകളിൽ തന്റെ ദൃഷ്ടികൾ പതിഞ്ഞ നിമിഷംതന്നെ കുമാരി രഹസ്യാന്വേഷണത്തിൽ വിജയിനിയായിരിക്കുന്നുഎന്നു അയാൾക്കു മനസ്സിലായി. ഉത്തരക്ഷണത്തിൽ 'ഏതു്?' എന്നൊരു ഉൽക്കണ്ഠ അയാളുടെ കണ്ണുകളിൽനിന്നു് കുമാരിയുടെനേക്കു് കുതിച്ചു. ഏററവും ഉച്ചത്തിൽ വിളിച്ചുചോദിച്ചാലെന്നപോലെ അവൾ അതു കേട്ടു. കേട്ടു എന്നു അയാൾക്കും മനസ്സിലായി. ഒരു നിമിഷം അയാൾക്കു വെറുതേ ചെലവാക്കാനില്ല; അവിടെ നില്ക്കാൻ അയാൾക്കു അനുവാദമില്ല. കണ്ണിന്റെ ഒരു മിന്നലാണു്

ആ ചോദ്യം പ്രക്ഷേപണംചെയ്യുന്നു. അപ്പടിതന്നെ ഉത്തരവും കിട്ടണം.

അവളുടെ അലസമായിരുന്ന വലത്തുകൈ അല്പമൊന്നയഞ്ഞു് അതിദ്രുതവും അതിലഘുവുംആയി വലത്തേക്കു ഒന്നു ചലിച്ചു. ആ മനുഷ്യസമുദ്രത്തിൽ അയാളല്ലാതെ മറ്റാരും അതു കണ്ടില്ല. അയാളുടേതൊഴിച്ചുള്ള കണ്ണുകളെല്ലാം അപ്പോൾ അയാളിൽ മാത്രമേ പതിഞ്ഞിരുന്നുള്ളൂ. അയാൾ മുറികളുടെ നേരെ തിരിഞ്ഞു. സുദൃഢപദവിന്യാസത്തോടുകൂടി മുമ്പോട്ടു നടന്നു. കാണികളുടെ ഹൃദയത്തുടിപ്പു നിന്നു; ശ്വാസഗതി നിശ്ചലമായി, കണ്ണുകളെല്ലാം അയാളിൽ കേന്ദ്രീകൃതമായി. സംശയലേശംപ്രകടമാതെ അയാൾ അടുത്തുചെന്നു വലത്തെമുറിയുടെ കതകുതുറന്നു.

നില്ക്കൂ, ആ മുറിയിൽനിന്നു പുറത്തുവന്നതു നരിയോ നാരിയോ? അതിനെക്കുറിച്ചു കൂടുതൽ കൂടുതൽ ആലോചിക്കുന്തോറും ഉത്തരം പറയാനുള്ള വൈഷമ്യം ഏറിയേറിവരുന്നു. മനുഷ്യഹൃദയാന്തർഭാഗങ്ങളിൽ പതിയിരുന്നു പതുങ്ങിക്കിടക്കുന്ന വികാരശതങ്ങളുടെ സൂക്ഷ്മരൂപം അഴിക്കാൻ ശ്രമിച്ചാൽ—ശ്രമിക്കാം; അതു മാത്രം.

പ്രിയപ്പെട്ട വായനക്കാരൻ ഒന്നാലോചിക്കൂ. താങ്കളുടെ ശാന്തമായ ഹൃദയംകൊണ്ടു ചെയ്യുന്ന വിവേചനമനുസരിച്ചുള്ള ഒരു തീരുമാനമല്ല ആവശ്യം. എതിരാളിയോടുള്ള അസൂയ, പ്രണയഭംഗം ഈ ഉഗ്രവികാരങ്ങളുടെ ഘോരസംഘട്ടനത്താൽ ശ്രുഭ്രോഷ്ണാവസ്ഥയിലെത്തിയിരിക്കുന്ന, കിരാതരക്തസമ്പന്നയായ ഒരു രാജകുമാരിയുടെ ഹൃദയമാണു് വിധിഏഴ്പതേണ്ടതു്. അവൾക്കു് ആ യുവാവു് ഏതായാലും അപ്രാപ്യനായി. പിന്നെ അവൾ അദ്ദേഹത്തെ ആർക്കു കൊടുക്കണം?

തന്റെ പ്രണയഭാജനം, കട്ടുവാകിടക്കുന്ന മുറി തുറക്കുന്നതായി ധ്യാനത്തിൽക്കണ്ടു് അവൾ പലതവണ ഉറക്കത്തിലും ഉണർച്ചയിലും ഞെട്ടിപ്പിടഞ്ഞു് മുഖംപൊത്തി നെഞ്ചുപൊട്ടിക്കരഞ്ഞിട്ടുണ്ടു്. വ്യാഘ്രത്തിന്റെ കരാളദന്തങ്ങൾ പതിഞ്ഞു് രക്താഭിഷിക്തമാകുന്ന ആ കനകവിഗ്രഹം അല്പപ്രാണമായിപ്പിടയുന്ന ആ രംഗംകണ്ടു് കാതരയായി കണ്ണടച്ചു് കണ്ണുനിരുദ്ധമായ രോദനത്താൽ എത്ര തവണ അവൾ യാതന അനുഭവിച്ചിട്ടുണ്ടു്!

ചിലപ്പോൾ മറേറമുറിയുടെ വാതിലിലും അദ്ദേഹം എത്തുന്നതായി അവൾ ധ്യാനിച്ചിട്ടുണ്ടു്; പല്ലുകടിച്ചു ഞെരിച്ചിട്ടുണ്ടു്; തലമുടി വലിച്ചുപിഴുതിട്ടുണ്ടു്. തുറക്കപ്പെട്ട വാതിലിൽനിന്നു് പുറത്തേക്കുവരുന്ന തരുണിയെക്കണ്ടു് അത്യാനന്ദമടയുന്ന ആ സുഭഗനെ മനസാ കാണുന്ന നരകവേദന അവൾ പലതവണ അനുഭവിച്ചിട്ടുണ്ടു്. അഹോ, ആ രംഗം എത്ര മനസ്താപകരം; ഹൃദയം ഉരുകിനീറുന്ന ദ്രുലോകരുദനം; ആ പിശാചും തന്റെ ഹൃദയവല്ലഭനും തമ്മിൽ കാണുമ്പോൾ ഭാവിജീവിതത്തിലേക്കു് പരസ്പരം എതിരേല്ക്കാൻവെമ്പുന്ന ആ വെമ്പൽ; ലജ്ജാപാടലമായ പൂങ്കവിളിൽ ചുഴിക്കുഞ്ഞുകളിക്കുന്ന നുണക്കുഴികളോടും മിന്നിത്തിളങ്ങുന്ന കൺകടക്കളിയോടും മന്ദയാനംചെയ്തു അടുത്തടുത്തുവരുന്ന അവളുടെ ആ വരവു്; ജീവിതത്തിന്റെ പുനർല്ലബ്ധിക്കു് സഹജമായ ഔദാര്യത്തോടുകൂടി അദ്ദേഹം അവളെ ആലിംഗനംചെയ്യുന്ന ആ രംഗം; അവരുടെ വിവാഹമഹോത്സവത്തിൽ തിരയടിച്ചുമറിയുന്ന മനുഷ്യകോലാഹലസമുദ്രത്തിൽ മുങ്ങിപ്പോകുന്ന തന്റെ ശ്വാസനാളഭേദിയായ നെടുവീർപ്പു്;—അയ്യോ, ഗന്ധകസമുദ്രത്തിലെ ജ്വാലാകലാപം—ഇവ എങ്ങനെ ആ പെൺകൊടി സഹിക്കും?

പരാംഗനാകരസ്പർശത്താൽ മലീമസമാ

യിട്ടില്ലാത്ത ആ കോമളവിഗ്രഹം ആസുരമായ ഈ ഭ്രലോകജീവിതത്തിൽനിന്ന് ഉടൻതന്നെ വിമുക്തനായി, തന്റെ വരവിനെമാത്രം പ്രതീക്ഷിച്ചുകൊണ്ടു സ്വർഗ്ഗീയജീവിതം നയിക്കയല്ലേ ഉത്തമം; അയ്യോ! അരനിമിഷമെങ്കിലും വെണ്മകൊണ്ടുതന്നെ ഭീകരമായ ആ വ്യാഘ്രദന്തങ്ങൾ ആ മൃദുലവിഗ്രഹത്തിൽ തുളച്ചുകയറുന്നതു്—അഭിമാനംകൊണ്ടഅമത്തപ്പെട്ടന്ന ആ രോഷനം—ആ രക്തപ്രവാഹം!

അവൾ അവളുടെ സൂചന ഒരുനിമിഷംകൊണ്ടു നൽകിക്കഴിഞ്ഞു. എന്നാൽ ആ നവധി ദിനരാത്രങ്ങളിലെ ഹൃദയഭേദകങ്ങളായ ചിന്തകൾക്കുശേഷമാണു് നല്കുണ്ട സൂചന എന്തായിരിക്കണമെന്നു് അവൾ നിശ്ചയിച്ചതു്. "മുറിയേതു്?" എന്നു് അദ്ദേഹം തന്നോടു മൗനമായിചോദിക്കുമെന്നും അപ്പോൾ എത്രത്തരം കൊടുക്കണമെന്നും അവൾ മുൻകൂട്ടിത്തന്നെ നിശ്ചയിച്ചുകഴിഞ്ഞിരുന്നു. യാതൊരു പതർച്ചയുംകൂടാതെ വലത്തുകൈ ഇളക്കി അവൾ ആ സൂചന കൊടുക്കയുംചെയ്തു. അവളുടെ തീരുമാനം എന്തായിരിക്കുമെന്ന അത്ര ലാഘവമായി തീർച്ചപ്പെടുത്തിക്കളയാവുന്ന ഒന്നല്ല. അതു നിഷ്പ്രയാസം തീരുമാനിച്ചുകളയാമെന്നു വിചാരിക്കത്തക്ക അജ്ഞതകൊണ്ടു ഞാൻ അനുഗ്രഹീതനുമല്ലാ. അതുകൊണ്ടു ആ തീരുമാനം ബുദ്ധിമാന്മാരായ നിങ്ങൾതന്നെ ചെയ്യണം. ആ ഉറന്ന വാതിലിൽക്കൂടി പുറത്തുവന്നതു ആരായിരിക്കും—നരിയോ, നാരിയോ?

കുറിപ്പ്

ലേഖനം, മനഃപൂർവം ഒരു ചോദ്യത്തിൽ അവസാനിപ്പിച്ചിരിക്കുന്നു. ഒരു കുരുക്കഴിക്കാൻ നമ്മോടാവശ്യപ്പെട്ടിരിക്കയാണ്. ഉത്തരം നാമോരോരുത്തരും ഉണ്ടാക്കണം. ലേഖകൻ നമ്മെ ക്ഷണിക്കുന്നു. ഉത്തരം പറയുന്നവൻ, അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മറയനാണ്. പത്രാധിപർ ഒരു മറയനാകാൻ പോകുന്നു!

ഒരുകാര്യം തീർച്ച. അവൾ കാട്ടിക്കൊടുക്കുന്നതു്, അഥവാ അവൻ തുറക്കുന്നതു് കട്ടവാതിലുകടക്കുന്നതിനുമുമ്പായാണ്. അങ്ങനെയല്ലെന്നു പറയുവാൻ പുരുഷന്മാർ ധൈര്യപ്പെട്ടേയ്ക്കും. സ്ത്രീയുടെ ചിന്താശക്തി അവർ മനസ്സിലാക്കുന്നില്ല. സ്ത്രീയുടെ മനഃശാസ്ത്രം ഒന്നു വേറെതന്നെയാണ്. നിങ്ങൾ ഈ ഭ്രമുഖത്തുള്ള ഓരോ സ്ത്രീയോടും ചോദിക്കുക. ഹൃദയം തുറന്നു പറയാൻ പറയണം. വല്ലപ്പോഴും ഒരു സത്യംപറയുന്നതിനു വിരോധമില്ലെന്നു പറയണം. എന്നിട്ടു നിങ്ങൾ കേൾക്കണം. നിങ്ങൾ മേൽപ്പറഞ്ഞ ഉത്തരംതന്നെ കേൾക്കും. സംശയമില്ല.

ഇവിടെ ഉപനിഷത്തെത്തുപറയുന്നു?

നവാ അരേ പത്യുഃ കാമായ പതിപ്രിയോ ഭവതി
ആത്മനസ്തു കാമായ പതിഃ പ്രിയോ ഭവതി.

ഈ ഭ്രമുഖത്തു്, ഒരുസ്ത്രീയെങ്കിലും, തന്റെ ഭർത്താവിനുവേണ്ടി ഭർത്താവിനെ സ്നേഹിക്കുന്നില്ല. പിന്നെയോ, തനിക്കുവേണ്ടിത്തന്നെ, ഭർത്താവിനെ സ്നേഹിക്കുന്നു.

ഇതെത്ര പരമാർത്ഥം!

[പത്രാധിപർ]

പൃഥിവി വൃക്ഷത്തോടു ചോദിച്ചു:— ലോകദൃഷ്ടിയിൽ അങ്ങുകുന്നുകൾപോകുന്നു; എന്നിട്ട്, നിഗൂഢമായി, എന്റെ ഹൃദയാന്തർഭാഗത്തിലേയ്ക്കധികമധികം ആഴ്ന്നിറങ്ങുകയും! നാഥാ! എന്താണിതിന്റെ അർത്ഥം?

* * * *

കമ്മ്യൂണിസം

എം. ആർ. മാധവവാര്യർ ബി. എ. എൽ എൽ. ബി.

കമ്മ്യൂണിസംഎന്നുപറഞ്ഞാൽ സാമാന്യമാക്കു ഒരു ഞെട്ടക്കംവരും. അതു ലോകത്തിലെ ഒരു പ്ലേഗായി വിചാരിക്കപ്പെടുന്നു. അതിന്റെ വിഷാണുക്കൾ പൊട്ടിപ്പുറപ്പെട്ടതു് റഷ്യയിൽനിന്നാണു്. കമ്മ്യൂണിസവും ആസുരീസമ്പത്തുമായി വളരെ പൊരുത്തമുണ്ടെന്നു ആത്മീയചിന്തകന്മാർ പറയുന്നു. ഹിംസ, അഹങ്കാരം, ഔദ്ധത്യം, ഉൽമാർഗ്ഗം, നാസ്തികത്വം എന്നുവേണ്ടാ സകല ദുർഗ്ഗുണങ്ങളും കമ്മ്യൂണിസത്തിന്റെ പര്യായപദങ്ങളാണു്. റഷ്യയിലെ ഏകാധിപത്യവും സ്വാതന്ത്ര്യഹീനതയും ക്രൂരതയും കുപ്രസിദ്ധംതന്നെ. കമ്മ്യൂണിസത്തിന്റെ പ്രചരണംമൂലം ലോകത്തൊരിടത്തും സ്വസ്ഥതയില്ല. ചൈനയെ കമ്മ്യൂണിസ്റ്റുകാർ മുക്കാലും വിഴുങ്ങിക്കഴിഞ്ഞു. ബർമ്മായ്ക്കു സ്വാതന്ത്ര്യം കിട്ടിയതോടുകൂടി അവിടെ കമ്മ്യൂണിസ്റ്റ് ബഹളങ്ങൾ വർദ്ധിച്ചു. മലയായിൽ കമ്മ്യൂണിസ്റ്റ് അഭ്യുത്ഥാനത്തെ അടിച്ചമർത്തുവാൻ ബ്രിട്ടീഷ് ഗവർമ്മെൻറു് വളരെ വിഷമിക്കുന്നു. ഇൻഡൊനേഷ്യയിൽ കമ്മ്യൂണിസ്റ്റ്കക്ഷിക്കു പ്രബലതവർദ്ധിച്ചുവരുന്നു. ഇന്ത്യയുടെ ചില ഭാഗങ്ങളിൽ കമ്മ്യൂണിസ്റ്റ് കൾക്കു് ശക്തിയുണ്ടു്. യൂറോപ്യൻ യുദ്ധത്തിനുശേഷം പോളൻറ്, സെക്കൊസ്ലോവാക്കിയ, ഹംഗേറി, ആസ്ത്രിയാ, റുമേനിയാ, ബർഗേറിയാ, യുഗോസ്ലാവിയാ മുതലായ രാജ്യങ്ങൾ റഷ്യൻ മേഖലയിൽപ്പെട്ടുപോയി. ഗ്രീസിലെ ആഭ്യന്തരസമരം തന്നെ കമ്മ്യൂണിസത്തിനു് അവിടെ സ്ഥാനമുണ്ടാക്കുന്നതിനാണു്.

കമ്മ്യൂണിസത്തെ പ്രചരിപ്പിക്കുവാൻ കമ്മ്യൂണിസ്റ്റുകൾ പ്രയോഗിക്കുന്നതന്ത്രം എല്ലായിടത്തും ഒന്നുതന്നെ. തൊഴിലാളികളും മുതലാളികളുമായി മത്സരമുണ്ടാക്കുകയും വിദ്യാർത്ഥികളെ ഇളക്കുകയും നിലവിലുള്ള ഗവർമ്മെൻറിനെപ്പറ്റി വിദ്വേഷം ജനിപ്പിക്കുകയും നിവൃത്തിയുണ്ടെങ്കിൽ ഏതുവിധത്തിലും അധികാരം കൈവശപ്പെടുത്തുകയുംചെയ്യുകയാണു് അവരുടെപതിവു്. കാര്യംസാധിക്കുവാൻ ധാർമ്മികമോ അധാർമ്മികമോ ആയ ഏതു മാർഗ്ഗവും അവർ സ്വീകരിക്കും. അവർക്കു് മതം, സന്മാർഗ്ഗം, സമുദായം മുതലായവയെപ്പറ്റി പുച്ഛമാണു്. ജന്മിയേയും മുതലാളിയേയും ആക്ഷേപിക്കുകയും നിവൃത്തിയുണ്ടെങ്കിൽ അവരെ ചൂഷണംചെയ്യുകയുമാണു് അവരുടെ തൊഴിൽ. പണംകിട്ടുന്നതിനു് കവർച്ചയൊ കൊലയൊ നടത്തുന്നതിനു് അവർക്കു് മടിയില്ല. മോഷണവും അസത്യവും മദ്യപാനവും വ്യഭിചാരവുംമറ്റും അവരുടെ സ്മൃതികളിൽ പാപകരമൊ കുറ്റകരമൊ അല്ല. ഇങ്ങനെയെല്ലാം അവർ ചെയ്യുന്നതു സാമാന്യക്കാരന്റെ പേരുംപറഞ്ഞാകുന്നു.

കമ്മ്യൂണിസ്റ്റുകാരന്റെ ജാലവിദ്യകളിൽ സാധാരണക്കാർ കുടുങ്ങിപ്പോകും. "മുതലാളിയേയും ജന്മിയേയും ഇല്ലാതാക്കാം. ഭൂമിമുഴുവൻ ആളെണ്ണി വീതിക്കാം. വേലക്കാരനേയും കോടീശ്വരനേയും ഒരേ നിലയിലാക്കാം. കുബേരനും കുചേലനും തമ്മിൽ വ്യത്യാസമില്ല. സകലർക്കും സൌജന്യമായി വിദ്യാഭ്യാസം നൽകാം.

പ്രധാനമന്ത്രിക്കും പൂണിനും വേലക്കാരനും എല്ലാവക്കും ഒരേ ശമ്പളമാക്കാം. ഈ സമത്വസുന്ദരമായ ആദർശലോകത്തെത്തുവാൻ എന്തും പ്രവത്തിക്കുന്നതു കുറ്റകരമല്ല. പാപമെന്നും അധമ്മമെന്നും അസത്യമെന്നും ഹിംസയെന്നും മതമെന്നും സമുദായമെന്നുംമറ്റും പേർപറഞ്ഞു മുതലാളികളും ജന്മികളുംമറ്റും വേലക്കാരെ അടിമത്തനത്തിൽ വെച്ചുകൊണ്ടിരിക്കുകയാണു്. ഈ വേഭാന്തങ്ങളെ ദൂരെക്കളഞ്ഞു് സമത്വം സ്ഥാപിക്കുക" ഇങ്ങിനെയാണു് കമ്മൂണിസ്റ്റിന്റെ ഉപദേശം. ഏതുരാജ്യത്തും ഭൂരിപക്ഷം ജനങ്ങളും പട്ടിണിയും രോഗവും അജ്ഞതയും അസമത്വവുംകൊണ്ടഞ്ഞെരിപൊരിക്കൊള്ളുന്നവരാണു്. കമ്മൂണിസമാകുന്ന മമ്മാണിഗ്ലളികകൊണ്ടു് ഇവയെല്ലാം ഒരു നിമിഷത്തിൽ ഭസ്മീകരിക്കാമെന്നു കേൾക്കുമ്പോൾ ആരാണു് ഇളകിച്ചാടാത്തതു്. റഷ്യയിൽ അങ്ങിനെ സാധിച്ചുകഴിഞ്ഞുവെന്നു് കയ്യടിച്ചു സത്യംചെയ്താൽ പ്രചരണം പൂത്തിയായി. റഷ്യയിലെ കമ്മൂണിസം ഇങ്ങോട്ടു പകത്തുവാൻ അവിടെ എന്തെല്ലാം ഗോഷ്ടികൾ കാണിച്ചിട്ടുണ്ടോ അവയെല്ലാം ആവത്തിക്കണം.

പട്ടിണിയും രോഗവും അജ്ഞതയും അസമത്വവും ഇല്ലാതാക്കണമെന്നു് ലോകത്തുള്ള എല്ലാ ഗവമ്മെൻറുകളും ആഗ്രഹിക്കുന്നു. വളരെക്കാലമായി പല പരിഷ്കൃത ഗവമ്മെൻറുകളും ആ ലക്ഷ്യത്തെ പൂരിപ്പിച്ചു പ്രവത്തിക്കുന്നു. എന്നാൽ സ്വാതന്ത്ര്യത്തേയൊ സന്മാർഗ്ഗത്തേയൊ സംസ്കാരത്തേയൊ ബലികഴിച്ചു് സാമ്പത്തികസമത്വം സ്ഥാപിക്കണമെന്നു് ഒരു പരിഷ്കൃത ജനതയും ഉദ്ദേശിക്കുന്നില്ല. കമ്മൂണിസപ്രചരണത്തിന്റെ ഫലം നിതാന്തമായ അസ്വാതന്ത്ര്യവും ഹിംസയും ശണ്ഠയും അധമ്മവുമാണെങ്കിൽ ആ സാമ്പത്തികസമത്വം സുഖകരമല്ല. ഞാൻ കമ്മൂണിസ്റ്റാദർശത്തെ ബഹുമാനിക്കുന്നു. എന്നാൽ കമ്മൂണിസ്റ്റുകർ ആ ആദർശപ്രാപ്തിക്കു് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ നമ്മുടെ സംസ്കാരത്തിനോ ധമ്മത്തിനോ ചേർന്നതല്ലെന്നാണെന്റെ അഭിപ്രായം. ഒരു രാജ്യത്തിനാവശ്യമുള്ള സാമ്പത്തികവിഭവങ്ങൾ സ്റ്റേററിന്റെ മേൽനോട്ടത്തിൽ ജനങ്ങളുടെ സ്വതന്ത്രമായ പ്രവത്തനംകൊണ്ടുണ്ടാക്കുക. ആ വിഭവങ്ങളെ നീതിപൂവ്വം വിഭജിക്കുക. ഇപ്രകാരം ചെയ്യുന്നതിനു് ഒരു സാമ്പത്തികപദ്ധതി ആസൂത്രണം ചെയ്യുക. ഈ മൂന്നു കാര്യങ്ങളിൽ യോജിക്കാത്തവർ ചുരുക്കമാണു്. അതിനു് ഈ നാട്ടിനു യോജിച്ച പദ്ധതിയെന്താണെന്നു് ഇവിടുത്തെ ജനങ്ങളാലോചിച്ചു നിശ്ചയിക്കണം. റഷ്യയിൽ ലെനിനൊ സ്റ്റാലിനൊ അവിടുത്തെ പരിതഃസ്ഥിതികൾക്കും സംസ്കാരത്തിനും അനായോജ്യമായി കണ്ടുപിടിച്ച പദ്ധതികൾ ഈ രാജ്യത്തിലെ സ്ഥിതിക്കു് യോജിച്ചതല്ല.

ജനായത്തസിദ്ധാന്തങ്ങളെ ബലികഴിക്കാതെയും അക്രമത്തിനു് പ്രേരണനൽകാതെയും വർഗ്ഗങ്ങൾതമ്മിൽ കലഹമുണ്ടാക്കാതെയും ഇന്ത്യയിൽ ഒരു സാമ്പത്തിക വിപ്ലവമുണ്ടാക്കുന്നതിനു മഹാത്മാഗാന്ധി നിർദ്ദേശിച്ചിട്ടുള്ളതു ഗ്രാമസ്വരാജാണു്. ഇന്ത്യയിലെ ഗ്രാമങ്ങളെ സ്വതന്ത്രമാക്കുകയും ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ ഒരു സാമ്പത്തികപദ്ധതി സഹകരണസിദ്ധാന്തമനുസരിച്ചു പ്രായോഗികമാക്കുകയും ചെയ്താൽ നമ്മുടെ സാമ്പത്തിക ഭാവി ഭദ്രമായിരിക്കുമെന്നു് അദ്ദേഹം ഉപദേശിക്കുന്നു. നാം റഷ്യയിലെ ഭരണഘടന പകത്തുകയും അതിൽ ജനായത്തസിദ്ധാന്തങ്ങൾക്കു പ്രസക്തിനൽകുകയും ചെയ്താലും വലിയ ദോഷമില്ല. കമ്മൂണിസമാകുന്ന റഷ്യൻചെടി ഇന്ത്യയിൽ നട്ടുവളത്തിയാൽ അതു മഴയത്തു് കുരുത്തു് വെയിലത്തു് വാടും. രജസ്സും തമസ്സും നിറഞ്ഞ റഷ്യൻമാർഗ്ഗം സത്വഗുണപ്രധാനന്മാരായ ഇന്ത്യാക്കാക്കിഷ്ടമല്ല. റഷ്യയിലെ കൊള്ള

രുതായ്മകളും ദോഷതപങ്ങളും പകർത്താതെതന്നെ നമുക്കു ക്രമേണ നമ്മുടെ സാമ്പത്തികഭാവി ശോഭനമാക്കുവാൻ കഴിയും.

ഹിംസയിലോ അധർമ്മത്തിലോ അടിയുറച്ചിരിക്കുന്ന ഒരു രാഷ്ട്രീയകക്ഷിക്കും ജനങ്ങളൊ ഗവണ്മെന്റൊ യാതൊരുവിധമായ പ്രോത്സാഹനവും നൽകരുതാത്തതാകുന്നു. റഷ്യൻ കമ്മ്യൂണിസത്തെ പിഞ്ചിലേ ഇന്ത്യയിൽനിന്നു് നുള്ളിക്കളഞ്ഞില്ലെങ്കിൽ ചൈനയിലെപ്പോലെ സുദീർഘമായ ഒരാഭ്യന്തരസമരത്തെ നാം അഭിമുഖീകരിക്കേണ്ടതായിവരും. ഇന്ത്യ ഒരു സ്വതന്ത്രരാജ്യമെന്നുള്ളനിലയിൽ ഉടലെടുക്കുവാൻ ഭാവിക്കുന്നതേയുള്ളൂ. ഇന്ത്യയ്ക്കു് സുപ്രതിഷ്ഠയും ശക്തിയും വരുന്നതിനുമുമ്പു് അതിനെ താറുമാറാക്കുവാനും ദുർബ്ബലമാക്കുവാനും ഏതു രാഷ്ട്രീയകക്ഷി കച്ചകെട്ടിയിറങ്ങിയാലും ആ കക്ഷിയെ ഇന്ത്യയുടെ ഒന്നാമത്തെ ശത്രുവായി ഗണിക്കേണ്ടതാണു്. ഇന്ത്യയുടെ ശക്തിക്കും നിലനില്പിനും ഹാനിപററാതെയും ഇന്ത്യാക്കാരുടെ സംസ്കാരത്തിനു കേടുകൂടാതെയും നാം കൈവരിച്ചിട്ടുള്ള അഹിംസയ്ക്കും ജനായത്തസിദ്ധാന്തത്തിനും വിരുദ്ധമല്ലാതെയും കമ്മ്യൂണിസ്റ്റാദർശം പ്രചരിപ്പിക്കുകയോ പ്രയോഗത്തിൽ വരുത്തുകയോ ചെയ്യാമെങ്കിൽ അതിനെ സ്വാഗതംചെയ്യുവാൻ ബഹുഭൂരിപക്ഷം ജനങ്ങളും സന്നദ്ധരായിരിക്കും. ഇവിടത്തെ ജനങ്ങളിൽ ഭൂരിപക്ഷവും വീടുംകുടുമ്മുള്ളവരും ധർമ്മബോധമുള്ളവരുമാകുന്നു. യുഗോസ്ലോവിയായിലെ സ്ഥിതിഗതികളെ പരിഗണിച്ചു് മാർഷൽ ടിറോ സ്റ്റാലിന്റെ നിർദ്ദേശങ്ങളും മുഴുവൻ സ്വീകരിക്കുവാൻ സന്നദ്ധനായില്ല. അതുപോലെ നമ്മുടെ പരിതഃസ്ഥിതികളനുസരിച്ചു പുരോഗമനോന്മുഖമായ ഒരു പദ്ധതി ഏറ്റെടുത്താമെന്നല്ലാതെ റഷ്യൻ കമ്മ്യൂണിസത്തെ ഇവിടെ അപ്പടിപകർത്താമെന്നുള്ള ചിലരുടെ വ്യാമോഹം അസ്ഥാനസ്ഥിതമാണു്. സാമ്പത്തികമായ ഏതാനും സൂത്രണം നടപ്പിൽവരുത്തണമെങ്കിലും ഭീർഘമായ ചിന്തയും പഠനവേഷണവും അനപേക്ഷണീയമാകുന്നു. ലോകപരിചയമുള്ളവരും കാര്യഗൗരവമറിയാവുന്നവരും വെറും ആദർശഭ്രാന്തന്മാരായിരിക്കുകയില്ല.

കുറിപ്പ്

"ഞാൻ കമ്മ്യൂണിസ്റ്റാദർശത്തെ ബഹുമാനിക്കുന്നു, എന്നാൽ കമ്മ്യൂണിസ്റ്റുകാരും ആ ആദർശപ്രാപ്തിക്കു സ്വീകരിച്ചിട്ടുള്ളമാർഗ്ഗങ്ങളും നമ്മുടെ സംസ്കാരത്തിനോ ധർമ്മത്തിനോ ചേർന്നതല്ലെന്നാണ് എന്റെ അഭിപ്രായം".

കമ്മ്യൂണിസം സ്വീകാര്യമല്ലെങ്കിൽ, ഇതിൽ ഞങ്ങൾക്കഭിപ്രായവ്യത്യാസമില്ല. എന്നാൽ കമ്മ്യൂണിസം ആദരാർഹമാണെന്നും അതിലേയ്ക്കുള്ള മാർഗ്ഗംമാത്രം അവജ്ഞാർഹമാണെന്നും പറയുന്നതു്, യുക്തിസഹമല്ല. ലക്ഷ്യം ശ്രേഷ്ഠമാണെങ്കിൽ, അവിടെ എത്തിച്ചേരുമെന്നു തീർച്ചയാണെങ്കിൽ, മാർഗ്ഗത്തെപ്പററി എന്തിനു സംശയിക്കണം? ഹിംസതൊടാതെ ഒരഹിംസയെങ്കിലും ജന്മമെടുക്കുന്നുണ്ടോ? യുധിഷ്ഠിരന്റെ സത്യധർമ്മാദി

കർണനിറഞ്ഞ സാമ്രാജ്യം സ്ഥാപിച്ചുകിട്ടാൻ, കുരുക്ഷേത്രത്തിൽ എത്രയെത്ര കൊടുംകൊലകളാണു് നടന്നതു്! ഗുരുഹത്യ, ബ്രാഹ്മണഹത്യ മുതലായമഹാപാപങ്ങൾ(അവ മഹാപാപങ്ങളാണെങ്കിൽ) ചെയ്യാൻ ഭഗവാൻ ഗോപാലകൃഷ്ണൻ ഉപദേശിക്കുകകൂടി ചെയ്തില്ലേ? ആ മഹാരഥനായ ഭീഷ്മപിതാമഹനെപ്പോലും വധിക്കാൻ പ്രേരിപ്പിക്കുകയുണ്ടായില്ലേ? എന്തിനു്? ധർമ്മസംസ്ഥാപനത്തിനു്!

നാം ഭാരതീയരെന്നഭിമാനിക്കുന്നു! ഭരതനാണു ഭാരതത്തിന്റെ സ്രഷ്ടാവെന്നോർമ്മിക്കാറുണ്ടോ? ഭരതന്റെ ജനനത്തിനു കാരണമായ സംഭവമെന്തു്? അതെവിടെവച്ചു്? പരമപാവനമായ ഒരാശ്രമം, സാതിശയസുന്ദരമായ ഒരു പർണ്ണശാല—അവിടെ അന്നെന്താണു നടന്നതു്? മനഃശാസ്ത്രം അന്നുമിന്നുമൊന്നുതന്നെ. ആ സംഭവത്തിനു ഗുരുജനാനുമതി ലഭിച്ചിരുന്നോ? നാട്ടുവാഴിയുടെ ചാപല്യത്തെ നിഷേധിക്കാൻ ധൈര്യപ്പെടാതിരുന്ന നിയമശാസ്ത്രം, പണ്ടേയുള്ളപണ്ടേ സൃഷ്ടിച്ചതാണു് ഗാന്ധർവ്വവിവാഹം. അതതുയ്ക്കേയുള്ളൂ! നിങ്ങൾ അതുകൊണ്ടു തൃപ്തിപ്പെടുന്നുണ്ടോ? അതിരിക്കട്ടെ. ആ ഭരതന്റെ പ്രിയജനനി—ദുഃഷന്തന്റെ മഹാറാണി—ആ സ്ത്രീരത്നത്തിന്റെ ജനനം? സൗന്ദര്യത്തിൽ തട്ടിയുടഞ്ഞ തപോബലത്തിന്റെ ചില്ലുകൂടിനകത്തു്, ആ വൃത്തികെട്ട രംഗം നാം കാണുന്നു! ഒരു മഹാന്റെ അധഃപതനം നാം ദർശിക്കുന്നു. അങ്ങനെ ശകുന്തള ഭ്രജോതയാകുന്നു!

ഇങ്ങനെ രണ്ടു സംഭവം—ഒന്നിനുമേൽ മറെറാന്നു—നിങ്ങൾക്കിഷ്ടമുള്ള പേരിട്ടുകൊള്ളുക—ഭാരതത്തിന്റെ പിന്നിൽ നാം കാണുന്നു. ആദർശസുന്ദരമായ ഭാരതത്തിന്റെ!

വായനക്കാർ കയർക്കാതിരുന്നാൽ ഒരു കാര്യംകൂടി പറയാം. ഒരു ചിത്തസംഭവം

മറച്ചുകൊണ്ടായില്ല; അതുണ്ടാവാതെസൂക്ഷിക്കണം. നല്ല സംഭ്രമമാണെങ്കിൽ പറയുന്നതിനു വിരോധമില്ലല്ലോ. എന്തായാലും നിങ്ങടം വികാരങ്ങളെ, ഒന്നടക്കി, കടിഞ്ഞാൺ, ബലമായി പിടിച്ചുകൊള്ളണം. ലോകത്തിനു സംഭാവനചെയ്യാൻ ഒരു വമ്പിച്ചസമ്പത്തു നമുക്കുണ്ട്. എത്ര എത്ര കൊടുത്താലും ഒടുങ്ങാത്ത ഒരു മഹാസമ്പത്തു്. അതുമീയസമ്പത്തു്! അതുടെ മഹാനുഗ്രഹത്താൽ അതുനമുക്കു ലഭിച്ചുവോ, ആ ദിവ്യപുരുഷന്റെ—ആ പുണ്യാത്മാവിന്റെ—ആ മഹർഷിസത്തമന്റെ-ഭഗവാൻ വ്യാസന്റെ—തൃച്ചേവടികളിൽ നാം പുഷ്പാഞ്ജലിചെയ്യുക! ആ തിരുവായ്മൊഴികളിൽ തന്നെ നാം ശ്വാസോച്ഛ്വാസം ചെയ്യുന്നു. എന്നാൽ, ആ ഭക്തിപ്രകർഷത്തിനു തെല്ലുമൊരുനം ഭവിക്കാതെ നമ്മുടെ മനസ്സാകുന്നചെറുവഞ്ചിയെ അല്പം പുറകോട്ടു തുഴയുക. ഒരു കടത്തുവഞ്ചി നാം കാണുന്നു. നാം തലകുനിച്ചുകളയുന്നു. നീതിബോധം കണ്ണടച്ചുകളയുന്നു! മറ്റാരും ധൈര്യപ്പെടാത്ത ആ സന്ദർഭം—ആ പ്രവൃത്തി—ആ തൊരു സംസ്കാരത്തിന്റെ ചിഹ്നമല്ലെന്നു നമുക്കറിയാം. ഫലമെന്തായാലും അവിടെ നാം ഞെട്ടിപ്പോകുന്നു. സമാധാനസംരക്ഷകനായ ഒരു പോലീസുദ്യോഗസ്ഥൻ അടുത്തുണ്ടായിരുന്നെങ്കിൽ എന്നു നാം വെറുതെ ഒന്നു ചിന്തിച്ചാൽ, ഒരിക്കലും ജാമ്യമനുവദിക്കാത്ത ഒരു കേസ്സുകൂടി പുറകേ സങ്കല്പിക്കേണ്ടിവരും!

ഈ സംഭവങ്ങളെല്ലാം എന്താണു്? പ്രാചീനഭാരതത്തിന്റെ സംസ്കാരചിഹ്നങ്ങളാണോ? ഇങ്ങനെ എത്ര എത്ര! സിരാക്ഷോഭംകൂടാതെ, സമാധാനമായി, ചിന്തിക്കുക. എന്തായാലും ഒന്നു തീച്ചു. കാറൽമാർക്സും കമ്മ്യൂണിസവും അവിടെയില്ലായിരുന്നു!

സുഹൃത്തുക്കളെ, ഒരു കാര്യം നാം മനസ്സിലാക്കണം. കുറെങ്ങളും കുറവുകളും എപ്പോക്കാലത്തുമുണ്ടായിരുന്നു. എപ്പോദേശത്തും! ഏതുനീചവൃത്തികളും അങ്ങനെതന്നെ. പാപപുണ്യവുമൊരുമിച്ചിരിക്കുന്നു. സത്യാസത്യങ്ങളും, ധർമ്മാധർമ്മങ്ങളും, ന്യായാന്യായങ്ങളും—അങ്ങനെ കെട്ടിപ്പുണർന്നുപോകുന്നു അവ. കേറെവുമിറക്കവുംഒന്നുതന്നെ. തിരയുടെ പൊക്കം, പാത്തിയുടെ ആഴമാണു്. സത്യം, എവിടെ എത്ര തലപൊന്തിക്കുന്നുവോ, അവിടെ അതിനുചുറ്റിലും അസത്യം അത്ര കാടുപിടിച്ചുകിടക്കുന്നു. ധർമ്മം എത്ര വെളിച്ചം വീശുന്നുവോ, അവിടവിടെ അധർമ്മം അത്രയ്ക്കിരുട്ടറകളെ സൃഷ്ടിക്കുന്നു. ക്രിസ്തുവിനോടൊപ്പം ഒരു യൂദാസുണ്ടായിരുന്നു; ഗാന്ധിജിയോടൊപ്പം ഒരു നാഥുറാമും. എപ്പോക്കാലത്തും എപ്പോ ദേശത്തും ഇങ്ങനെതന്നെയാണു്. പിന്നെ, അതിനു്, ഒരു വ്യക്തിയേയോ, ഒരു സമുദായത്തേയോ, ഒരു സംഘടനയേയോ ഒരു രാഷ്ട്രസിദ്ധാന്തത്തേയോ അപലപിക്കുക—അതിൽ കാര്യമില്ല.

[പത്രാധിപർ]

സനാതനന്റെ സന്ദേശവുമായി പ്രഭാതം വന്നു! ഭൂമുഖത്തെ ആവരണം ചെയ്തിരുന്ന മൂടൽമഞ്ഞു്, ഇരുളിന്റെ പിന്നാലേ പോയി.

പച്ചിലയിൽ പററിപ്പിടിച്ചിരുന്ന വെള്ളം സമുദ്രത്തോടു പറഞ്ഞു:—

പ്രഭുവിന്റെ അനുഗ്രഹം ഒന്നുപോലെ നമുക്കു ലഭിച്ചിരിക്കുന്നു. എങ്കിലും നീ ഭൂമിയിൽ പററിപ്പിടിച്ചു കിടക്കും. നിനക്കിപ്പോൾ മോചനം സാധ്യമല്ല. മോചനത്തിനു വേണ്ടി നീ കിടന്നു പിടയ്ക്കുന്നതു ഞാൻ കാണുന്നു. പക്ഷേ, എന്തുചെയ്യാം, നിന്റെ വിധി അതാണു്. നിന്റെ അടിമത്തം, നിന്റെ വലിപ്പത്തോടൊട്ടിച്ചേർന്നിരിക്കുന്നു! നിന്റെ അലച്ചിലും കഷ്ടപ്പാടും ഞാൻ കാണുന്നുണ്ടു്. എന്നാൽ നീ വലിപ്പത്തിൽ അഭിമാനംകൊള്ളുന്നുമുണ്ടു്. ഞാനെന്തുവേണം?

സമയമായി—ഞാൻ പോകുന്നു, പ്രഭുവിന്റെ സന്നിധിയിൽ ചെന്നാൽ, ഞാൻ നിന്നെപ്പററി പറയാം. എന്റെ സഹതാപം നിനക്കെന്നുമുണ്ടായിരിക്കും.

* * * *

ടാഗോറിന്റെ ചിത്രകല

കെ. പി. പത്മനാഭൻതമ്പി ബി. എ.

വിശ്വവിശ്രുതമായ ടാഗോർകുടുംബത്തിലെ ഏറ്റവും പ്രശസ്തനായ അംഗം മഹാകവി ടാഗോർ ആണു്. അദ്ദേഹത്തിന്റെ ഭാഗിനേയന്മാരായ അവനീന്ദ്രനാഥടാഗോറും, ഗഗനേന്ദ്രനാഥടാഗോറും ഒന്നാംകിടയിലുള്ള ചിത്രകാരന്മാരാണു്. മഹാകവിയുടെ മകൻ രതീന്ദ്രനാഥടാഗോറും പ്രഗത്ഭനായ ഒരു ചിത്രകാരനത്രേ. കലാപാരമ്പര്യത്താൽ അനുഗൃഹീതമായ ഒരു കുടുംബത്തിലെ കാരണവനായിരുന്ന മഹാകവിയും, ഒരു ചിത്രകാരനായി, തന്റെ എഴുപതാംവയസ്സിൽ അഖിലലോകപ്രശസ്തിനേടി. അതു കലാലോകത്തിലെ മഹാത്ഭുതങ്ങളിൽ ഒന്നാണു്.

ടാഗോറിന്റെ ചിത്രങ്ങൾ ആദ്യമായി പ്രദർശിപ്പിക്കപ്പെട്ടതു്, യൂറോപ്പിലും, അമേരിക്കയിലും ആയിരുന്നു. സുപ്രസിദ്ധന്മാരായ ചില പാശ്ചാത്യകലാനിരൂപകന്മാർ അവയെ സഹർഷം സ്വാഗതംചെയ്തു. അവയിൽ നിഗൂഢമായി കിടക്കുന്ന കലാപൌഷ്കല്യത്തിന്റെ മഹനീയതയെ അവർ പ്രകീർത്തിച്ചു. ടാഗോർചിത്രങ്ങൾ പാരീസിലെ പ്രധാനപ്പെട്ട കലാലയങ്ങളിൽ പ്രദർശിപ്പിക്കുന്നുവെന്നും, അവയെ വമ്പിച്ച തുകകൾ കൊടുത്തു് കലാസമ്പാദകന്മാർ വാങ്ങുന്നുവെന്നുമുള്ള വാർത്ത അത്ഭുതത്തോടും, കൌതുകത്തോടും ഏതാണ്ടൊരു അവിശ്വാസത്തോടുംകൂടിയാണു് ഭാരതം ശ്രവിച്ചതു്. പാരീസ്, ലണ്ടൻ, ബർലിൻ, ന്യൂയാക്ക് എന്നീ കലാകേന്ദ്രങ്ങളിൽ ടാഗോർചിത്രങ്ങൾപ്രദർശിപ്പിക്കപ്പെട്ടതോടുകൂടി, അവയുടെ കലാസമ്പത്തു് പാശ്ചാത്യലോകം കണ്ടറിയുകയും, ആ ചിത്രങ്ങൾ സമ്പാദിക്കുന്നതിനുവേണ്ടി ലോകപ്രശസ്തങ്ങളായ ചിത്രാലയങ്ങൾതമ്മിൽ മത്സരങ്ങൾ നടക്കുകയും ചെയ്തു. അങ്ങനെ മഹാകവിയുടെ ചിത്രങ്ങളിൽ പ്രധാനപ്പെട്ടവ ഭാരതത്തിനു ലഭിക്കാതെ പാശ്ചാത്യദേശങ്ങളിലെ കലാലയങ്ങൾ അപഹരിച്ചുകളഞ്ഞു.

ഭാരതത്തിൽ ആദ്യമായി ഫ്രൻസ്മഹൽ ബോംബേയിൽവച്ചാണു് മഹാകവിയുടെ ചിത്രങ്ങൾ പ്രദർശിപ്പിക്കപ്പെട്ടതു്. അന്നു് ആ ചിത്രങ്ങൾ പ്രേക്ഷകരെ അത്ഭുതപ്പെടുത്തി, അസഹ്യപ്പെടുത്തി, സംഭ്രമിപ്പിച്ചു. അവയുടെ പൊരുൾ ഗ്രഹിക്കാൻ കഴിയാതെ, അവർ കുഴങ്ങി. "ഇതാണോ കല" "ഇതു് എന്തുമാതിരി കലാഭാസമാണു്", ഇതു മനുഷ്യർക്കു് സുഗ്രാഹ്യമല്ല" എന്നൊക്കെ അവർ നിർവ്വിശങ്കം അഭിപ്രായപ്പെട്ടു. എങ്കിലും അന്നുമുതൽ ജനങ്ങൾ ടാഗോറിന്റെ ചിത്രകലയെപ്പറ്റി അവധാനപൂർവ്വം ചിന്തിച്ചുതുടങ്ങി.

തന്റെ ജീവിതകാലത്തെ ഒടുവിലത്തെ പത്തുവർഷങ്ങളിലെ വിശ്രമവേളകളെല്ലാം ടാഗോർ ചിത്രങ്ങൾ വരയ്ക്കുന്നതിനു് ഉപയോഗിച്ചു. എഴുപതാംവയസ്സിൽ, ചിത്രരചനയിൽ ഏർപ്പെട്ട ഈ മഹാകവി, നിശ്ചയമായും ആ കലയിൽ അസാമാന്യപ്രാവീണ്യം നേടിയ ഒരു മഹാരഥൻ ആയി

രുന്നുവെന്നു് അദ്ദേഹത്തിന്റെ ചിത്രങ്ങൾ തെളിയിക്കുന്നുണ്ടു്.

ചിത്രകലയിലെ സാധാരണനിയമങ്ങൾ സിദ്ധാന്തങ്ങൾ, ഉപാധികൾ, പാരമ്പര്യം, പ്രസ്ഥാനങ്ങൾ എന്നിവയെമാത്രം അവലംബമാക്കി, ടാഗോർചിത്രങ്ങളെ പരിശോധിക്കുവാനും വിധികല്പിക്കുവാനും പാടില്ല. നമുക്കു നാളതുവരെ അറിവുള്ളതോ നാം കണ്ടിട്ടുള്ളതോ ആയ ഒരു കലാപ്രസ്ഥാനത്തെ ആശ്രയിച്ചു് വരച്ചിട്ടുള്ളവയല്ല ടാഗോർചിത്രങ്ങൾ. മഹാകവിയുടെ അനിയന്ത്രിതമായ ഭാവനയുടെ, സൃഷ്ടിപരമായ ഉദ്വേഗത്തിന്റെ, യഥാർത്ഥമായ ആനന്ദാതിരേകത്തിന്റെ പൊട്ടിത്തെറിക്കലുകളാണവ. മറ്റു മാനദണ്ഡങ്ങൾ ഉപയോഗിച്ചു് ടാഗോറിന്റെ കലയെ അളന്നു തിട്ടപ്പെടുത്തുവാൻ നിവൃത്തിയില്ല.

ടാഗോറിനു് ചിത്രകലാപരമായി യാതൊരു പരിശീലനവുമില്ലായിരുന്നു. ശിശുക്കൾ കളിയിൽ ഏകാഗ്രചിത്തരായി രസിക്കുമ്പോൾ, അനായാസേന, അവർ പലതും സൃഷ്ടിക്കുന്നതുപോലെ, ലാളിത്യവും സൌന്ദര്യവും നിറഞ്ഞ ആനന്ദക്രീഡകളായ കലാസൃഷ്ടികളാണു് ടാഗോറിന്റെ ഭാവനയിൽനിന്നും വെളിക്കുചാടിയതു്. ആദിമമനുഷ്യന്റെ ചിത്രകലയെപ്പോലെ



ടാഗോറിന്റെ ഒരു ചിത്രം

അവ കാഴ്ചയിൽ അപരിഷ്കൃതങ്ങളാണു്. സുഭഗത്വം, ആകർഷകത്വം, വശ്യത, പുറംപകിട്ടു് എന്നിവ അവയിൽ ഇല്ല. എന്നാൽ അവയിലെല്ലാം ഉജ്ജ്വലമായ ഭാവന, ചൈതന്യസമ്പൂർണ്ണത എന്നിവ ഉൾക്കൊണ്ടിട്ടുണ്ടു്.

"വരയിലും, വർണ്ണത്തിലും ഉള്ള എന്റെ കവിതയാണു് എന്റെ ചിത്രങ്ങൾ. ഒരു

പക്ഷേ അവയ്ക്കു ബഹുമാന്യമായ അംഗീകരണം ലഭിക്കുന്നതിനു് അവകാശം കൈവരുന്നുവെങ്കിൽ, അതിനുള്ള അടിസ്ഥാനം, രൂപത്തിന്റെ താളസംഗീതാത്മകമായ പ്രാധാന്യംനിമിത്തമാണു്; അല്ലാതെ ആശയത്തിന്റെ വ്യാഖ്യാനത്തിനോ, ആവിഷ്കരണത്തിനോ, രൂപത്തിന്റെ പ്രകാശനത്തിനോ അല്ല" എന്നതേ മഹാകവി ടാഗോർ അദ്ദേഹത്തിന്റെ ചിത്രകലയുടെ പൊരുളിനെപ്പറ്റി തനിക്കു് സ്വതസ്സിദ്ധമായ വ്യംഗ്യാത്മപ്രധാനമായ രീതിയിൽ സംഗ്രഹിച്ചിരിക്കുന്നതു്.

"എന്റെ ചിത്രങ്ങളുടെ അർത്ഥത്തെപ്പറ്റി പലപ്പോഴും ജനങ്ങൾ എന്നോടു് ചോദിക്കാറുണ്ടു്. അപ്പോഴെല്ലാം എന്റെ ചിത്രങ്ങളെപ്പോലെ ഞാനുംമൂകമായിരിക്കും. പ്രേക്ഷകർക്കു് തോന്നുന്നതിനെ അവർ പ്രകടിപ്പിക്കണം; അല്ലാതെ അവർ വ്യാഖ്യാനങ്ങൾനൽകരുതു്"" എന്നും ടാഗോർ അഭിപ്രായപ്പെട്ടിട്ടുണ്ടു്.

കവി, ചിത്രകാരൻ എന്നീ വ്യത്യസ്തനിലകളിൽ താൻ നിർവഹിച്ചിട്ടുള്ള സൃഷ്ടിപരമായ യത്നങ്ങൾ തമ്മിൽ യാതൊരു ബന്ധവുമില്ലെന്നു ടാഗോർ പറയുന്നുണ്ടു്. കവിയെന്ന നിലയിൽ ആ ഭാവനാസമ്പന്നൻ തന്റെ മനോദർപ്പണത്തിൽ പതിഞ്ഞുകാണുന്നതിനെ വർണ്ണിക്കുന്നു; മാനസികമായ ഒരു പ്രകാശനത്തെ വിവരിക്കുന്നു. താൻ കണ്ടിട്ടുള്ളതോ, തന്റെ ഭാവനയിൽ രൂപമെടുത്തതോ ആയവയെ ആണു് തന്റെ കവിതയിൽ അദ്ദേഹം തികഞ്ഞ കലാബോധത്തോടുകൂടി സംഗ്രഹിച്ചിട്ടുള്ളതു്. മറ്റുള്ള ചിത്രകാരന്മാർ പ്രകൃതിയെ അപ്പടി പകർത്തുന്നതിനോ, അല്ലെങ്കിൽ തങ്ങളുടെ ഭാവനയിൽ ഉടലെടുത്ത ആശയങ്ങളെ വായിലും വർണ്ണത്തിലും പ്രദർശിപ്പിക്കുന്നതിനോ ഉദ്യമിക്കുമ്പോൾ ടാഗോർ എന്ന ചിത്രകാരൻ അപ്രകാരം ചെയ്യുന്നില്ല. തന്റെ മനോദർപ്പണത്തിൽ പതിഞ്ഞ ഏതെങ്കിലും ഒന്നിനെ അല്ല, അദ്ദേഹം വരയിലും വർണ്ണത്തിലും പ്രകാശനം ചെയ്യുന്നതു്. കാലേക്കൂട്ടി കരുതിവച്ചിട്ടുള്ള ഒരു ആശയത്തിന്റെ സാങ്കേതികനിയമങ്ങളെ ആദരിച്ചുള്ള ആ വിഷ്കരണമല്ല അദ്ദേഹത്തിന്റെ ചിത്രം. ചിത്രം വരയ്ക്കുന്നതിനുമുമ്പു് അതു എന്താണെന്നോ ഏതിനെപ്പറ്റിയാണെന്നോ അദ്ദേഹത്തിനു അറിവില്ല. വരച്ചുകൊണ്ടിരിക്കുമ്പോൾതന്നെ ചിത്രം ഏതുവിധത്തിൽ രൂപാന്തരപ്പെട്ടുമെന്നും ആ ഭാവനാസമ്പന്നനു നിശ്ചയമില്ല. കലാപരമായ തന്റെ ഭാവന, കഴിവുകൾ എന്നിവയുടെ അനിയന്ത്രിതമായ ഒരു ബഹിർഗ്ഗമനം, ആനന്ദക്രീഡ ആണു് അദ്ദേഹത്തിന്റെ ചിത്രങ്ങൾ.

ബംഗാൾഭാഷയിൽ വിരചിച്ച തന്റെ കവിതകൾ അടങ്ങിയ കടലാസുകളിലാണു്, ടാഗോറിന്റെ ചിത്രകലാപരമായ വിചിത്രവും വിശിഷ്ടവുമായ സൃഷ്ടികൾ ആദ്യം രേഖപ്പെട്ടത്തിക്കണ്ടതു്. ചില തിരുത്തലുകളും, റബ്ബർകൊണ്ടു മാച്ചുകളഞ്ഞ ഭാഗങ്ങളും, പക്ഷികളുടെ ചുണ്ടുകൾ, ചിറകുകൾ, വള്ളത്തിന്റെ അഗ്രങ്ങൾ, മേഘക്കൂട്ടങ്ങൾ, തരംഗപരമ്പരകൾ, ദ്വീപുകൾ, തടാകങ്ങൾ, പർവതങ്ങൾ എന്നിവയുടെ രൂപങ്ങൾ അനായാസേന കൈക്കൊണ്ടു. ഒരുപുറത്തിൽതന്നെ കൂട്ടത്തിൽ മാച്ചുകളഞ്ഞ ഭാഗങ്ങൾ, ചെറിയ ദ്വീപുകളുടെ രൂപവും ഭാവവും അവലംബിച്ചു. ഈ ചെറിയ ദ്വീപുകളെ ടാഗോർ ചൈതന്യമില്ലാത്ത നേരേയുള്ള വരകൾ കൊണ്ടല്ല ഒന്നിച്ചുചേർത്തതു്. പ്രത്യുത, അവയെ ലാളിത്യവും ചൈതന്യവും അഴകും താളസമ്പൂർണ്ണതയുമുള്ള വളഞ്ഞ വരകൾകൊണ്ടാണു ബന്ധിച്ചതു്. അങ്ങുമിങ്ങുമായി ചിതറിക്കിടക്കുന്ന ചെറുദ്വീപുകളെ, കലാമർമ്മജ്ഞനായ ഒരു ചിത്രകാരന്റെ സാമർത്ഥ്യത്തികവോടുകൂടി അദ്ദേഹം ഒന്നിച്ചുചേർത്തു. അവയ്ക്കു വിചിത്രമെങ്കിലും, സൗന്ദര്യോദ്യോതകമായ ആലങ്കാരികത്വം നൽകി. ഈ അലങ്കാരങ്ങൾ കാലേക്കൂട്ടി കരുതി അ

ദ്ദേഹം സംവിധാനം ചെയ്തതല്ല. തിരുത്തുകയും മായ്ക്കുകയും ചെയ്യേണ്ടിവന്നപ്പോൾ അവ അങ്ങനെ അലങ്കാരങ്ങളായി രൂപാന്തരപ്പെട്ടുവെന്നേയുള്ളൂ.

ഹെൻറി എം. ബിഡൌ എന്ന വിശ്രുതനായ ഫ്രഞ്ചു് കലാനിരൂപകൻ അഭിപ്രായപ്പെട്ടതു്: "കവിതയെഴുതീട്ടുള്ള കടലാസുകളിൽ ടാഗോർ വരച്ചിട്ടുള്ള അനവധി ചിത്രങ്ങൾ ഞാൻ കണ്ടിട്ടുണ്ടു്. അവയിലെ വരകളുടെ ലാളിത്യവും, ചൈതന്യവും, താളസംഗീതവും അന്യാദൃശമാണു്. ഒരൊറയിരുപ്പിൽ ദ്രുതഗതിയിൽ വരയ്ക്കുന്നവയാണു് ടാഗോർചിത്രങ്ങൾ. മിക്ക ചിത്രങ്ങളും ഒരു മണിക്കൂറിനകം വരച്ചിട്ടുള്ളവയത്രേ. പേനയും, മഷിയും, കൊണ്ടു വരച്ചിട്ടുള്ള ടാഗോർചിത്രങ്ങൾ ഭാവനയിലും, ഉജ്ജ്വലതയിലും, വർണ്ണപ്പകിട്ടുള്ള ചിത്രങ്ങളെ അതിശയിക്കുന്നു."

ഭാരതീയകലാലോകചക്രവർത്തിയായ ആ ചായ്വു അവനീന്ദ്രനാഥടാഗോറിന്റെ നിരൂപണം ശ്രദ്ധേയമാണു്. "രവീന്ദ്രനാഥന്റെ ചിത്രകലയിൽ നവീനമായി യാതൊന്നുമില്ല. സൂക്ഷ്മദൃക്കുകൾ പ്രകൃതിയിൽ ദർശിക്കാത്ത യാതൊന്നും അതിലില്ല. ടാഗോർ ചിത്രങ്ങളിലുള്ള വർണ്ണഭംഗി പ്രകൃതിയിൽ ചിന്നിച്ചിതറിക്കിടക്കുന്നു. അദ്ദേഹം വരച്ചിട്ടുള്ള രൂപങ്ങൾ, വരകൾ, എന്നിവ വയ



ടാഗോറിന്റെ മറ്റൊരു ചിത്രം

ലുകളിലും, നദികളിലും നമുക്കു് കാണാം. ഇങ്ങനെ പലേടത്തുനിന്നും, അദ്ദേഹം അവയെ സംഭരിച്ചതാണു്, പക്ഷേ അവയെ അപ്പടി അദ്ദേഹം പകർത്തീട്ടില്ല. അദ്ദേഹത്തിന്റെ കലയുടെ വിശേഷത, അതിന്റെ പ്രകാശനം നിർവ്വഹിച്ചതു് അദ്ദേഹത്തിന്റെ വാർദ്ധക്യകാലത്താണു് എന്നതത്രേ. ഒരു അഗ്നിപർവ്വതത്തിന്റെ മാതിരിയാണു് ആ കല. ഏറിയകാല

മായി സംഭരിച്ചു വച്ചിരുന്നതിന്റെയെല്ലാം ഒരു പൊട്ടിത്തെറിക്കൽ. ആ പൊട്ടിത്തെറിക്കലിന്റെ ഉഗ്രമായ ശക്തിയിൽ അതു് വിവിധരൂപങ്ങൾ കൈക്കൊണ്ടു. അദ്ദേഹത്തിന്റെ കലാസമ്പ്രദായം അദ്ദേഹത്തിന്റെ സ്വന്തമായിരുന്നു; അനുകരണമല്ല. അതിനെ അനുകരിക്കാനോ, വ്യാഖ്യാനിക്കാനോ സാദ്ധ്യമല്ല. നിരൂപകനു് അതിനെഏതെങ്കിലും കലാനിയമങ്ങളുടെ പരിധിയിൽ കൂട്ടുകൂവാനുംസാധിക്കുകയില്ല."

ടാഗോറിന്റെ തുള്ളിത്തുളുമ്പിനിൽക്കുന്ന ഭാവനാശക്തിയുടെ ഉജ്ജ്വലത, സമ്പൂർണ്ണത എന്നിവയുടെ ബഹിർഗ്ഗമനമാണു് അദ്ദേഹത്തിന്റെ ചിത്രകലയിലും നാം ദർശിക്കുന്നതു്. കവിത, സാഹിത്യം, സംഗീതം എന്നിവയിൽക്രൂടിയുള്ള അതിന്റെ പ്രകാശനം മതിയാകാത്തതുകൊണ്ടാണു്, ചിത്രകലയിൽ ക്രൂടിയും സമുന്നതവും, സമൃദ്ധവും ആയ ആ ഭാവന പൊട്ടിപ്പുറപ്പെട്ടതു്. കതിച്ചുചാടുന്ന ഭാവനയുടെ ഓളംതള്ളൽ ടാഗോർചിത്രങ്ങളിലെല്ലാം ഉണ്ടു്. ആയുഷ്കാലംമുഴുവൻ നീണ്ടുനിന്ന തന്റെ കലാസാധനയുടെ, കലോപാസനയുടെ, പരിണതഫലമാണു് അദ്ദേഹത്തിന്റെ കവിത. അതുപോലെ കേന്ദ്രീകരിച്ച ആനന്ദത്തിന്റെ സംസ്കാരസമ്പൂർണ്ണമായ പ്രതിഫലനമാണു് അദ്ദേഹത്തിന്റെ ചിത്രകല. ടാഗോർചിത്രങ്ങൾ ചിന്തയെ ഉദ്ദീപിപ്പിക്കുന്നവയാണു്. മഹാമഹിമോന്നതമായ യഥാർത്ഥചിത്രകലയുടെ, സമ്പൂർണ്ണവും, ആനന്ദസന്ദായകവുമായ രൂപത്തിനെറയും,വർണ്ണത്തിന്റെയും, പരിശുദ്ധവും, സുന്ദരവുമായ ലയാത്മകത്വം, ടാഗോർചിത്രങ്ങളിൽ ഇല്ലെങ്കിൽ, അവയിൽ അതിവിശിഷ്ടമായ താളസംഗീതാത്മകത്വവും, ഭാവനാനിർഭരതയും, ലാളിത്യവും, പ്രബലമായി തെളിഞ്ഞുകാണുന്നുണ്ടു്. പ്രകൃതിയിലെ നിഗ്രഹതയിലെ സംഹരണങ്ങൾ ടാഗോർചിത്രങ്ങളിൽ ദർശിക്കാം. വർണ്ണം, വര എന്നിവയുടെ സാങ്കേതികനിയമങ്ങളെപ്പറ്റിയാതൊരു അറിവുമില്ലാതെയാണു് ടാഗോർചിത്രങ്ങൾ വരച്ചതു്. മനുഷ്യന്റെയും, പക്ഷിമൃഗാദികളുടേയും, പ്രകൃതിയിലുള്ള മറ്റു വസ്തുക്കളുടേയും ആത്മീയജീവിതത്തിന്റെ അന്തസ്സത്തയെയാണു് ടാഗോർ, തന്റെ ചിത്രങ്ങളിലൂടെ അവയുടെ ആഹ്വയ്മോടിയെ അവഗണിച്ചു്, സൂചിപ്പിച്ചിരിക്കുന്നതു്. തിരുവനന്തപുരത്തെ ശ്രീചിത്രാലയത്തിൽ മഹാകവി ടാഗോറിന്റെ പക്ഷി എന്നൊരുചിത്രം പ്രദർശിപ്പിച്ചിട്ടുണ്ടു്. വരയിലും, വർണ്ണത്തിലുംഉള്ള ടാഗോറിന്റെ ആനന്ദക്രീഡയുടെ ഒരു ഉൽകൃഷ്ടനിദർശനമാണു് ഈ ചിത്രവും. പരിശുദ്ധതനിറഞ്ഞ രൂപങ്ങളുടെ കാലേക്കൂട്ടി സംവിധാനം ചെയ്യാത്തവയെങ്കിലും, ചേതസ്സമാകർഷകമായ രേഖാഷ്യാത്രയാണു് ടാഗോർചിത്രങ്ങൾ.

"മഹാകവിയുടെ ചിത്രകല ശിശുസഹജമായ ഒരു ആനന്ദക്രീഡയാണു്. പക്ഷേ, അതിൽ യാതൊരു ബാലിശത്വവുമില്ല" എന്നാണു് ചിത്രകലാനിരൂപകന്മാരിൽ പ്രഥമഗണനീയനായ ഡാക്ടർ ആനന്ദകുമാരസ്വാമി എന്ന തത്വജ്ഞാനിയുടെ അഭിപ്രായം.

സാക്ഷാൽ ഇന്ദ്രനീലത്തിനു് രാഗമില്ല. കളങ്കമറ്റ പത്മരാഗത്തിനു് നീലമില്ല. വെറും കുന്നിക്കുരുവിനു് രാഗവും, നീലവും, സ്വായത്തമാണെന്ന അഹംഭാവം. മഹാകവി ടാഗോറിന്റെ കവിത, ജീവിതം എന്നിവയെപ്പറ്റി, അറിയാതെ കലാപരമായ സാങ്കേതികനിയമങ്ങളേയും മാനദണ്ഡങ്ങളേയുംമാത്രം ആസ്പദമാക്കി അദ്ദേഹത്തിന്റെ ചിത്രങ്ങളുടെ നിരൂപണത്തിനു സാഹസപ്പെട്ടുന്നവർ കുന്നിക്കുരു, ഇന്ദ്രനീലപത്മരാഗങ്ങളെ പരിഹസിക്കുന്നതുപോലെ വന്നേക്കാനിടയുണ്ടു്. വ്യാഖ്യാനങ്ങൾക്കും, നിരൂപണങ്ങൾക്കും അതീതമാണു ടാഗോർചിത്രങ്ങൾ എന്നതേ പണ്ഡിതമതം.

കേരളത്തെ സ്മരിച്ചിരിക്കുന്ന പ്രാചീനസാഹിത്യങ്ങൾ

വടക്കുംകൂർ രാജരാജവർമ്മരാജാ

ഭാരതസാമ്രാജ്യത്തിന്റെ ദക്ഷിണഭാഗത്തു് സഹ്യാദ്രിയുടേയും പശ്ചിമപാരാവാരത്തിന്റേയും നടുവിൽ സ്ഥിതിചെയ്യുന്ന ഭാഗ്യവത്ഭൂമി ആകൃതികൊണ്ടു ചെറിയതെങ്കിലും അന്തർമ്മുഖമായ മാഹാത്മ്യംകൊണ്ടും പ്രകൃതിരമണീയതകൊണ്ടും വിശ്വപ്രശ്യവും വിഖ്യാതവും ആയിബ്ഭവിച്ചിട്ടുണ്ടു്. പൌരാണികകാലത്തിനുമുമ്പുതന്നെ അതിന്റെ ഖ്യാതി വിദേശങ്ങളിൽ വ്യാപിച്ചിരിക്കുന്നു. ആദികാവ്യമായ വാല്മീകിരാമായണത്തിൽ കേരളത്തിന്റെ സ്മരണം കാണാം. ഇതിഹാസകാലത്തു കേരളീയർ സമരനിപുണന്മാരും ഉജ്ജ്വലഗാത്രന്മാരും ആയിരുന്നു. ഭാരതത്തിലെ സുപ്രസിദ്ധങ്ങളായ പുണ്യതീർത്ഥങ്ങളുടെക്കൂട്ടത്തിൽ കന്യാകുമാരി അനന്തനെ ഒരു മുഖ്യസ്ഥാനം സമ്പാദിച്ചുകഴിഞ്ഞിരിക്കുന്നു. അനേകം പുരാണപുരുഷന്മാർ തീർത്ഥാടനംചെയ്തു് അവിടെ ചെന്നിട്ടുണ്ടെന്നു പ്രാചീനസാഹിത്യത്തിൽനിന്നു തെളിയുന്നു.

വിദ്യാവൈഭവത്തിന്റെ കാര്യത്തിലും കേരളത്തിന്റെ നില ഉയർന്നുതന്നെ. മീമാംസ, വേദാന്തം, ധർമ്മം, വ്യാകരണം, തന്ത്രം, മന്ത്രം, വൈദ്യം, ജ്യോതിഷം എന്നീവക ശാസ്ത്രങ്ങൾക്കു് ഈ നാട്ടിൽ എന്നപോലെ മറെറവിടെയെങ്കിലും പ്രചാരവും പ്രതിഷ്ഠയും ലഭിച്ചിട്ടുണ്ടോ എന്നു സംശയമാകുന്നു. ദക്ഷിണഭാരതത്തിലെ മൂന്നു മഹാമതപ്രസ്ഥാനങ്ങളായ ദ്വൈതം, വിശിഷ്ടാദ്വൈതം, അദ്വൈതം എന്നിവയിൽ ഏറെറവും പ്രധാനമായ ഒടുവിലത്തേതിനു് ഒരു മലയാളിയായ ആചാര്യൻനിമിത്തമാണു പുനർജ്ജന്മം ലഭിച്ചതു് എന്നു നമുക്കു് അഭിമാനിക്കാം. ബൌദ്ധകാപാലികജൈനാദിമതങ്ങളുടെ ബലവത്തായ പ്രചരണംനിമിത്തം ക്ലാന്തവും നാമമാത്രവും ആയി വർത്തിച്ചിരുന്ന ആത്മവിദ്യയെ സമുദ്ധരിച്ചു സചേതനമാക്കി വീണ്ടും പ്രതിഷ്ഠിച്ച ഭാരതീയരുടെ സംസ്കൃതിചരിത്രത്തിനു നൂതനവും ഭാസുരവും ആയ ഒരു അദ്ധ്യായം സൃഷ്ടിച്ച ജഗദ്ഗുരുവര്യനായ ശ്രീ ശങ്കരന്റെ അവതാരഭൂമിയെന്ന മാഹാത്മ്യം ഈ നാടിന്റെ മേന്മകൾക്കു മകുടം ചാർത്തുന്നു. മഹാനുഭാവനായ ഈ ആചാര്യനെപ്പോലെ ഗംഭീരനും സർവ്വജ്ഞനും ആയ ഒരു ആത്മതത്വചിന്തകനെയും ബ്രഹ്മസൂത്രം ഭാഷ്യംപോലെ ഒരു തത്വശാസ്ത്രത്തെയും ഇതരരാജ്യങ്ങളിൽ കണ്ടുകിട്ടുവാൻ പ്രയാസം എന്നു പറയണം. കുമാരിലഭട്ടന്റെ ശിഷ്യനും മീമാംസയിൽ ഒരു നൂതനപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവും ആയ പ്രഭാകരാചാര്യൻ കേരളീയനെന്നാണു ഐതിഹ്യം. ഏതു ശാസ്ത്രത്തെ പ്രത്യേകം എടുത്തു പരിശോധിച്ചാലും അതിലൊക്കെ വിശിഷ്ടന്മാരും വിഖ്യാതന്മാരും ആയ ആചാര്യന്മാർ ഈ നാട്ടിൽ ഉണ്ടായിട്ടുണ്ടെന്നും, അവരുടെ ഗ്രന്ഥങ്ങൾ ത

ത്തൽപ്രസ്ഥാനങ്ങൾക്കു സമുജ്ജ്വലങ്ങളും അനശ്വരങ്ങളുമായ വിഭ്രഷ്ണങ്ങളെന്നും വ്യക്തമായി ഗ്രഹിക്കാം. സാഹിത്യകലയെസംബന്ധിച്ചും കേരളത്തിന്റെ സ്ഥിതി സമുന്നതമെന്നു സമ്മതിക്കണം. കാളിദാസൻ മുതലായ നാലോ അഞ്ചോ പേരെ മാറ്റിനിർത്തിയാൽ മറ്റേതൊരു ഭാരതീയ കവിയോടും കിടപിടിച്ചുനില്ക്കുന്നവരും ചിലപ്പോൾ അവരെ അതിശയിച്ചു ശോഭിക്കുന്നവരും ആയ മഹാകവികൾ ഈ നാട്ടിൽ ഉണ്ടായിട്ടുണ്ട്. അവരിൽ ചിലർ ഭാഷാകവികളാണെന്ന വസ്തുതക്രൂടി ഓർമ്മിക്കുന്നതു നന്നായിരിക്കും. അകേരളീയരും മഹാന്മാരും ആയ അനേകം ഗ്രന്ഥകാരന്മാർ ഇവിടെ സൂചിപ്പിച്ചതും ബഹുമുഖവുംആയ കേരളത്തിന്റെ വൈശിഷ്ട്യത്തെ സ്മരിക്കുകയും കീർത്തിക്കുകയും ചെയ്തിട്ടുണ്ടെന്നു പറയേണ്ടതാണു്.

സുഗ്രീവൻ സീതാന്വേഷണാർത്ഥം ഗന്തവ്യങ്ങളായ ദേശങ്ങളെക്കുറിച്ചു വാനരസംഘത്തിൽ പ്രതിപാദിക്കുന്ന സന്ദർഭത്തിൽ കേരളത്തിന്റെ സ്മൃതിയുണ്ടു്.

നദീം ഗോദാവരീം ചൈവ
സർവ്വമേവാനുപശ്യത
തഥൈവാന്ധ്രാംശ്ച പുണ്ഡ്രാംശ്ച
ചോളാൻ പാണ്ഡ്യാംശ്ച കേരളാൻ

എന്നു കാണുക. കാവേരി താമ്രപർണ്ണി മുതലായ നദികളേയും പാണ്ഡ്യാദിദേശങ്ങളെയുംകുറിച്ചു മഹർഷിക്കു ഒരുവിധം വിശിഷ്ടമായ ജ്ഞാനംഉണ്ടായിരുന്നു എന്നു ഊഹിക്കണം. ദാക്ഷിണാത്യദേശങ്ങളെപ്പറ്റി രാമായണത്തിൽ സ്മൃതിയുണ്ടെങ്കിലും അതു വിശദമല്ല.

കന്യാകുമാരി ക്ഷിതിയാദിയായ്ഗോ-
കർണ്ണാന്തമായ് തെക്കുവടക്കുനീളെ
അന്യോന്യമംബാശിവർ നീട്ടിവിട്ട
കണ്ണോട്ടമേറുണ്ടൊരു നല്ലരാജ്യം

(കേരളം) എന്ന പദ്യത്തിലും,

ആഗച്ഛതോത്തമസിദ്ധ്യർത്ഥം
ഗോകർണ്ണസ്യാശ്രമം ശുഭം

(വാ-രാ-ഉത്ത-സ-ൻ) എന്ന വാക്യത്തിലും സ്മരിക്കപ്പെട്ടിരിക്കുന്ന ഗോകർണ്ണദേശം ഒന്നല്ല. ആദ്യത്തെ പദ്യത്തിൽ പറഞ്ഞിരിക്കുന്നതു കേരളത്തിന്റെ അതിരായ ദേശമാകുന്നു. ഹിമവൽപ്രാന്തത്തിൽ സ്ഥിതിചെയ്യുന്ന ഒരു സ്ഥലമാണു രാമായണത്തിൽ സ്മൃതമായ ഗോകർണ്ണം. അവിടെയാണു രാവണൻ തപസ്സുചെയ്തതു്.

കേരളീയർ പാണ്ഡവപക്ഷത്തിൽചേർന്നു കൌരവന്മാരോടു എതിർത്തു യുദ്ധംചെയ്തതായി ഭാരതത്തിൽ കാണുന്നുണ്ടു്. ഭീമൻ ധൃഷ്ടദ്യുമ്നൻ ശിഖണ്ഡി ചേകിതാനൻ സാത്യകി ദ്രാവിഡന്മാർ പാണ്ഡ്യന്മാർ ചോളർ കേരളന്മാർ എന്നിവരൊക്കെ ഒരു കക്ഷിയിൽ ചേർന്നുനിന്നു.

നമ്മളോടേറ്റു പാർത്ഥന്മാർ
ഭീമൻമുമ്പിട്ടുനില്പവർ
ധൃഷ്ടദ്യുമ്നൻതാൻശിഖണ്ഡി
ദ്രൌപദേയർ പ്രഭദ്രകർ
ക്രുടിപ്പെരുംവ്യൂഹമിട്ടു
പാണ്ടിചോഴിയർ കേരളർ

ഇപ്രകാരം ഒരു കക്ഷിയായിനിന്നു അവർ ദുര്യോധനാദികളോടു പടവെട്ടി. ഈ പാണ്ഡവപക്ഷക്കാരുടെദേഹസ്വഭാവാദികളെക്കുറിച്ചു പറയുന്നഭാഗം ഇവിടെ പ്രത്യേകം ശ്രദ്ധേയമാകുന്നു.

മാർവിരിഞ്ഞോർ കൈകൾനീണ്ടോർ
പൊക്കക്കാർ കണ്ണുനീണ്ടവർ
മുടിവെച്ചോർ പൽചുവന്നോർ
മത്തഹസ്തീന്ദ്രവിക്രമർ
നാനാനിറംവസ്ത്രമുള്ളോർ
ഗന്ധച്ചൂർണ്ണംഭൂഷിയോർ
വാൾത്തുക്കിക്കയർകയ്ക്കാണ്ടോർ
കൊമ്പനേയുംതട്ടുപ്പവർ
ഒപ്പംചാവാനുറച്ചവർ
തമ്മിൽവിട്ടില്ല മന്നവ!

ഇതുവർണ്ണനം പൊതുവെ ദ്രാവിഡരെസംബന്ധിക്കുന്നതെന്നു വിചാരിക്കണം. വിസ്തൃതമായ ഉരസ്സടം ജാനുക്കൾവരെനീണ്ടകൈകൾ പൊക്കം നീളമേറിയ കണ്ണുകളും മൂടിയും ചുവന്നചുണ്ടും ആനയെപ്പോലെ പരാക്രമം, വിവിധവർണ്ണമായ വസ്ത്രം വാളു കയറുവാശി എന്നിവകൊണ്ടു എല്ലാവരും ശോഭിതന്മാരായിരുന്നു. അന്നത്തെ ദ്രാവിഡരുടെ ബലിഷ്ഠവും സുന്ദരവുമായ ശരീരത്തിന്റെയും വസ്ത്രത്തിന്റെയും പരാക്രമത്തിന്റെയും ഏകദേശം ഒരു സ്വഭാവം ഇതു വർണ്ണനം വെളിപ്പെടുത്തുന്നു. "മത്തഹസ്തീന്ദ്രവിക്രമർ" "കൊമ്പനേയും തട്ടുപ്പവർ" എന്നവിശേഷണങ്ങൾ അവരുടെ അതുല്യമായപരാക്രമത്തെയുംധൈര്യത്തെയും ദ്യോതിപ്പിക്കുന്നു. ആ കാലത്തു പാണ്ഡ്യന്മാരും ചോളന്മാരും കേരളന്മാരും ഒരേവിധം ആകൃതിയോടും വേഷത്തോടും പ്രകൃതിയോടും കൂടിയവരായിരുന്നു എന്നു ഈ വർണ്ണനത്തിൽനിന്നു തെളിയും. ഇവരുടെ സമരസാമർത്ഥ്യത്തെ മഹാഭാരതകർത്താവു നല്ല നിപുണതയോടുകൂടി പ്രതിപാദിച്ചു ഫലിപ്പിച്ചിട്ടുണ്ടു്.

കർണ്ണൻ ശല്യനെ ആക്ഷേപിക്കുന്ന സന്ദർഭത്തിൽ കാരസ്കരാദിദേശങ്ങൾ അധിവാസയോഗ്യങ്ങളല്ലെന്നു പറയുന്നു. പ്രകൃതത്തിൽ കേരളത്തെയും സ്മരിക്കുന്നു.

കാരസ്കരം മാഹിഷകം കാലിംഗം കേരളം പരം
കാക്കോടകം വീരകം ഭോജ്മ്മവും വിട്ടൊഴിക്കണം

പ്രസ്തുത ദേശങ്ങളെ സജ്ജനങ്ങൾ വിട്ടൊഴിക്കണം എന്നു അഭിപ്രായം.

മുതലേല്ലാൻ മക്കളല്ലാ
നിങ്ങൾക്കു മരുമക്കളാം

എന്നു പറയുന്ന ശാപകഥ കേരളത്തിലെ മരുമക്കത്തായത്തെ വെളിപ്പെടുത്തുന്നതാണെന്നു ഊഹം തോന്നുന്നു. കർണ്ണനും ശല്യനും പരസ്പരം എതിർകക്ഷിയുടെ നാട്ടിന്റെയും വസ്തുത്തിന്റെയും കുറങ്ങളും കുറവുകളും അതിർകടന്ന നിലയിൽ പറഞ്ഞു ആക്ഷേപിക്കുന്നുണ്ടു്. അവയിൽ പലതും ആ കാലത്തു തത്തദ്ദേശങ്ങളിൽ നിലനിന്നിരുന്ന ദോഷങ്ങളാകുവാൻ പാടില്ലായ്കയില്ല. എന്നാൽ പരസ്പരം മത്സരത്തോടുകൂടി ചെയ്യുന്ന ശകാരത്തിൽ ഉൾപ്പെട്ടതാകയാൽ ഈവക ഭാഗങ്ങളിൽ പൂർണ്ണമായ യാഥാർത്ഥ്യമുണ്ടെന്നു പറയുന്നതിനു വളരെ ആലോചിക്കണം. കർണ്ണന്റെ ആക്ഷേപം അധികമായി കാരസ്കരാദിദേശക്കാരെയും അല്പമായി കേരളീയരെയും സംബന്ധിക്കുന്നതായി വിശ്വസിക്കാം.

കലികാലത്തു ദ്രാവിഡരാജ്യത്തു അവിടവിടെ ഭക്തന്മാർ സംഭവിക്കുമെന്നു ഭാഗവതം ഏകാദശത്തിൽ (അ: ൫) ഒരു സന്ദർഭത്തിൽ പറഞ്ഞിരിക്കുന്നു.

കചിൽ കചിന്മഹാരാജ
ദ്രാവിഡേഷു ച ഭൂരിശഃ
താമ്രപർണ്ണീനദീ യത്ര
കൃതമാലാ പയസ്വിനീ

കാവേരീ ച മഹാപുണ്യാ
പ്രതീചീ ച മഹാനദീ

താമ്രപർണ്ണി മുതലായ നദികളിലെ ജലം പാനംചെയ്യുന്നവർ വിശിഷ്ടന്മാരായ വിഷ്ണുഭക്തന്മാരായിത്തീരുന്നു. ഈ നദികളുടെ തീരങ്ങളിലാണു് പണ്ടു മഹാഭക്തന്മാർ അധികം അവതരിച്ചിട്ടുള്ളതു്. അതുകൊണ്ടു പുണ്യതികഞ്ഞവയാണു ഈ നദികൾ. ഈ അഭിപ്രായത്തെത്തന്നെ ഭക്താഗ്രേസരനും മഹാകവിയുമായ മേല്പത്തൂർ നാരായണഭട്ടതിരി നാരായണീയത്തിലും പ്രതിപാദിച്ചിട്ടുണ്ടു്.

ഭക്തിസ്താവൽ കലൗ സ്യാർദ്രമിളദ്ദവി തതോ
ഭൂരിശസ്തത്ര ചോച്ചൈഃ
കാവേരീം താമ്രപർണ്ണീമനുകിലകൃതമാ-
ലാം ച പുണ്യാം പ്രതീചീം

ആ ആറടിമണ്ണ്

നാഗവള്ളിൽ ആർ. എസ്. കുറുപ്പ്

K. JACOB THOMAS
MANNANCHERY
PUBLIC LIBRARY

ആതാ—
അങ്ങോട്ടു നോക്കൂ,
നിറഞ്ഞ നയനങ്ങളോടെ
തകർന്ന ഹൃദയത്തോടെ
വിറയ്ക്കുന്ന അധരങ്ങളോടെ
അങ്ങോട്ടുനോക്കൂ, ഭാരതമേ!
കാണുന്നില്ലേ ആ ആറടിമണ്ണ്?
നിന്റെ സംസ്കാരത്തിന്റെ നേർക്കുള്ള ചോദ്യചിഹ്നം?
അവിടെയാണ്,
നിന്റെ മഹത്തായ പാരമ്പര്യം ചുട്ട ചാമ്പലായത്;
നിന്റെ അഭിമാനവും അഭിമാനത്വവും അവസാനിച്ചത്;
ക്രിസ്തുവിനെ ക്രൂശിച്ച പാശ്ചാത്യനെ നീ കവച്ചുവെച്ചത്.

നോക്കൂ,
കണ്ണടയ്ക്കാതെ,
കരളു ഇടിക്കാതെ,
ഉടലു വിറയ്ക്കാതെ,
നോക്കിക്കാണൂ, നിന്റെ സംസ്കാരത്തിന്റെ ചുടലക്കളം!
നെടുനാളായി
അടിമത്തത്തിന്റെ ആഴത്തിലാണ്ട്
അഴലുമാത്രം അശിച്ച്
അശക്തയായിക്കിടന്ന നിന്നെ
അദ്വേഷം തട്ടിയുണർത്തി;
ആ അത്ഭുതമനുഷ്യൻ!
ആ അദ്ധ്വനഗാന്ധിയുടെ ആകാരം
നിന്റെ യാതനകളുടെ ആകെത്തുകയായിരുന്നു;
അദ്വേഷത്തിന്റെ ആത്മാവ്

ഇതിൽനിന്നും കേരളവും ഭക്തന്മാരധികം ഉണ്ടായിരിക്കുന്ന ഒരു കാടാണെന്നു തെളിയുന്നു. "ഹാ മാമപ്യേതദന്തർഭവമപി ച വിഭോ കിഞ്ചിദഞ്ചത്രസം തപയി" എന്നു ഭട്ടതിരി തന്റെ നിലയെപ്പറ്റി പറയുന്നു. കേരളം ഭക്തിമാർഗ്ഗത്തിനു ഖ്യാതിനേടിയ ഒരു നാടാകുന്നു എന്നു ഇതിൽനിന്നെല്ലാം വന്നുകൂടുന്നു.

അനേകം ഖ്യാതിയേറിയവരും സിദ്ധാഗ്രേസരന്മാരുമായ ഭക്തന്മാർ കേരളത്തിൽ അവതരിച്ചിട്ടുണ്ട്. കുലശേഖരൻ, ബിലഹമംഗലം, പൂന്താനം, മേല്പത്തൂർ, മാനവേദൻ മുതലായവരുടെ നാമങ്ങൾ അവരുടെ കൃത്തിൽ പ്രഥമഗണനീയങ്ങളാകുന്നു. കണ്ണശ്ശപ്പണിക്കർ, തുഞ്ചത്താചാര്യൻ മുതലായ കവികളും അതുല്യന്മാരായ ഭക്തന്മാരായിരുന്നു എന്നു അവരുടെ കൃതികളിൽ നിന്നു വെളിപ്പെടും. യോഗാദിപ്രസ്ഥാനങ്ങളെ അപേക്ഷിച്ചു ഭക്തിമാർഗ്ഗത്തിനാണു ദ്രാവിഡജനങ്ങളുടെഇടയിൽ അധികം പ്രചാരം ലഭിച്ചിരിക്കുന്നതു്. കേരളത്തിലും ഭക്തിമാർഗ്ഗത്തിനു ഇതരപ്രസ്ഥാനങ്ങളെക്കാൾ ഉല്കൃർഷം സിദ്ധിക്കുന്നതിനും അതുതന്നെ കാരണം. കേരളീയരുടെ ആസ്തിക്യനിഷ്ഠ പൂർവ്വകാലംമുതല്ക്കു നിലനിന്നുവരുന്ന ഒന്നെന്നു കാണുന്നതു അഭിമാനജനകമത്രേ.

നിന്റെ ആദർശങ്ങളുടെ സമാഹാരമായിരുന്നു.
ആ ശബ്ദത്തിൽ നീ ആവേശംപൂണ്ടു;
ഭാവിഭാഗധേയം കണ്ടു;
മങ്ങിക്കിടന്ന ആശകൾ
ഉണർന്നുജ്ജ്വലങ്ങളായി;
ചിന്നിച്ചിതറിപ്പോയ സ്വപ്നങ്ങൾ
സജീവരൂപം കൊണ്ടു;
അടിച്ചമർത്തപ്പെട്ട അഭിമാനവും
കഴുത്തുഞെരിക്കപ്പെട്ട വീര്യവും
ഉഗ്രരൂപത്തിൽ ഉണർന്നെഴുന്നേറ്റു;
നിന്റെ വിലാപഗീതം
സംഗ്രാമഗീതമായി;
നഷ്ടപ്പെട്ടതെല്ലാം വീണ്ടെടുക്കുവാൻ
നീ പടക്കളത്തിലേക്കു നടകൊണ്ടു.
ലോകം അതുവരെ കണ്ടിട്ടില്ലാത്ത
ഒരു പുതിയസമരം!
സമരചരിത്രത്തിലെ സുമോഹനമായ
ഒരു നവീനാദ്ധ്യായം;
ബുദ്ധനെപ്പോലെ നാടിനുമാത്രം കഴിവുള്ള
ധാർമ്മികസമരം!
ലോകം അമ്പരന്നുപോയി;
നിരായുധീകരിക്കപ്പെട്ടവർ
മാരകായുധങ്ങളോട് പൊരുതുകയോ?
ചിലർ ഭ്രാന്തെന്നു വിധിച്ചു;
ചിലർ മടത്തരമെന്നു പുശ്ചിച്ചു;
ചിലർ ആത്മഹത്യാസംരംഭമെന്നു പഴിച്ചു.
അപ്പോഴും അക്ഷോഭ്യനായി മുന്നോട്ടുപോയ അദ്ദേഹത്തിന്റെ പുറകേ നീ
ലക്ഷ്യത്തെ സമീപിച്ചുകൊണ്ടിരുന്നു.
എതിരാളി ചീറിയടുത്തു;
പല അടവുകളും കൊണ്ടെതിർത്തു;
അഗ്നിപരീക്ഷകൾ നിന്റെ വഴിയിൽ
വാരി വിതറി;
അദ്ദേഹത്തിന്റെ പുറകിൽ നിന്ന
നിനക്കുണ്ടോ ക്രൂസലു?
അവസാനം—
നിരായുധന്റെ മുമ്പിൽ
മാരകായുധങ്ങൾ മടങ്ങി.
അഹിംസയുടെ പാദത്തിൽ
ഹിംസ പ്രണമിച്ചു;
അവകാശത്തിന്റെ മുമ്പിൽ
അധികാരം വഴി മാറി;
നീ ലക്ഷ്യത്തിലെത്തി!
കൃഷ്ണനേയും ബുദ്ധനേയും അശോകനേയും
കണ്ട ഹിമവാനും ഗംഗയും വിന്ധ്യനും
വീണ്ടും കോൾമയിർക്കൊണ്ടു;
ബുദ്ധഗയയിലെ ആ പവിത്രവൃക്ഷം
വീണ്ടും തളിർക്കുവാൻ തയ്യാറായി;
രക്തപ്പുഴയിൽകിടന്നു പിടയുന്ന ലോകം
ആശയോടെ നിന്നെനോക്കി നോക്കി!
പക്ഷേ—
വിജയം നിന്നെ മത്തുപിടിപ്പിച്ചു;
സ്വാതന്ത്ര്യം നിന്നെ ഭ്രാന്തുപിടിപ്പിച്ചു;
ആ ലഹരിയിൽ
നീ എല്ലാം മറന്നു;
നെടുനാളത്തെ നിരായുധീകരണത്തിനുശേഷം കിട്ടിയആയുധം നിന്നിൽ കിക്കിളിയേറ്റി;
അതു പ്രയോഗിക്കുവാൻ സന്ദർഭം സൃഷ്ടിക്കുവാനായി നിന്റെ അന്ധമായ ശ്രമം.
നീ രണ്ടായിപ്പിരിഞ്ഞു
പരസ്പരം പ്രയോഗിച്ചുനോക്കി;
തൃപ്തിയായില്ല;
അതിൽ പ്രതിഷേധിച്ച
അതു നേടിത്തന്ന ആളിന്റെ
നേർക്കുതന്നെ അവസാനം
നീയതു പ്രയോഗിച്ചു!
രക്തം ചിന്താതെ അവകാശസമരം
നടത്തുവാൻ പഠിപ്പിച്ച
പുണ്യഗുരുവിന്റെ ജീവരക്തംതന്നെ
നീ ചിന്തി;
അഹിംസാമന്ത്രമുപദേശിച്ച അത്ഭുതഗുരുവിനെ നീ ഹിംസിച്ചു;
നിന്റെ നവീനസ്വാതന്ത്ര്യയുഗത്തിന്റെ
നാന്ദി
ആ സ്വാതന്ത്ര്യം നേടിത്തന്ന രാഷ്ട്രപിതാവിന്റെ വധകോലാഹലമായിരുന്നു.
ചരിത്രാരംഭം മുതല്ക്കു
കോടിക്കണക്കിനുള്ള മനുഷ്യവധം



കണ്ടുതഴമ്പിച്ച ഹിമവാൻപോലും
കഠിനമായി ഞെട്ടിയിരിക്കണം;
മനുഷ്യരക്തം പതിച്ച്
ചെന്നിറംപൂണ്ട
സിന്ധുവും സരയുവും
പൊട്ടിക്കരഞ്ഞിരിക്കണം;
സിദ്ധാർത്ഥന്റെ പാദസ്പർശത്താൽ
പുളകംപൂണ്ട മണ്ണ്
ആ രക്തത്തുള്ളികളേറ്റപ്പോൾ
വിങ്ങിവിങ്ങിക്കരഞ്ഞിരിക്കണം!
കൃതഘ്നതേ,
നവീന ഭസ്മാസുരനായ നിനക്ക്
നാശമല്ലാതെ ഗതിയുണ്ടോ?
അരുത്!
നിന്റെ കൃതഘ്നതയുടെ നശിക്കാത്ത ലക്ഷ്യമായ
ആ ആറടിമണ്ണിൽ
പ്രണമിക്കരുത്!

ആ വിശുദ്ധമായ മണ്ണിൽ
പാപപങ്കിലമായ നിന്റെ കണ്ണീർ
വീഴ്ത്തരുത്!
നിനക്കതിനർഹതയില്ല.
അവിടെ എരിഞ്ഞടങ്ങിയ ചിതാഗ്നിയിൽ
നിന്നും
ഉദിച്ചുയർന്ന ആ തേജഃപുഞ്ജം
നീ കാണാഞ്ഞതുണ്ടോ?
അതാണ് ഗാന്ധിജി!
നിന്റെ ആദർശങ്ങളുടെ ആകെത്തുക;
നിന്റെ സംസ്കാരത്തിന്റെ സുന്ദരാകാരം;
അവിടെ വെന്തു വെണ്ണീറായതു്
ആ ആദർശങ്ങൾ കുടിപാർത്തിരുന്ന
മൺമയദേഹം മാത്രം.
ആ ആദർശങ്ങളിൽ നിനക്കു
വിശ്വാസമുള്ളിടത്തോളം കാലം,
അതിനുവേണ്ടി എന്തും സഹിക്കുവാൻ
നീ സന്നദ്ധയാവുന്നിടത്തോളം കാലം,
അതിനായി അരയും തലയും മുറുക്കി
കർമ്മരംഗത്തിൽ നിലകൊള്ളുന്നിടത്തോളം കാലം,
ഗാന്ധിജി മരിക്കുകയില്ല;
നീ നശിക്കുകയില്ല;
ആ ആറടിമണ്ണ് നിന്റെ
അഭിമാനകേന്ദ്രവും
പ്രചോദനകേന്ദ്രവും
ആയിത്തീരും!

വികല്പവകാരം ലേഖനകർത്താവിന്.

നിർവ്വികല്പമാം നിത്യസത്യത്തിന്റെ
സാക്ഷാത്കാരമായുള്ള മഹാഗുരോ,
പല്ലുമാടവും കൊട്ടാരവും ഭവാൻ
തെല്ലുമന്തരമില്ലാതെകാണുന്നു!
ആ മഹാസമത്വത്തിന്റെ കോവിലിൽ
പോയ് വണങ്ങാത്ത സംസ്കാരമെങ്ങുള്ളു?
കൈതൊഴാം തൊഴിമാൽപ്രഭാവമേ
കൈവണങ്ങാം തൊഴാം കാരുണ്യവാരിധേ!

ഗാന്ധിജിയുടെ ഒരു ലേഖനം

പരിഭാഷകൻ സി. ഐ. രാമൻനായർ

(ലേഖനമെഴുതുമ്പോൾ മേഡേൺറിവ്യൂ പത്രാധിപരായിരുന്ന രാമാനന്ദചാറ്റർജിയുടെ കുറിപ്പ്)

[മഹാത്മാഗാന്ധിയുടെ ഈ കൊച്ചു ലേഖനത്തിന്റെ പിന്നിൽ ഒരു ചെറിയ ചരിത്രമുണ്ട്. കുറെ വർഷങ്ങൾക്കു മുമ്പ്—പക്ഷേ, പത്തോ പതിനഞ്ചോ വർഷങ്ങൾക്കു മുമ്പായിരിക്കണം—ഞാൻ മഹാത്മാവിന്റെ ഒരു സാഹിത്യലേഖനം വായിക്കയുണ്ടായി. അതിൽ, ഗാന്ധിജിയുടെ ജീവിതാദർശത്തിനു് രൂപം നൽകിയ മൂന്നു് ആധുനികമഹത്തുക്കളിൽ ഗാന്ധിജി ഏറ്റവും കടപ്പെട്ടിരിക്കുന്നതു്, ഗുജറാത്തി കവിയായ രാജ്ചന്ദ്രനോടാണെന്നു് അദ്ദേഹം രേഖപ്പെടുത്തിയിരുന്നു. ഇതു വായിച്ചപ്പോൾ ഈ മഹാനെപ്പറ്റി ഒരു ലേഖനം അയച്ചുതരുവാൻ ഭയവുണ്ടാകണമെന്നു ഞാൻ ഗാന്ധിജിക്കെഴുതി. അപ്രകാരം ചെയ്തുകൊള്ളാമെന്നു് ഗാന്ധിജി വാഗ്ദാനം ചെയ്തുയും ചെയ്തു. എന്നാൽ, അദ്ദേഹത്തിന്റെ ജോലിത്തിരക്കിനെപ്പറ്റി നല്ലപോലെ എനിക്കറിയാമായിരുന്നതുകൊണ്ടു്, ഈ വാഗ്ദാനത്തെപ്പറ്റി വീണ്ടും ഓർമ്മപ്പെടുത്തുവാൻ ഞാൻ മുതിർന്നില്ല. ഗാന്ധിജിയാകട്ടെ, ഈ കാര്യം തീരെ വിസ്മരിക്കയും ചെയ്തിരുന്നു. ഇക്കഴിഞ്ഞവർഷം വീണ്ടും ഞാൻ "രാജ്ചന്ദ്രനെ"പ്പറ്റിയുള്ളലേഖനം ആവശ്യപ്പെടുകയും, സന്ദർഭവശാൽ ആ പഴയ വാഗ്ദാനം അനുസ്മരിപ്പിക്കയും ചെയ്തു. ഇതിനു മറുപടിയായി ഫെബ്രുവരി-ഡിസംബർമാസം ഫെബ്രുവരിയിൽ അദ്ദേഹം വാർദ്ധയിൽനിന്നും എനിക്കീവിധം എഴുതുകയുണ്ടായി.

"പ്രിയപ്പെട്ട രാമാനന്ദബാബു,

താങ്കളുടെ നവംബർ ഫെബ്രുവരിയിലെ കത്തു് എനിക്കു് ഇന്നുമാത്രമാണു് കിട്ടിയതു്. ഏതാണ്ടു് വാക്കുകൾ ആണു് അങ്ങു എന്നിൽനിന്നും ആവശ്യപ്പെട്ടതു്. നല്ല ഉറപ്പുള്ള അയിരം പല്ലുകൾ പറിച്ചെടുക്കുന്നതുപോലത്തെ ഇപ്പോൾ അങ്ങയുടെ ഈ ആവശ്യപ്പെടൽ. കൂടാതെ ലേഖനം അങ്ങയുടെ മാസികയുടെ ക്രിസ്തുമസ്സ്ലക്കത്തിലേക്കു് വേണമെന്നും അങ്ങു് ആവശ്യപ്പെട്ടിരിക്കുന്നു. അതിലേക്കു് ഇപ്പോൾ ഏറെ താമസിച്ചുപോയെന്നു് വരുന്നില്ലയോ? താമസിച്ചില്ലെങ്കിൽപോലും, ഏതാണ്ടു് വാക്കുകൾ ഉള്ള ഒരു ലേഖനമെഴുതാൻ എനിക്കു് സമയം ലഭിക്ക എന്നുള്ളതു് കായികമായ ഒരു അസാധ്യതതന്നെയാകുന്നു. ഓരോനിമിഷവും മുമ്പിനാലെ പണയപ്പെടുത്തിപ്പോയി.

എന്റെ വാഗ്ദാനം ഞാൻ നിർദ്ദോഷം വിസ്മരിച്ചുപോയി. എന്നാൽ ഞാൻ സന്തോഷത്തോടുകൂടി ഈ ഭാരം ഏല്ക്കുന്നു. ജനുവരിമാസത്തിൽ യർവാദാപരിസരങ്ങളിലെവിടെയെങ്കിലും ഞാൻ വിശ്രമിക്കുന്നില്ലെങ്കിൽ അങ്ങു് എനിക്കു കുറച്ചുസമയം കൂടി അനുവദിക്കുന്നതിനും, ഇടയിൽ ഒന്നു കൂടി ഓർമ്മപ്പെടുത്തുന്നതിനും കരുതുമല്ലോ.

എന്നു് ആത്മാർത്ഥതയോടെ

എം. കെ. ഗാന്ധി"

ഞാൻ വീണ്ടും ഒരോർമ്മക്കുറിപ്പ് അയയ്ക്കുണ്ടായില്ല. എന്തെന്നാൽ അദ്ദേഹം ഉണർന്നിരിക്കുന്ന ഓരോനിമിഷവും മനുഷ്യസേവനത്തിനുവേണ്ടി ഉഴിഞ്ഞുവെയ്ക്കപ്പെട്ടിരുന്നു എന്നെനിക്കറിയാം. എങ്കിലും ഗാന്ധിജി തന്റെ വാശാനം പരിപാലിച്ചു! അതും അദ്ദേഹം യർവ്വാദയിൽ എത്തുന്നതിനുമുമ്പായിത്തന്നെ. ദണ്ഡിയാത്രയുടെ മധ്യേ ആണ് ഈ ലേഖനമെഴുതിയത്; എന്നുള്ളതു പ്രത്യക്ഷമാണ്. എന്തെന്നാൽ ഗാന്ധിജിയുടെ സെക്രട്ടറി ശ്രീയുത് പ്യാരിലാൽ എനിയ്ക്കെഴുതുകയാണ്: "ഞങ്ങളുടെ ദണ്ഡിയാത്രാവേളയിൽ മാച്ച് ഫാക്ടറിയോ അതിനോടടുത്തോ ഗാന്ധിജി, വാശാനപരിപാലനാർത്ഥം മോഡേൺ റിവ്യൂവിനുവേണ്ടി എഴുതിയ രാജ്ചന്ദ്രനെക്കുറിച്ചുള്ളലേഖനം ഞാൻ രജിസ്റ്റേർഡ് പോസ്റ്റായി താങ്കളുടെപേക്ക് അയച്ചിരുന്നു."]

മഹാനായ ഒരു പ്രവാചകൻ

(എം. കെ. ഗാന്ധി)

കവി രാജ്ചന്ദ്രൻ, കത്തിയവാറിൽ, വവാനിയ എന്ന സ്ഥലത്തു് ജനിച്ചു. ഫ്രവുൻഫ്രൽ ലണ്ടനിൽനിന്നും ഞാൻ തിരിച്ചുവന്നപ്പോൾ ഡാക്ടർ പി. ജെ. മേത്തയുടെ ബോംബെയിലുള്ള വസതിയിൽവെച്ചാണു ഞാൻ ഇദ്ദേഹത്തെ ആദ്യമായി കാണുക. ഡാക്ടർ മേത്തായുമായി ഏതാണ്ടൊരു ബന്ധുത്വം നമ്മുടെ കവിയ്ക്കുണ്ടായിരുന്നു. ഇദ്ദേഹത്തെ ഒരു 'ശതാവധാനി' എന്ന നിലയ്ക്കാണു്—ഒരു നൂറുക്കൂട്ടം കാര്യങ്ങൾ ഒരേസമയത്തു് ഓർക്കാൻ പ്രാപ്തനായിട്ടാണു്—എന്നെ പരിചയപ്പെടുത്തിയതു്. അന്നു് കവി വളരെ ചെറുപ്പമായിരുന്നു. ഏതാണ്ടു് എൻറെ പ്രായം. ഇരുപത്തൊന്നുവയസ്സുമാത്രമേ തോന്നിയ്ക്കുയുള്ളൂ. എന്നാൽ അപ്പോഴേക്കും, തന്റെ സിദ്ധികൾ പരസ്യമായി പ്രകടിപ്പിക്കുന്നതിൽനിന്നും അദ്ദേഹം വിരമിക്കുകയും, കേവലം ആദ്ധ്യാത്മികകാര്യങ്ങൾക്കായി സമയം വിനിയോഗിക്കയും ചെയ്തിരുന്നു. കവിയുടെ ജീവിതലാളിത്യവും ചിന്താസ്വാതന്ത്ര്യവും എന്നെ അത്ഭുതപരതന്ത്രനാക്കി. അന്ധമായ മാമൂൽപ്രിയത്വത്തിന്റെ ലാഞ്ഛനപോലും അദ്ദേഹത്തിൽ കണികാണ്മാനുണ്ടായിരുന്നില്ല. എന്നെ എല്ലാറ്റിലും കൂടുതലായി വിസ്മയിപ്പിച്ചതു്, മതസിദ്ധാ



കവി രാജ്ചന്ദ്

നങ്ങളെ അദ്ദേഹം സ്വജീവിതത്തിൽ പ്രായോഗികമാക്കാൻചെയ്ത പരിപാടികളായിരുന്നു. മതതത്വശാസ്ത്രങ്ങൾ പഠിച്ചുകൊണ്ടിരിക്കുമ്പോൾതന്നെ, താൻ വിശ്വസിച്ച പാഠങ്ങൾ പ്രവൃത്തിപഥത്തിൽകൊണ്ടുവരാൻ അദ്ദേഹം അധ്വാനിച്ചു. കവി, ജനനാൽ ഒരു 'ജയിൻ' ആയിരുന്നു. എങ്കിലും ഇതരമതങ്ങളോടുണ്ടായിരുന്ന അദ്ദേഹത്തിന്റെ സഹിഷ്ണുത പ്രശംസാർഹമത്രേ. അദ്ദേഹത്തിനു വേണമെന്നുണ്ടായിരുന്നെങ്കിൽ ഉപരിപഠനത്തിനു് ഇംഗ്ലണ്ടിൽ പോകാമായിരുന്നു. എന്നാൽ അദ്ദേഹം പോകാൻ ഇഷ്ടപ്പെട്ടില്ല. അദ്ദേഹം ഇംഗ്ലീഷ് പഠിക്കുവാൻ ആഗ്രഹിച്ചില്ല. പ്രാഥമികവിദ്യാഭ്യാസമേ പള്ളിക്കൂടത്തിൽനിന്നും അദ്ദേഹത്തിനു് ലഭിച്ചിരുന്നുള്ളൂ. പക്ഷേ അദ്ദേഹം ഒരു (Genius) ധിഷണാസമ്പന്നൻആയിരുന്നു. സംസ്കൃതം, മാഗധി, ഒരുപക്ഷേ പാലി എന്നീ ഭാഷകൾ അദ്ദേഹത്തിനു് സ്വാധീനമായിരുന്നു. മതസാഹിത്യം എത്രവായിച്ചാലും അദ്ദേഹത്തിനു് തൃപ്തിവന്നിരുന്നില്ല. ഗുജറാത്തിഭാഷമാത്രമായി ആവശ്യത്തിനുവേണ്ട ജ്ഞാനം ഇസ്ലാം, ക്രൈസ്തവമതം, സോറോസ്ട്രിയാനിസം ഇവയിൽ അദ്ദേഹം ആർജ്ജിച്ചിരുന്നു. മതപരമായ കാര്യങ്ങളിൽ ഹൃദയത്തെ മറ്റാരേയുംകാൾ സുശക്തമായി വശീകരിച്ച ആ മഹാൻ ഇപ്രകാരമുള്ള ഒരു വ്യക്തിയാണു്. എന്റെ ആത്മീയജീവിതത്തിന്റെ ആവിഷ്കരണത്തിനു് ടോൾസ്റ്റായി, റസ്കിൻ എന്നിവർ നമ്മുടെ കവിയുമായി മത്സരിച്ചിട്ടുണ്ടെന്നു ഞാൻ ഏതിലോ എവിടെയോ പറഞ്ഞിട്ടുണ്ടു്. എന്നാൽ കവിയുടെ പ്രേരണാശക്തി സംശയലേശമെന്യേ മറിരിരുവരേയും അപേക്ഷിച്ചു അഗാധമായിരുന്നു എന്നു പറഞ്ഞേ തീരൂ. ഒരു പക്ഷേ അതിന്റെ കാരണം കവിയുമായി നേരിട്ടു് സമ്പർക്കം പുലർത്തുവാൻ ഇടവന്നതായിരിക്കാം. വിവിധവിഷയങ്ങളെ സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ എന്റെ സന്മാർഗ്ഗബോധത്തിനു് തികച്ചും അനുവദനീയങ്ങൾതന്നെ ആയിരുന്നു. അദ്ദേഹത്തിന്റെ സകല വിശ്വാസങ്ങളുടേയും അടിത്തറ അഹിംസതന്നെ. ആ അഹിംസ, ഇന്നു് ചിലരുടെ ഇടയിൽ കാണുന്നതരത്തിലുള്ളതായിരുന്നില്ല. പ്രായംചെന്ന കന്നുകാലികളോടും, മറ്റു പ്രാണികളോടും കാരുണ്യം കാണിക്കണമെന്നുപറയുന്ന ഒരുതരം അഹിംസാഭക്തന്മാരുടെ പട്ടികയിൽ അദ്ദേഹത്തെ ഉൾപ്പെടുത്താവുന്നതല്ല. കവിയുടെ അഹിംസ, പരമാണുപ്രായമായ ഒരു ജീവിയെ എന്നപോലെ മാനവവർഗ്ഗത്തെ മുഴുവനും ബാധിച്ചിരുന്നു.

ഇങ്ങനെയൊക്കെയാണെങ്കിലും ഞാൻ കവിയെ ഒരു പൂർണ്ണമനുഷ്യനായി കരുതുന്നില്ല. എനിയ്ക്കു് പരിചയപ്പെടാൻ ഇടവന്ന മനുഷ്യരിൽവച്ചു്, ഇദ്ദേഹമാണു് പൂർണ്ണതത്തോടു് ഏറ്റവും സമീപിച്ചിരിക്കുന്നതു് എന്നു നിരാക്ഷേപമായി പറയാം. കഷ്ടം അദ്ദേഹം വളരെ ചെറുപ്പത്തിൽ മരിച്ചുപോയി—മുപ്പത്തിമൂന്നുവയസ്സു്, അന്നു് അദ്ദേഹം സത്യത്തെ അഭിമുഖമായി കാണാറായി എന്നു ആരൂഢാദിച്ചുകൊണ്ടിരുന്ന കാലമായിരുന്നു. അദ്ദേഹത്തിനുള്ള ആരാധകന്മാർ ധാരാളം, പക്ഷേ അനുകരണക്കാർ അപൂർവം. അദ്ദേഹത്തിന്റെ കൃതികൾ എല്ലാംതന്നെ ആത്മാനുഭൂതിയുടെ ബഹിർപ്രകാശനങ്ങളാകുന്നു. അവ ഹിന്ദിയിലേക്കു് തർജ്ജമചെയ്യാൻ ഒരുദ്യമം നടക്കുന്നുണ്ടു്. ഇംഗ്ലീഷിലേക്കും തർജ്ജമചെയ്യപ്പെടേണ്ടവയാണിവ!

നാപാ, 18-3-1930.



രഘുപതി രാഘവ രാജാറാം
പതിത പാവന സീതാറാം
ഈശ്വര അല്ലാ തേരേ നാം
സബ്കോ സന്മതി ദേ ഭഗവാൻ.

നിൻതൂവൽ ചലിക്കട്ടെ

ഒ. എൻ. വി. കുറുപ്പ്

ഒന്നതു കണ്ടോ നിങ്ങൾ?
മാനവസംസ്കാരത്തിൻ-
സുന്ദരചരിത്രത്തിൻ
പുറംതാളിലെച്ചിത്രം.
മന്നിന്റെ രാഗോജ്ജ്വല-
വക്ഷസ്സിൽ ക്രൂരമെയ്യു
ചെന്നിണമൊലിപ്പിക്കും
കാട്ടാളത്തത്തിൻനേരേ
നിന്ദയുമെതിർപ്പുമായ്
നിൽക്കുന്നു, ചിതപ്പുറിൽ
നിന്നുണർന്നയന്നാ-
മാദ്യത്തെ മഹാകവി.

* * *

മറിക്കൂ ചിത്രം നിങ്ങൾ;
നോക്കുക ചരിത്രത്തി-
ന്നകത്തേക്കെത്താ, വീണ്ടും
കണ്ടുവോ കാട്ടാളനെ?
ക്രൂരത്തിരു കല്ലും വില്ലു-
മൊക്കെയും വെടിഞ്ഞോരോ
പുതുനാമുടുപ്പിട്ട
നിൽക്കയാണവനിന്നും.
പിന്നിലുണ്ടൊരുനീണ്ട
സംഹാരചരിത്രവും,
മന്നിനെക്കരയിക്കു-
മായിരം കഥകളും!—
വെള്ളത്തപുറംതൊലി-
പോലു,മാ സ്രഷ്ടാവിനെ-
ക്കളിപ്പിച്ചവൻ നേടീ,
തനതുനിറം മൂടീ!

മർത്ത്യന്റെ ചട്ടക്കൂട്ടിൽ
കണ്ടതാം മഹത്വങ്ങൾ-
ക്കത്ഥമീശതാംശമോ!-
പൂവിട്ടതൊഴമവൾ!
വെളുത്തതൊലിയു,മാ-
വെള്ളത്തൊപ്പിയും!-നമ്മെ
കളിപ്പിക്കുവാനവൻ
നേടിയ വേഷംമാത്രം!
പാരിനെപ്പേടിപ്പിച്ചു
'ചൊൽപടി' നിത്യാന,തിൻ-
ചോരയൂറുവാ"നാറ്റം-
ബോമ്പു"മിന്നവൻകാട്ടം!
പടക്കോപ്പുണിഞ്ഞവൻ
നിൽക്കയാണൊരുവശം;
പിടയ്ക്കുമാത്മാവുമായ്
മർത്ത്യൻ മറുവശം!
അന്തിമപ്പോരിന്നായി
ചേരികൾതിരിയുമീ-
സന്ധിഘട്ടത്തിലാഷ്-
കവിതൻപാരമ്പര്യം—
—ഇരുളിൻ ഭരണത്തോ-
ടാദ്യമായ് പ്രതിഷേധ-
സ്വരമന്നുയർത്തിയ
കവി തൻ പാരമ്പര്യം—
വേദന വിരചിക്കും
നഗ്നചിത്രങ്ങൾ കാൺകെ,
ഖേദമാർന്നിട്ടു"മിന്നി"ൻ-
കവിയോടോതീടുന്നു:—
"'ഇന്നി'ന്റെയന്തിക്കുമാ-
'നാളെ' തൻപുലരിക്കും
ചെന്നിറം പൂശീടുവാൻ
നിൻതൂവൽ ചലിക്കട്ടെ!"...

ഭാരതീയരുടെ ജീവിതഭാവി

ഇ. ഇരവിതായരുപണ്ടാരത്തിൽ ബി. എ.

വൈദേശികമായ അവമട്ടനത്തിനോടെതിരിട്ടുന്നതിനും സാമ്പത്തികമായ പരാശ്രയം പരിത്യജിക്കുന്നതിനുമായി ഭാരതത്തിന്റെ ശസ്ത്രഭണ്ഡാഗാരത്തിൽനിന്നും തെരഞ്ഞെടുത്ത ആയുധങ്ങളും ത്യാഗവും കഠിനമായ സുഖനിസ്പൃഹതപവും ആയിരുന്നു എന്നുള്ളതു് ആർക്കും അറിയാവുന്നതാണല്ലോ. ആഷ്മായ തപോനിഷ്ഠയും വല്ലലതുല്യമായ ഖദറും പ്രതിരോധത്തിനുള്ള രക്ഷാകവചങ്ങളായി സമുദായത്തിന്റെ അടിമുതൽ മുടിവരെ സ്വീകരിപ്പിക്കുന്നതിനുള്ള മാഹാത്മ്യവും നാം ലോകസമക്ഷം പ്രദർശിപ്പിച്ചുകഴിഞ്ഞു. തീവ്രമായ ഈവക വ്രതചര്യമാത്രം സൃഷ്ടിപരമായ ഒരു ഭാവി ഭാഗധേയത്തിനു പര്യാപ്തമാണോ എന്നു് ആരും പ്രത്യവലോകനം ചെയ്യേണ്ടിയിരിക്കുന്നു. ലഘുവായ ജീവിതചര്യ സമതപത്തിന്റെയും അക്രമരാഹിത്യത്തിന്റെയും അടിസ്ഥാനംതന്നെയാണു്. എന്നിരുന്നാലും അതിന്റെ മാത്ര എത്രകണ്ടുണ്ടായിരിക്കണമെന്നും ലോകത്തിന്റെ ഇതരവിഭാഗങ്ങളോടു കിടനില്ക്കുന്നതിനും, അഭേദ്യമായ അവയുടെ ആവേശവും ആശയവിനിയമനവും സ്വീകരിക്കുന്നതിനുമുള്ള ഒരുക്കങ്ങളും അതുപോലെതന്നെ ആവശ്യമാകുന്നു എന്നു ആലോചിക്കേണ്ടതാണു്. സ്വദേശഹസ്തങ്ങളാൽ നിർമ്മിതമായ ഉപഭോഗസാധനങ്ങളും ഉപസ്കരങ്ങളുമേ കഴിവുള്ളിടത്തോളം ഉപയോഗപ്പെടുത്താവൂ എന്നുള്ള നിർബന്ധം ലോകത്തിലെ ഐശ്വര്യസമൃദ്ധിയുള്ള എല്ലാ രാഷ്ട്രങ്ങളിലും പൗരബോധത്തിന്റെ അടിസ്ഥാനമായി സ്വീകരിക്കപ്പെട്ടിട്ടുണ്ടു്. അസഹായമായ ഒരു പതനംകൊണ്ടു മാത്രം നമ്മുടെ ലഘുജീവിതം സമർത്ഥമായ വിധം അഭിമാനത്തിനുവേണ്ടി ആരോപിക്കപ്പെട്ടിട്ടുള്ളതല്ലേ എന്നുള്ള സംശയം ഉണ്ടാവേണ്ടതാണു്. ഉപയുക്തങ്ങളുടെ വർദ്ധനവുകൊണ്ടാണു വ്യാവസായികനിർമ്മിതികളുടെയും സമ്പത്തിന്റെ ഘടകങ്ങളുടെയും ആവശ്യങ്ങൾ അഭിവൃദ്ധിപ്പെടുന്നതെന്നാണു് ആധുനികധനശാസ്ത്രം സ്ഥാപിച്ചിരിക്കുന്നതു്. പ്രാഥമികങ്ങളായ ആവശ്യങ്ങൾക്കു അസാധാരണലഘുതപം ആരാഞ്ഞിരുന്നുവെങ്കിലും മറ്റു സംസ്കൃതസാധനങ്ങൾ ഉപയോഗിക്കുന്ന വിഷയത്തിൽ ഒരു "മാജ്ജാരനിമേഷ"ന്യായം അംഗീകരിക്കപ്പെട്ടുവന്നു എന്നുള്ളതു സമ്മതിക്കാതെ നിവൃത്തിമില്ല. പരിഷ്കാരങ്ങളുടെ ആകർഷകതപവും നാഗരികതപവും തീരെ ബാധിക്കാതെ മുൻപോട്ടുള്ള പ്രസ്ഥാനം അസാദ്ധ്യമാണെന്ന മാത്രമെ മനുഷ്യലോകത്തിന്റെ ചരിത്രം വെളിവാക്കുന്നുള്ളൂ. മാനവസംസ്കാരങ്ങളുടെ അന്യമായ നാശം ആധുനിക ആവശ്യങ്ങൾക്കു ഇടയാക്കാതെ ഇരുന്നിട്ടുമില്ല. പ്രാചീനമായ കാൽഡിയൻജനതയുടെ ശവസഞ്ചയനക്കല്ലറകളിൽ കേരളത്തിലെ തേക്കു കൊണ്ടുള്ള സാധനങ്ങളും ഇന്നത്തെപ്പോലെ അധരങ്ങൾക്കു ചായം പിടിപ്പിക്കുന്നതിനുള്ള ശലാകകളും കണ്ടുവരുന്നു. കൃത്രിമവേദപുസ്തകത്തിലെ പ്രാഭവശാലിയും മഹാമേധാവിയുമായ സാളമൻ ചക്രവർത്തിയുടെ പ്രതാപത്തിനു ഭാരതത്തിൽനിന്നും സജ്ജീകരിച്ച മയിലും, കുരങ്ങും, ദന്തവും, അപൂർവമായ സുഗന്ധദ്രവ്യങ്ങളും അനിഷേധ്യവസ്തുക്കളായി പര-

ലസിച്ചിരുന്നു. സങ്കുചിതമായ ദേശീയ സീമകളെ അതിക്രമിച്ചു വിദൂരപൂർവ്വദേശങ്ങളിലേക്കു വാണിജ്യപ്രതാകകളെ സംക്രമിപ്പിക്കുന്നതിനും, സാംസ്കാരികമായ അനർഘ്യദ്രവ്യങ്ങൾ പരസ്പരം ഉൽബുദ്ധമാക്കുന്നതിനും ഈ നയം ഉപകരിച്ചു എന്നുള്ളതു് ശ്രദ്ധേയമാകുന്നു. സാഹസികന്മാരായ കപ്പലോട്ടക്കാരുടേയും വാജപേയന്മാരുടേയും മുൻനേട്ടങ്ങളുടെ ഫലമാണു് രാജ്യങ്ങളുടെ അനന്തരാഭിവൃദ്ധി എന്ന എല്ലാ ചരിത്രാന്വേഷികർക്കും ബോധ്യമാണു്. ചൂക്കും, കരുമുളകും, കോഴിക്കോടൻകച്ചയും അന്യദേശികർക്കു കൊട്ടത്തക്കുട്ടത്തിൽ കൂട്ടിയും, ഭരണിയും അവയുടെ വ്യവസായവും നമ്മുടെനാട്ടിൽ പ്രചാരമായതും ഓർക്കാവുന്നതാണു്. ചീനന്മാരുടെ ബുദ്ധമതത്തുള്ള കലാശിച്ചതു കരയും കടലും വഴിയുള്ള വിപുലമായ വ്യാപാരത്തിലാണു്. സ്വദേശിയല്ലാത്ത എല്ലാ പദാർത്ഥങ്ങൾക്കും പണ്ടു "ചീന"പദസംബന്ധം ഇതിനു സാക്ഷ്യവുമാണു്. പല ഭിക്ഷുകളിലും അറബികളുടേയും ചീനന്മാരുടേയും വാണിജ്യാധിനിവേശങ്ങൾ സാമ്രാജ്യബുദ്ധിയോടും ആക്രമണമനഃസ്ഥിതിയോടുംകൂടിയല്ലാതിരുന്നതിനാൽ സാംസ്കാരികമായ ഒരു പാരസ്പര്യം സ്വയം സംജാതമായി. വൈദ്യത്തിലും, ജ്യോതിർഗ്ഗണിതത്തിലും, ചിന്താസ്വാതന്ത്ര്യത്തിലും ഇതു വളരെ പ്രയോജകീഭവിച്ചു. ഭാരതത്തിന്റെ സുവിദിതമായ അനാസ്ഥ വ്യാപാരത്തെ മതപരിവർത്തനംവരെ എത്തിച്ചേരുന്നതിനിടയാക്കിഎന്നുള്ളതു് ഇന്നു നമ്മുടെ ബുദ്ധിവിപരീതമായി വാണിജ്യത്തെ ബാധിക്കുന്നതു ശരിയല്ല. ചീനരുടേയും അറബികളുടേയും വാണിജ്യപാതകളുടെതന്നെയാണു പാശ്ചാത്യവ്യാപാരികളുടെ കാലിൽ തടഞ്ഞതു്. ഭാരതീയരുടെ മേൽപറഞ്ഞ അനാസ്ഥ അവർക്കു ദൃഷ്ടിഗോചരമല്ലാതിരുന്ന ഒരു സാമ്രാജ്യശിൽപ്പിയെ കരഗതമാക്കുന്നതിനു പിന്നീടു് ഇടയാക്കുകയും ഉണ്ടായി. ഇത്രത്തോളം അപകടങ്ങൾ കടന്നു കഴിഞ്ഞതിനുശേഷമേ അനുപേക്ഷണീയമായ പരാശ്രയം നമുക്കു ബോധ്യമായുള്ളൂ. വ്യാപാരകുശലന്മാരായ അന്യർ, പ്രതിരോധബുദ്ധിക്കു സമാധാനമുണ്ടാക്കുവാൻ, അല്പശൃവ്യവസായങ്ങൾ പരിശീലിപ്പിക്കുകയും ചിലതു ഭാരതീയഭൂമിയിലേക്കു പറിച്ചുനട്ടമാതിരി സ്ഥാപിക്കയുംചെയ്തതും അറിയാവുന്നതുതന്നെയാണല്ലോ. ഇപ്രകാരമുള്ള ഒരു പരാജയമനഃസ്ഥിതിയുടെ വെറുപ്പാണു നമ്മുടെ കൃഷ്ണജീവിതത്തിനു—വിശിഷ്യ സാധാരണജനങ്ങളുടെ—ഇടയാക്കിയതെന്നു പറയാതെ നിവൃത്തിയില്ല. അനാസ്ഥയോടും അലസതയോടുമെന്നതുപോലെ ഈ മനഃസ്ഥിതിയോടും പോരാടേണ്ട കർത്തവ്യം നമ്മെ അഭിമുഖീകരിക്കുന്നുണ്ടു്.

പുരാണികഭാരതത്തിന്റെ പ്രതാപവും ഐശ്വര്യസമൃദ്ധിയും അന്നത്തെ മതപരമായ വേദാന്തങ്ങളേക്കാൾ, കൂടുതൽ ഗണനയും ശ്രദ്ധയും ഇന്നു വിഷയമായെങ്കിൽകൊള്ളാമായിരുന്നു. ചരിത്രമധ്യകാലങ്ങൾവരെ ഭാരതം "സുയോധനന്റെ നിത്യൈശ്വര്യസമ്പൂർണ്ണമായ" കലവറതന്നെയായിരുന്നു. ഇതിഹാസഭാരതത്തിലെ യുദ്ധത്തിനു കാരണമാക്കിയതും പുണ്യശ്ലോകനായ യുധിഷ്ഠിരന്റെ രാജസൂയാസൂയയായിരുന്നില്ലേ? ഏതാനും മഹാരഥവ്യക്തികളുടെമാത്രം വിനാശഹേതുവായ ആ വൻപിച്ച കലഹം ഭാരതത്തിന്റെ സാധാരണജീവിതത്തിൽ അസാധാരണവൈപുല്യവും സാമ്രാജ്യതത്ത്വത്തിൽ അസുലഭമായ ധർമ്മനീതിയും സംസ്ഥാപിക്കുന്നതിനാണു് ഇടവരുത്തിയതു്. ശ്രീകൃഷ്ണദേവന്റെ നൂതനവീനമായ അധിനിവേശമായിരുന്ന ദ്വീപിൽ പാകിവളർത്തിയ ബീജങ്ങൾ ഭാരതം ആകമാനം വിതരണംചെയ്യപ്പെട്ടു. അയിടെയെങ്ങുംതന്നെ കൃഷ്ണമായ ത്യാഗം സർവ്വസാധാരണമല്ലായിരുന്നു.

ചരിത്രകാലങ്ങളിൽക്കടന്നാൽ അക്കാലത്തെ പാശ്ചാത്യാക്രമണപരിപാടികയായി അലക്സാണ്ഡരുടെ ആഗമനം സിന്ധുനദീപരിഷ്കാരത്തിന്റെ അടിസ്ഥാനംവരെ ഉലച്ചു. അന്നാകട്ടെ തക്ഷശിലാമഹാവിദ്യാലയത്തിലെ പൂർവ്വവിദ്യാർത്ഥിയായ വിഷ്ണുഗുപ്തചാണക്യന്റെ രാഷ്ട്രശാസ്ത്രവിദഗ്ധത പാശ്ചാത്യരീതികളെസംഗ്രഹിച്ചു്, ഇന്നലത്തെ ജർമ്മനിയിലെന്നപോലെ, ചന്ദ്രഗുപ്തനെ ഏകാധിപതിയാക്കി മാഗധസാമ്രാജ്യത്തിന്റെ മൂലം സ്ഥാപിച്ചു. രാഷ്ട്രബോധത്തിന്റെ പരിഷ്കൃതപാഠ്യപുസ്തകമായി ആ മന്ത്രി രചിച്ച ഗ്രന്ഥത്തിനു ഉചിതമായി "അർത്ഥശാസ്ത്രം" എന്നു അഭിധാനംചെയ്യുക എന്നതും സ്വീകാര്യമാകുന്നു. അനന്തരഗാമിയായ അശോകന്റെ വിശ്വവിജയം ഈ അർത്ഥസംരക്ഷണത്തിന്റെ ആവിഷ്കരണംമാത്രമായിരുന്നു. ബുദ്ധമതത്തിന്റെ ദിഗന്തരഗമനം ഭാരതത്തിനു പുതിയ വാണിജ്യരൂപങ്ങളും ഇങ്ങോട്ടു പ്രതിയാനം ചെയ്യുന്നതിനു അത്യന്തം അനുകൂലിച്ചു.

ഉന്നതമായ ജീവിതരീതിയും ഉന്നതമായ ചിന്തയും സമാനമായി ഭാരതം ഭരിച്ച കാലങ്ങളായിരുന്ന അതിനുശേഷം കഴിഞ്ഞുപോന്നതു്. പാടലീപുത്രത്തിന്റെ പതനത്തിനുശേഷം ഭാരതസംസ്കൃതി കേന്ദ്രപ്രദേശമായ ഉജ്ജയിനീപരിസരങ്ങളിലേക്കു പ്രവഹിച്ചു. കാളിദാസന്റെ കാലങ്ങൾക്കു മുമ്പും പിമ്പും ഈ പരിതഃസ്ഥിതിതന്നെയായിരുന്ന സർവ്വത വ്യാപിച്ചിരുന്നതു്. സമൃദ്ധിയിൽനിന്നും ഉല്പന്നമായ സമാധാനലക്ഷ്മിയുടെ വിലാസമാണു കാളിദാസന്റെ വിശ്വവിശ്രുതമായ കാവ്യരസികതയുടെ പശ്ചാത്തലത്തെ പരിചരിച്ചതു്. ചുറുപാടും മിന്നിയ വീരതയും വിശാലതയും ആഭിജാത്യഗംഭീരമായ ഒരു രഘുവംശത്തിലേക്കു പിന്നോക്കംനോക്കുന്നതിനു അദ്ദേഹത്തെ പ്രേരിപ്പിച്ചു. പരാക്രമിയായ ചന്ദ്രഗുപ്തവിക്രമാദിത്യനെ കുമാരസംഭവത്തിന്റെ വ്യംഗ്യമൂർത്തിയാക്കിയെന്നു വിശ്വസിക്കുന്നതിൽ വിരോധമില്ലാത്തവിധം മാനവസമുദായം പുരോഗമിച്ചു. വണിഗ്വരന്മാരായ ഭക്ഷിണാപഥയക്ഷന്മാരുടെ വിരഹം ഹിമാലയസാനുക്കളിലെ സമരമണ്ഡലവാസികളായ വനിതായക്ഷികളെ ബാധിച്ചിരുന്നതിനു തെളിവാകാം മേഘസന്ദേശമെന്നോ പറയേണ്ടതുള്ളൂ. ഉജ്ജയിനിയിലെ ആപണങ്ങളിലുള്ള അപൂർവ്വവസ്തുക്കളുടെ സമാഹാരം മനസ്സിലാക്കുന്നതിനു മേഘദൂതനെ ഒന്നു വളച്ചുവിട്ടുവാൻ കവിശ്രേഷ്ഠൻ സന്നദ്ധനായി. രഘുവംശത്തിൽ രാമനിർവ്വാണത്തിനു ശേഷമുള്ള അയോദ്ധ്യാവർണ്ണന അക്കാലത്തുള്ള നഗരജീവിതത്തിന്റെ മനോഹരതയും അധഃപതനത്തിൽഉള്ള പ്രത്യവലോകനവും സാധിച്ചിരിക്കുന്നു. പ്രമദാസംഘാലനം കൊണ്ടു മൃദംഗധീരധ്വനിയുയർത്തിയ ഭീർഘികകളും ലാക്ഷാരസമുദ്രിതമായ സോപാനമാർഗ്ഗങ്ങളും, സുഗന്ധധൂമിതങ്ങളായ ഗവാക്ഷങ്ങളും, ലതാലാളിതങ്ങളായ ഉപവനങ്ങളും പരിഷ്കാരപരിവൃദ്ധിയെ വർണ്ണനംചെയ്യുന്നു. ഗവ്യഹസ്തന്മാരായ ജാനപദന്മാരുടെ നഗരങ്ങളിലേക്കുള്ള പ്രയാണംകൂടി മനസാ ചിത്രണംചെയ്യുന്നപക്ഷം പാശ്ചാത്യപരിഷ്കാരത്തിന്റെ ചടങ്ങുകളും എല്ലാംതന്നെ ദൃശ്യമാണു് അക്കാലങ്ങളിൽ.

ഇന്നത്തെ ജീവിതം മനുഷ്യർക്കു ദുഷ്കരമാക്കുന്നവിധം അസമതലത്തിലേക്കു നയിച്ചുകൊണ്ടിരിക്കുന്നതു് യന്ത്രോപകരണങ്ങളാണു്. കൃത്രിമത മനുഷ്യസഹജവും വർദ്ധമാനവുമാകുന്നു. ഇതിന്റെ പ്രത്യാഘാതത്തിൽഭയന്നു് പിൻതിരിയുന്നതിൽ അർത്ഥമില്ല. അവയുടെ പരിതാപകരമായ ആദിമതലത്തിൽനിന്നുള്ള മോചനമാണു കാര്യം. പാശ്ചാത്യരാജ്യങ്ങളിൽ യാദൃച്ഛികമായി നഗരങ്ങളും പട്ടണപരിഷ്കാരവും യന്ത്രസമൂഹങ്ങളുടെ ചുറുപാടും വളർന്നു ദുസ്സ

ഥമായിത്തീർന്നു എന്നുള്ളതു അറിയാവുന്ന സംഗതിയാണു്. വാസസ്ഥാനങ്ങളുടെ പരിധിയിൽനിന്നു ഇവയെ നിഷ്കാസനംചെയ്യുന്ന സമ്പ്രദായം മനഃപൂർവം ആചരിയ്ക്കുന്നപക്ഷം ആരോഗ്യവും അസാമീപ്യവും ലഘുസാധ്യമാണു്. അവയുടെ നിർമ്മിതികളുടെ സമൃദ്ധിയുടെ ഫലമായും അവയുടെ പരികർമ്മികൾക്കുകൂടി ലഭിക്കുന്നപക്ഷം വലിയ പരാതിയ്ക്കു അവകാശവും ഇല്ല.

ഭാരതത്തിനെ ലോകസാമ്പത്തികസമരത്തിൽ വലയംചെയ്യുന്ന മഹാശക്തികളോടു മല്ലിട്ടു വിജയം കരസ്ഥമാക്കുന്നതിനു ഇതരപരിഷ്കാരങ്ങളുടെ ലാഞ്ഛനങ്ങൾ എല്ലാം സ്വീകരിക്കേണ്ടതാകുന്നു. അഭിമാനകരമായ ഒരു ജീവിതോന്നമനത്തിനും സാധാരണമായ സുഖസൌകര്യാവശ്യങ്ങൾക്കുംവേണ്ടി അത്യുത്സാഹപൂർവം പ്രയത്നിക്കേണ്ടതു ഭാരതീയധർമ്മമാകുന്നു. മാനസികമായ പ്രസന്നതയോ ആധ്യാത്മികമായ ആനന്ദമോ സുലഭമാകുന്നതിനു് പശ്ചാദ്ഗമനപരമായ അവമുഖത്വം തീരെ ആശാസ്യമല്ലതന്നെ. പഴയ പല്ലവികൾ കൈവെടിഞ്ഞു സുഖാന്വേഷണവും, സജ്ജീകരണവും ദേശീയമായ പുരോഗമനത്തിനു് അത്യന്താപേക്ഷിതമാണെന്നു തെളിയിക്കേണ്ടിയിരിക്കുന്നു. മത്സ്യന്യായേനയുള്ള മത്സരബുദ്ധിയും, അന്യാക്രമണവും ക്രൂരതാതെ ന്യായമായവിധം വിദേശീയനയത്തിൽ നാം പ്രദർശിപ്പിക്കുന്ന കർമ്മകുശലത ജീവിതപരിഷ്കരണത്തിലും ഇതരരാഷ്ട്രങ്ങൾക്കും മാതൃകയാകത്തക്ക കായ്ക്ഷമത ഭാരതത്തിനു പ്രകടമാക്കുവാൻ സാധ്യമാകട്ടെ.

ഗ്രാമീണജീവിതം ഭാരതത്തിന്റെ വിശേഷസമ്പത്തായി പറയാറുണ്ടല്ലോ. എല്ലാ മഹാശക്തികൾക്കും ഗ്രാമസാമ്രാജ്യംതന്നെയാണു് പിൻബലം. ചോദിച്ചേക്കാം, ബ്രിട്ടീഷുസാമ്രാജ്യം എങ്ങനെയെന്നു്?— ഒന്നാമതായി ബ്രിട്ടീഷുദ്വീപു ഗ്രാമങ്ങൾക്കു പ്രാധാന്യം നൽകുന്നതിനു പുറമേ ആഴ്ചകളുടെ അവസാനത്തിലുള്ള അനധ്യായദിവസങ്ങളിൽ വാരാവസാനസുഖങ്ങൾക്കായി ആണും പെണ്ണും വ്യത്യാസമില്ലാതെ പട്ടണങ്ങളിലെ വലിയ ഉദ്യോഗസ്ഥരും ചെറിയ ജോലിക്കാരും ഒരുപോലെ ഗ്രാമങ്ങളിലേക്കു തിരിച്ചു ഉല്ലാസമായി കഴിയാറുണ്ടു്. ശമ്പളത്തിന്റേയും ആദായത്തിന്റേയും ഒരംശം ഗ്രാമങ്ങൾക്കു സുലഭമാകയും നഗരത്തിന്റെ ഒരു സൽസമ്പർക്കം ഇപ്രകാരം ലഭ്യമാകയും ചെയ്യുന്നു. ഇതിനുംപുറമേ ബ്രിട്ടീഷ്സാമ്രാജ്യത്തിന്റെ മൂർദ്ധന്യകാലത്തു് അതിന്റെ സമ്പൽസമൃദ്ധിയ്ക്കു നിദാനമായ ഗ്രാമങ്ങളുടെ ഒരു മഹാസമൂഹംതന്നെയായിരുന്നു ദൂരവിക്ഷിപ്തങ്ങളായ പുത്രികാരാജ്യങ്ങൾ—ക്യാനഡാ, ആസ്ത്രേലിയാ, ന്യൂസിലാണ്ടു് ഇവ. ഇവയുടെ സാദ്ധ്യപരിമിതി ഉദിച്ചുകഴിഞ്ഞു. ഇക്കൂട്ടത്തിൽ ഇന്ത്യയുടെ സ്ഥാനം പിന്നോക്കമാകരുതെന്നു കരുതി ഗ്രാമീണരുടെ "ജീവിതമാനം" വളരെ വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

അനുക്ഷണം ജനിച്ചുമരിക്കുന്ന നീർപ്പോളകളെപ്പറ്റി ചിന്തിക്കുവാൻ സമുദ്രത്തിനു സമയമില്ല!

* * *

വീരപൂജ



സുഭാഷ് ചന്ദ്രൻ

"ആയുഷ്സംസ്കാരസമ്പന്നമാം കൈലാസ-
ശീർഷമുയർത്തിയ ഭാരതഭൂവിനെ
തൻകീഴിലെന്നുമമർത്തിവയ്ക്കാനൊരു-
ചീങ്കണ്ണിപോലാം തുരുത്തുദ്യമിക്കയോ ?"

ഇവ്വിധം ചിന്തിച്ചുചിന്തിച്ചു സ്വപ്നവും,
ജീവിതംതന്നെയും, വിസ്മരിച്ചൂ ഭവാൻ
സ്വീയമാം രക്തം തിളച്ചുമറിഞ്ഞങ്ങു-
പായുകയായീ ഭവാന്റെ സിരകളിൽ!

വിശ്വമിന്നോളവും ദർശിച്ചിടാത്തുള്ള
വിദ്യുൽപ്രപാതം! —തടുക്കുവാനില്ലൊരാൾ

അങ്ങുജീവിച്ചിരിപ്പുണ്ടെന്നുമില്ലെന്നു-
മെങ്ങുംനടക്കുന്ന വാഴ്കോലാഹലം
അർത്ഥമില്ലാത്തതാണ —ങ്ങേയ്ക്കുസാദ്ധ്യമോ
മൃത്യുവിൻ കീഴ്പ്പെട്ടൊതുങ്ങിക്കഴിയുവാൻ ?

* * *

ഞങ്ങടെങ്കു നേതൃത്വമേകുവാനങ്ങുന്നു,
ഞങ്ങടെന്തൽ മുന്നിലുണ്ടിന്നും സജീവനായ്!

ശ്രീനിവാസൻ.

നിത്യസൗന്ദര്യം .....? ഓമനക്കുഞ്ഞുങ്ങൾ മിന്നാമിനുങ്ങുകൾ ഇരുൾമുറ്റത്തിറങ്ങി ഓടിക്കളിക്കുന്ന കോലാഹലം കാണ്മാൻ വിൺമേടയുടെ പൂമുഖത്തെത്തി വിശ്രമിക്കുന്ന നക്ഷത്രതരുണികളിൽ!

* * *

പൂർണ്ണചന്ദ്രൻ

കോന്നിയൂർ

ആമല വെൺപാലൊളിക്കേളിമാമഞ്ചം
അമരമണ്ഡലമണ്ഡപമണ്ഡനം
അഴലകറ്റി സ്ഫുരിക്കുന്ന പൂർണ്ണനാ-
യകിലൻപാളമമ്പിളിത്തമ്പുരാൻ. ക

ഉയരമൂറുമാപ്പുമ്പുലഞ്ഞൂതിട്ടും;
ഉതിരും ഉന്നിദ്രം ആത്മമുദ്രാശതം;
ഉടലഴിഞ്ഞുലഞ്ഞാട്ടമാട്ടം വെടി-
ഞ്ഞുയിരുണർന്നുള്ളം ഊർദ്ധ്വമാധീരസം ന

ഉരു മഹത്തത്വഭേദരാസിക്യങ്ങളം
ഉചിതമൊന്നിച്ചു കുന്നിച്ചുയർന്നപോൽ
ഉദധി പെറ്റ പൈന്തിങ്കളേ, നിൻറെ, വാ-
രുദയമൂഴിക്കുണ്ടിതോദ്ഗ്രം. ഖ

കമനി, ചിത്രാ കലാവതി കണ്ണിട്ടും
കനകപൂർണ്ണിമ, നിൻപിറപ്പുണ്യനാളം;
കരളിൽ ഞങ്ങടം നിൻകാലൊളിക്കാമ്പുകളം
കരുതിയാളുന്നിതാര്യസപര്യകളം. ഒ

സുമഹിതബ്രാഹ്മബോധപ്രദീപ്തിയും
സുദ്ധമായുസ്സും ആശ്രിതക്കേകയാൽ
സുമധുരദിജരാജജൈവാതൃക-
സുഭഗനാമങ്ങളം പൂണ്ട പുരൈവ നീ. ങ

അപഹതധ്വാന്തൻ, ആത്മയോഗാത്മക-
സുപഥസ്ഥിരസ്തുയമാനോദയൻ;
ജപതപോധ്യാനപൂജാഫലോൽഗതി-
രൂപചിതസ്ഥൂലലോലരൂപം ഭവാൻ. ച

പ്രണവബീജം മുളപ്പിക്കും, ഉച്ഛ്രിത-
പ്രണതമാനവാനാഹതവേദിയിൽ;
പ്രമുഖമാമിധാനാഡിയിൽ, നീ, നട-
പ്രകടഭാവപ്രസന്നനാവു സ്വയം. ഛ

ഭരതഭൂമിക്കു മുഖ്യസംവത്സര
പ്പിറവി ചേപ്പീപ്പുണ്ണുമാസീദിനം;
അരിയ രാശീകളം മേടം മുതൽക്കെണ്ണി-
യറിവതുണ്ടിന്നുമിദ്ദ്വാസികളം ജ

ഇളകുമഴി, നിന്നാലോകനത്തിങ്ക-
ലിളകുളിത്തിട്ടും കുംഭി ക്രുത്താടിട്ടും;
വിളവിരട്ടിക്കും, ആധാരവെള്ളാമ്പൽ-
വളയമാപ്പിട്ട മേല്പെട്ട നുന്നിട്ടും. ഝ

മനുജരീ ഞങ്ങളം ഇന്ദോ, ഭവദ്ഭക്ത-
ജനനസമ്പന്നർ നിൻസപര്യാപരർ;
അനിശമാവിധിക്കിന്നുക്കളം ഞങ്ങൾക്കു
വിനകളം പോക്കുവാനർഹനാവു ഭവാൻ.



സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള

കേരളത്തിന്റെ അഭിമാനപാത്രമായ കെ. രാമകൃഷ്ണപിള്ളയുടെ—ആ വിമർശകകേസരിയുടെ—പാവനസ്മരണയെ മുൻനിർത്തി, സത്യപ്രതിജ്ഞയോടെ, ഞങ്ങൾ ഗ്രന്ഥവീഥി തുറക്കുന്നു. വിമർശനമർഹിക്കുന്ന ഗ്രന്ഥങ്ങൾ നിഷ്പക്ഷമായും നിശിതമായും വിമർശിക്കപ്പെടും. ഗുണദോഷങ്ങളെ ചൂണ്ടിക്കാട്ടുന്ന വിഷയത്തിൽ ഞങ്ങൾ വ്യക്തികളെ വിസ്മരിക്കും. വിമർശനത്തെ സംബന്ധിക്കുന്ന ചർച്ചകൾക്ക് പിന്നീട് സ്ഥലമനുവദിക്കുന്നതല്ല. വിമർശനം എപ്പോഴും ഒരു വ്യക്തിയുടേതായിരിക്കുകയില്ല. കേരളത്തിലെ സുപ്രസിദ്ധരായ പതിനൊന്നു പണ്ഡിതന്മാർ അടങ്ങിയ ഒരു സമിതി അതിന്റെ ചുമതല വഹിക്കുന്നു. ഒരു ഗ്രന്ഥത്തിന്റെ വിമർശം, ആ വിഷയത്തിൽ പ്രത്യേക വൈദഗ്ധ്യമുള്ള സമിതിയിലെ ഒരംഗത്തിന്റേതായിരിക്കും. — പത്രാധിപർ.

ഗ്രന്ഥവീഥി

നീണ്ട നിഴൽ

ഗ്രന്ഥകർത്രി, കോന്നിയൂർ കെ. മീനാക്ഷിയമ്മ, എം. എ.,
യൂണിവേഴ്സിറ്റികോളേജ്, തിരുവനന്തപുരം.

പ്രസാധിക, എം. കുമാരിലീല വില രൂപാ ൨.

ലീല എന്നപേരു് സ്വീകരിച്ച ജാനു അനാഥയായ ജാനകി എന്ന അനാഥബാലിക ഒരു ധർമ്മാലയത്തിൽ താമസിച്ചു പഠിച്ചു വരവെ, ധർമ്മാലയഭരണസമിതിയിലെ അം

ഗവും, ധനികനുമായ ഒരാൾ അവളെ കാളേജ്‌വിദ്യാഭ്യാസത്തിനയയ്ക്കുന്നു. ഈ ആളെ അവൾ കാണുന്നില്ല. ദീർഘകായനായ അയാളുടെ സുദീർഘമായ ഒരു നിഴൽ മാത്രമേ അവൾക്കു കാണാൻ സാധിക്കുന്നുള്ളൂ. പക്ഷേ, വിദ്യാഭ്യാസത്തിന്റെ ചെലവിനുംമറ്റുമായി താൻ അയച്ചുകൊടുക്കുന്ന പണത്തിനു് പ്രതിഫലമെന്നോണം അവൾ മിക്കപ്പോഴും എഴുത്തയയ്ക്കണമെന്നു അയാൾക്കു് നിർബന്ധമുണ്ടു്. യാതൊരു മറുപടിയും അയാളിൽനിന്നു് അവൾക്കു് ആശിക്കാനവകാശമില്ല. ഇങ്ങനെ കാളേജ്‌വിദ്യാഭ്യാസത്തിനിടയിൽ ലീല അയയ്ക്കുന്ന കത്തുകൾമാത്രംകൊണ്ടാണു് "നീണ്ട നിഴലി"ലെ കഥാഘടനം സാധിച്ചിരിക്കുന്നതു്.

ഇംഗ്ലീഷിൽ അല്പം ചില കഥാപാത്രങ്ങൾ ഓരോ സന്ദർഭത്തിൽ അവരവരുടെ അനുഭവാഭികൾ വർണ്ണിച്ചുതീരുമ്പോൾ കഥയും തീരുന്ന രീതിയുണ്ടു്. വെറും കമ്പി സന്ദേശങ്ങൾകൊണ്ടുമാത്രം കഥ മുഴുമിക്കുന്ന രീതിയും ഉണ്ടു്. കോള്ളിൻസു് തുടങ്ങിയ ചില സാഹിത്യകാരന്മാർ കത്തുകൾകൊണ്ടുതന്നെ കഥ പറയുന്നരീതിയാണു് സ്വീകരിച്ചിരിക്കുന്നതു്. "നീണ്ടനിഴൽ" എഴുതിയ ശ്രീ: കോന്നിയൂർ മീനാക്ഷിയമ്മ മുഖവുരയിൽ ഇപ്രകാരം പ്രസ്താവിക്കുന്നു: — "ഈ കൃതി എന്റെ ഭാവനയിൽനിന്നുമാത്രം രൂപമെടുത്തതാണെന്നു പറയുന്നതു് ശരിയായിരിക്കയില്ല.....ഈ പുസ്തകത്തിന്റെ ആവിർഭാവത്തിനു് ബാഹ്യപ്രേരണയും, മാതൃകയും ഉണ്ടായിരുന്നെങ്കിലും, ഇതിലെ പ്രതിപാദ്യം ഭൂരിഭാഗവും എന്റെ സ്മരണയിൽ ലയിച്ചുകിടന്ന അനുഭവങ്ങളും സംഭവങ്ങളുമാണെന്നു പറയുന്നതിൽ തെറ്റില്ല."

ഒരനാഥയായ പെൺകുട്ടിയ്ക്കു് അഭികാമ്യംതന്നെയെന്നിരുന്നാൽപോലും ഉത്സുകമായ കാളേജ്‌വിദ്യാഭ്യാസത്തിനിടകിട്ടിയതിനുശേഷം അവൾ തന്റെ മഹോപകത്താവിനെഴുതുന്ന കത്തുകൾ കത്തെഴുതാൻ നല്ല തഴക്കംവന്ന ഒരുവളുടേതുപോലെ നന്നായിട്ടുണ്ടു്. കടലിലെ തിരമാലകൾ പോലെ ഈ ഗ്രന്ഥത്തിൽ അവ സ്വാഭാവികമാണു്. മറ്റൊരുതരത്തിൽപറഞ്ഞാൽ, ഗ്രന്ഥത്തിനു് ഒരു വെറും നോവലെന്ന പ്രതീതിയേക്കാൾ കൂടുതലായി, കത്തുകളുടെ അനുക്രമമായ ഒരു സമാഹാരമെന്ന പ്രതീതിയാണു് ജനിപ്പിക്കാൻ സാധിച്ചിട്ടുള്ളതു്. അവയിലെ ഭാഷയും, ആശയങ്ങളും കത്തുകൾക്കു് ഏറ്റവും യോജിച്ചവതന്നെ. ഭാവപ്രകാശനം അതിലേറെ യോജിച്ചതാണെന്നു പറയണം. മേൽവിലാസക്കാരനെ കാണാതെയും, അറിയാതെയും ലേഖനകർത്രിയായ കഥാനായിക അയാളുമായി നമ്മസംഭാഷണത്തിലേപ്പെടുന്നതു്, അല്പം വൈഷമ്യകരമെങ്കിലും, ഈ ഗ്രന്ഥത്തിൽ അതു ഹൃദ്യമായിത്തന്നെ സാധിച്ചിട്ടുണ്ടെന്നുള്ളതിൽ തർക്കമില്ല.

സാരി, ജമ്പർ, ബ്ലൗസ് തുടങ്ങിയ അചേതനവസ്തുക്കൾപോലും സചേതനങ്ങളായിത്തീരുന്ന ഈ ഗ്രന്ഥത്തിൽ, പ്രഭ, കുമുദം, ഇന്ദിര തുടങ്ങിയ സതീർത്ഥ്യകളും ഗംഗാധരക്കൈമൾ, വിശ്വനാഥമേനവൻ തുടങ്ങിയ പരിചിതരും, ധർമ്മാലയമാതാവായ ഭാഗീരഥിഅമ്മയും ജീവദ്‌വ്യക്തികളെപ്പോലെ പ്രത്യക്ഷീഭവിക്കുന്നതു് സ്വാഭാവികമാകുന്നു. ഈ കഥാപാത്രങ്ങളുമായി നേരിട്ടു പരിചയപ്പെടാൻ വായനക്കാൾക്കു വഴിയൊന്നുമില്ല. ലീലയുടെ കത്തുകളിൽനിന്നുമാത്രമാണു് നാം അവരുടെ നോട്ടം, ഭാവം, നിറം, തരം, സംഭാഷണം മുതലായവ മനസ്സിലാക്കേണ്ടതു്. ആ ഭാഗീരഥിഅമ്മയെ അഞ്ചു പത്തു മിനിട്ടനേരത്തേക്കു നാം കാണുന്നുണ്ടു്. പക്ഷേ അതിനിടയിൽ അവർ മാത്രമല്ല, അവരുടെ ധർമ്മാലയംക്രൂടി പ്രത്യേക വ്യക്തിത്വം കൈക്കൊള്ളുകയാണു ചെയ്യുന്നതു്. പാത്ര

ങ്ങളെ നേരിട്ട് അവതരിപ്പിക്കാതെ അവരുടെ സാന്നിദ്ധ്യം അനുഭവസാദ്ധ്യമാക്കിത്തീർക്കുന്നരീതിയും, അതിന്റെ ഓജസ്സും "നീണ്ട നിഴലി"ൽ സർവ്വത്ര കാണാവുന്നതാണു്. ഇതൊരു വെറും നിസ്സാരകാര്യമല്ല.

എന്നാൽ വിശ്വനാഥമേനവൻ അതുമാത്രമല്ല; രണ്ടാണു്. കഥയുടെ സ്വഭാവത്താൽതന്നെ അങ്ങനെയാകാനേതരമുള്ളൂ. ലീലയുടെ ഉപകർത്താവും, ധനാഢ്യനായ മേൽവിലാസക്കാരനും ഈ വിശ്വനാഥമേനവൻതന്നെയാണെന്നു് അവളറിയുന്നതു് കഥയുടെ ഒടുവിലാണു്. അതുവരെ അവർ വിശ്വനാഥമേനവനെ തന്റെ കമിതാവെന്നേ മനസ്സിലാക്കുന്നുള്ളൂ. ആ നിലയിൽ അയാൾ നേരമ്പോക്കുകാരനും, സുന്ദരനും, പണ്ഡിതനും, ശ്രുഭസ്വഭാവനുമൊക്കെമാത്രം. ഇങ്ങനെയാണു അയാളെപ്പറ്റി അവർ തന്റെ ഉപകർത്താവിനയയ്ക്കുന്ന കത്തുകളിൽനിന്നു് നാം മനസ്സിലാക്കുന്നതു്. ഇടയ്ക്കിടയ്ക്കു് ആ ഉപകർത്താവു് ആരറിയിക്കാതെ ഒരു വിശ്വനാഥമേനവൻ എന്നമട്ടിൽ ലീലയെ കാണുന്നതിനെപ്പറ്റി കത്തുകളിൽ പറയുന്നു. പക്ഷേ, ഈ കത്തുകർത്താവു് വിശ്വനാഥമേനവന്റെ കയ്യിൽതന്നെയാണു് ചെന്നുചേരുന്നതെന്നു് ലീല അറിയുന്നില്ല. ഉപകർത്താവിന്റെ നീണ്ടനിഴൽ ഒരിക്കൽ കണ്ടിട്ടു്; പിന്നീടു് അതുപോലൊരു നിഴലിനു് അവകാശിയായിത്തീരാവുന്ന മറ്റൊരാൾ വിശ്വനാഥമേനവൻതന്നെയാണെന്നു് അവർക്കുതോന്നുന്നുണ്ടു്. ആകപ്പാടെ മേനവൻ ഒരു നല്ല കമിതാവാകാൻ യോഗ്യൻതന്നെ. എന്നാൽ അതേ മേനവൻ ഒരൊറ്റ മുഹൂർത്തമെങ്കിലും അജ്ഞാതനായ ഉപകർത്താവെന്ന നിലയിൽ ലീലയ്ക്കു് അയയ്ക്കുന്നില്ല. ഒരു മുഹൂർത്തമെങ്കിലും അവർ യാചിക്കുന്നു; കേഴുന്നു; എന്നിട്ടും "അങ്ങുള്ളിലേതും പ്രസാദമില്ല." തന്റെ ഉപകർത്താവിന്റെ രൂപം എങ്ങനെയിരിക്കും; അദ്ദേഹം സുന്ദരനാണോ; കഷണ്ടിക്കാരനാണോ; ഇതൊക്കെ അറിയാൻ അവർക്കു് ഒട്ടുങ്ങാത്ത ഉൽക്കണ്ഠ ഉണ്ടു്. പക്ഷേ ഫലം പിന്നെയും മേല്പടിതന്നെ—"അങ്ങുള്ളിലേതും പ്രസാദമില്ല." കഥ കുറെ വായിക്കുമ്പോഴേയ്ക്കു് രണ്ടാളും ഒന്നുതന്നെയാണെന്നു് വായനക്കാർക്കു് തോന്നിത്തുടങ്ങും. എന്നിട്ടും നേരമ്പോക്കുകാരനും, ലീലയിൽ അനുരക്തനുമായ വിശ്വനാഥമേനവൻ ഒന്നു്, എന്നു കെഞ്ചിക്കേണിട്ടും ഒരു മുഹൂർത്തംപോലും അയയ്ക്കാത്ത കർക്കശനായ ഉപകർത്താവു് മറ്റൊരാൾ, എന്നിങ്ങനെയൊരു തോന്നലാണു് ശേഷിക്കുക. ലീല ആവശ്യപ്പെടുന്ന പണം, ആഭരണങ്ങൾ, വസ്ത്രങ്ങൾ എന്നിവയെല്ലാം അയാൾ അയച്ചുകൊടുക്കും. പക്ഷേ മുഹൂർത്തി പ്രതീക്ഷിക്കാൻ അവർക്കവകാശമില്ല. ആ നേരത്തെ ധർമ്മാലയമാതാവുമുഖേന അവളെ അയാൾ ധരിപ്പിച്ചിട്ടുള്ളതാണു്. ഇങ്ങനെയൊരു ശപഥമുണ്ടായിരുന്നാൽപോലും അവളുടെ കത്തുകണ്ടാൽ ശപഥലംഘനം ഒന്നൊരണ്ടുതവണയെങ്കിലും നടത്തിക്കളയാമെന്നു് ഏതു നിർദ്ദാക്ഷിണ്യനും തോന്നിപ്പോകും. പക്ഷേ നമ്മുടെ ഇവിടത്തെ കഥാപാത്രത്തിനു് അങ്ങനെയൊരു ദാക്ഷിണ്യമുണ്ടാകുന്നതേയില്ല. (കാരണം, അയാൾ ആരറിയിക്കാതെ വിശ്വനാഥമേനവനായി അവളെ കാണുകയും സംസാരിക്കയും ചെയ്യാറുണ്ടെന്നുള്ളതായിരിക്കാം. എങ്കിലും വ്യഭിചാരകാര്യത്തിനു കുറവൊന്നുമില്ല) ഇങ്ങനെ ഒരേസമയംതന്നെ രണ്ടു് ആളായിത്തീരുന്നവർ സാഹിത്യത്തിലും, ജീവിതത്തിലും അത്ര ചുരുക്കമല്ല. എങ്കിലും രണ്ടു് വ്യക്തിത്വം ഒരാളിൽ ആരോപിക്കയും, അതു സ്വാഭാവികമെന്ന നിലയിൽതന്നെ പുലർത്തിക്കൊണ്ടുപോകയും ചെയ്യുന്നതു് ഒരു കഴിവുതന്നെയാണു്. ആർക്കുമാറാട്ടം പലപ്പോഴും സാഹിത്യത്തിൽ അസ്വാഭാവികമായിത്തീരുന്നുണ്ടെന്നുള്ളതു്. ഇവിടെ സ്മരണീയമായിരി

ക്കും. വാസ്തവത്തിൽ സ്വാഭാവികമായിരുന്നാൽപോലും അസ്വാഭാവികതാശങ്ക ജനിപ്പിക്കുന്നവയും, കേവലം അസ്വാഭാവികങ്ങളുമായി സാഹിത്യത്തിൽ ആശ്ചര്യമാറാട്ടങ്ങൾ രണ്ടു തരത്തിൽ കാണപ്പെടുന്നു. എന്നാൽ, "നീണ്ടനിഴലി"ലെ ആശ്ചര്യമാറാട്ടത്തിൽ സ്വാഭാവികതയെ ഭഞ്ജിക്കുന്നയാതൊന്നുമില്ലെന്നു് പറയാൻ കഴിയും. ഇതൊരു വിജയംതന്നെ.

ഇനി എന്താണീ കഥയിൽനിന്നു നമുക്കു പ്രത്യേകിച്ചു മനസ്സിലാക്കാനുള്ള ഒരു ധർമ്മാലയത്തിനുവേണ്ടിമാത്രമല്ല, പലരാഷ്ട്രീയപ്രസ്ഥാനങ്ങൾക്കും, മറ്റു പലനല്ലകാര്യങ്ങൾക്കും ധാരാളംപണംചെലവാക്കുന്ന പ്രതിഫലേച്ഛയില്ലാത്ത ഒരാളാണു വിശ്വനാഥമേനവൻ. അയാൾ ലീലയെ പഠിപ്പിക്കുന്നതുമാത്രം ഫലേച്ഛകൂടാതെയല്ല. ചിട്ടയും, മുറയും തെറ്റാത്ത ഒരു ബുദ്ധിപ്രധാനനാണു് ആ അജ്ഞാതമനുഷ്യൻ. ബുദ്ധിയുടെ പ്രേരണയ്ക്കു വഴിപ്പെട്ട ഹൃദയത്തോടുകൂടി അയാൾ അനാഥയായ ഒരു കൊച്ചുമിടുക്കിയെ തേടിപ്പിടിച്ചു നന്നാക്കിയെടുക്കുന്നതിലും ഒരു മാതൃക അടങ്ങിയിട്ടുണ്ടു്. പണമുള്ളവരും ഇല്ലാത്തവരും ഒന്നുപോലെ പണക്കാരികളെ കൊതിക്കുന്ന ഇക്കാലത്തു് ഈശ്വരനെപ്പോലെ മറഞ്ഞുനിന്നു എല്ലാം ഭരിക്കുന്ന വിശ്വനാഥമേനവൻ എത്രയെത്ര ഒരു അസാധാരണൻതന്നെ. ലീലയെ ചലിപ്പിക്കുന്നതു മുഴുവൻ മേനവനാണു്. ചില വിഡ്ഢികളെപ്പോലെ സാഹിത്യത്തിൽ നേരിട്ടു് ഉപദേശിക്കാൻ ഗ്രന്ഥകർത്രി ഒരുമ്പെട്ടുന്നില്ലെങ്കിലും പാവങ്ങളിൽ കരുണയും, അനുകമ്പയും ഉളവാകുന്നതാണു് മനുഷ്യത്വമെന്നു് പരോക്ഷമെങ്കിലും ലീലയേക്കാൾ പ്രത്യക്ഷനായ വിശ്വനാഥമേനവനിലൂടെ അവർ ശക്തിപൂർവ്വം വെളിപ്പെടുത്തുകയും ചെയ്യുന്നു. പുരോഗമനസാഹിത്യത്തിന്റെ ലക്ഷ്യം സാമാന്യജനങ്ങളുടെ ഉദ്ധാരണത്തിനുള്ള പ്രേരണയാണെങ്കിൽ ഇതൊരു പുരോഗമനകൃതിതന്നെ. അതല്ല, സാഹിത്യരൂപത്തിൽ കരയുന്ന കഴുതക്കാമവും, തൊലിചുളുക്കുന്ന പച്ചത്തെറിയുമാണെങ്കിൽ ആധുനിക സംസ്കാരശുദ്ധിയില്ലായ്മയൊന്നും ഇതിലില്ല.

ഏതായാലും മലയാളത്തിൽ ശ്രീ: മീനാക്ഷിഅമ്മയുടെ ആഖ്യാനരീതി പുതിയതാണു്. "നീണ്ട നിഴലി"ലെ വിശ്വനാഥമേനോൻ ഒരു മാതൃകയാണെങ്കിൽ കഥയും മാതൃകതന്നെ. രണ്ടും അനുകരിക്കാൻ എളുപ്പമുണ്ടാകുമെന്നു കണ്ടുതന്നെയറിയണം. പക്ഷേ ഒന്നു തീച്ച്. കഥാനായകനെ അനുകരിക്കാൻ ആളുണ്ടായില്ലെങ്കിൽപോലും കഥയെ അനുകരിക്കാൻ ചിലർ പുറപ്പെട്ടുകൂടെന്നില്ല.

D. P.

അഭിപ്രായത്തിനായി അയച്ചുതന്നിട്ടുള്ള താഴെപ്പറയുന്ന പുസ്തകങ്ങൾ കൈപ്പറ്റി നന്ദിപറഞ്ഞുകൊള്ളുന്നു. അഭിപ്രായങ്ങൾ പുറകെ.

ആൽമണ്ഡപം അഥവാ മോഹിനീഭാസ്കരൻ, ആധുനിക കണ്ടുപിടിത്തങ്ങൾ, വിശ്വസാഹിത്യസദനം, വാഭാ വിദ്യാഭ്യാസപദ്ധതി, പ്രാചീനലോകത്തിലെ അതിശയങ്ങൾ, ഈസോപ്പിന്റെ കഥകൾ, ഹിതോപദേശം (ഫ്രഞ്ചു് നാടകസംഗ്രഹം), ബാലാരാമം, മാതൃഭൂമി കീ ജേ, നവയുഗപ്രവാചകൻ, രംഗസുഷമ (ശ്യേനാടകം), തരംഗലീല, അഹല്യ, ഭാരതഹൃദയം, ഇ. വി. സ്മരണകൾ, ടാഗോർ കഥകൾ, ടിപ്പുസുൽത്താൻ, തിരമാലകൾ, കാമുകി, ബലാബലം, ഗ്രാമീണഗീത, നിഴലുകൾ, അംഗദൻ.

ടാഗോർ

കൊല്ലം

മാസികയ്ക്കുള്ള ലേഖനങ്ങൾ, നിരൂപണാത്തിനുള്ള പുസ്തകങ്ങൾ (രണ്ടുപ്രതി വീതം) മാറ്റപ്പെടുങ്ങൾ, മാസികകൾ, അവയെ സംബന്ധിച്ച എഴുത്തുകൾ മുതലായവ ചീഫ് എഡിറ്റർ, 'ടാഗോർ', കൊല്ലം എന്ന മേൽവിലാസത്തിലും, വരിസംഖ്യകൾ, മറ്റു മണിയാർഡറുകൾ, ഏജൻസി സംബന്ധിച്ച കത്തിടപാടുകൾ എന്നിവ മാനേജിംഗ് എഡിറ്റർ, 'ടാഗോർ', കൊല്ലം എന്ന വിലാസത്തിലും അയയ്ക്കേണ്ടതാണ്.

വാർഷിക വരിസംഖ്യ (എപ്പോഴും മുൻകൂർ)

ആഞ്ചലിൽ രൂ: ൪. പോസ്റ്റിൽ രൂ: ൩. ഇന്ത്യയ്ക്കുപുറമേ രൂ: ൫.

ഒരുപ്രാവശ്യത്തെ പരസ്യനിരക്ക്

കവർപേജ് —

പുറകുവശം രൂ: ൧൫൦

അകവശങ്ങൾ രൂ: ൧൦൦

അകത്തേയ്ക്ക് —

മുഴുപ്പേജ് രൂ: ൬൦

അര പേജ് രൂ: ൩൫

കാൽ പേജ് രൂ: ൨൦

അരയ്ക്കാൽ പേജ് രൂ: ൧൨

കൂടുതൽകാലത്തേയ്ക്കുള്ള പരസ്യനിരക്കിനും മറ്റു വിവരങ്ങൾക്കും മാനേജിംഗ് എഡിറ്ററുടെ പേക്ക് എഴുതുക: —

മാനേജർ,

ടാഗോർ—കൊല്ലം.

Reg. No. T-203.

License No. 433. **TAGORE** Dated 3.3.1944.



വിദ്യാർത്ഥികൾക്കും കുഞ്ഞുങ്ങൾക്കും വേണ്ടി പ്രത്യേകം നടത്തുന്ന ഒരു ഉത്തമമാസിക

എഡിറ്റർ:— ശ്രീ. മാത്യു എം. കുഴവേലി

വരിസംഖ്യ വാർഷികം മുൻക്രർ രൂ. 6 ഒറ്റപ്രതി എട്ടണ

എല്ലാ സ്ഥലങ്ങളിലും ഏജൻറന്മാരെ ആവശ്യമുണ്ട്.

വിവരങ്ങൾക്കെഴുതുക:— മാനേജർ,

ബാലൻ,

കേരളാപ്രസ്സ്, തിരുവനന്തപുരം

Mammoth Postage Stamp Album.

FOR DISPOSAL.

Ancient, various special, and comparatively modern issues of Postage stamps of nearly all the various countries in the world.

Well cleansed and neatly preserved loose stamps in huge quantities!

Could be disposed of in parts or lot.

For detailed list and all full particulars.

Please apply to:— X C/o. The Manager,

'Tagore', Quilon.

Printed and published by T. K. Narayana Kurup at the Sree Rama Vilas Press, Quilon.